VEDAPRACHARA
MADHYASTHAN

വാല്യം 98
ലക്കം 04
2025 ഒക്ടോബർ

# വേദപ്രചാര മദ്ധ്യസ്ഥൻ

Malayalam Monthly
Price ₹ 25/- Annual Subscription ₹ 300/-



## THE OFFICIAL ORGAN OF THE ARCHEPARCHY OF CHANGANACHERRY

2025 ഒക്ടോബർ

# 56–ാം ചരമവാർഷികം

(9 ഒക്ടോബർ)



# ദൈവദാസൻ
# മാർ മാത്യു കാവുകാട്ട്



‘നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നതു
നിങ്ങൾ ചെയ്യുവിൻ’
(ഉൽപത്തി 41:55)

# വേദപ്രചാര മദ്ധ്യസ്ഥൻ

ചങ്ങനാശ്ശേരി അതിരൂപത
സ്ഥാപിതം: 20 മെയ് 1887

വാല്യം 98 ● ലക്കം 04 ● ഒക്ടോബർ 2025

**വേദപ്രചാര**

# മദ്ധ്യസ്ഥൻ

**ചങ്ങനാശ്ശേരി അതിരൂപതാ മുഖപത്രം**

# ഉള്ളടക്കം


മാർപാപ്പായുടെ സന്ദേശം: ആഗോളപ്രേഷിതദിനം.......................... 05

സർക്കുലർ: മേജർ ആർച്ചുബിഷപ്
(സമുദായശക്തീകരണവർഷം 2026) ........................13

സിനഡനന്തര സർക്കുലർ: മേജർ ആർച്ചുബിഷപ്...................... 18

സർക്കുലർ: (25 Ch. TCL 11)ദൈവദാസന്മാരായ മാർ മാത്യു
കാവുകാട്ടും പുത്തൻപറമ്പിൽ തൊമ്മച്ചനും..........25

സർക്കുലർ: (25 Ch. TCL 12) ലഹരിവ്യാപനത്തിനെതിരെ അണിനിരക്കാം...27

കെ.സി.ബി.സി. സർക്കുലർ ......................................................... 30

കച്ചേരിക്കാര്യം........................................................................ 33

അനുസ്മരണം: ഫാ. തോമസ് വയലിൽ....................................34

റിപ്പോർട്ട്: പ്രസ്ബിറ്ററൽ കൗൺസിൽ........................................38

പബ്ലിക് റിലേഷൻസ് - ജാഗ്രതാസമിതി.......................................42

സന്ദേശനിലയം.........................................................................43

ചെറുപുഷ്പ മിഷൻ ലീഗ് ......................................................48

ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ..................... 51

ഫാമിലി അപ്പോസ്തലേറ്റ്.......................................................56

യുവദീപ്തി - എസ്.എം.വൈ.എം. ...........................................59

സീയോൻ ധ്യാനകേന്ദ്രം ...........................................................60

ചാസ്സ്........................................................................... 61

ചാസ്സ് - ഖാദി ........................................................................ 66

ജീവകാരുണ്യനിധി ട്രസ്റ്റ്.........................................................67

ആതുരശുശ്രൂഷാമേഖല.......................................................... 68

പ്രവാസി അപ്പോസ്തലേറ്റ് .......................................................72

കത്തോലിക്കാ കോൺഗ്രസ്.................................................... 73

കേരള ലേബർ മൂവുമെന്റ് .....................................................74

ദളിത് കത്തോലിക്കാ മഹാജനസഭ...........................................75

സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ .......................................76

വിൻസെൻഷ്യൻ വേദി............................................................77

കരിസ്മാറ്റിക് നവീകരണം......................................................79

അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി........................................... 81

അഭിവന്ദ്യ പിതാക്കന്മാരുടെ എൻഗേജുമെന്റ്സ് ..........................87



Archbishop House, P.B. No. 20, Changanacherry P.O., Kottayam 686101
0481 2420040, 2420379, 2420614
9037440040
www.archdiocesechanganacherry.org
chancellorchry@gmail.com

**ANNUAL SUBSCRIPTION: ₹ 300/-**

No.: 4135/K-5/KCBC/OL/DS 10.09.2025

# 2025ലെ ആഗോളപ്രേഷിതദിനത്തോടനുബന്ധിച്ച് (ഒക്ടോബർ 19) ഫ്രാൻസിസ് മാർപാപ്പ നൽകിയിരുന്ന സന്ദേശം

*''സകല ജനങ്ങൾക്കുമിടയിൽ പ്രത്യാശയുടെ പ്രേഷിതർ''*

പ്രിയ സഹോദരീസഹോദരന്മാരേ,

ജൂബിലി വർഷമായ 2025ലെ ആഗോളപ്രേഷിതദിനത്തിനായി ഞാൻ തെരഞ്ഞെടുത്തിരിക്കുന്ന ആപ്തവാക്യം ''സകല ജനങ്ങൾക്കുമിടയിൽ പ്രത്യാശയുടെ പ്രേഷിതർ'' എന്നതാണ് (*Spes Non Confundit* – പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല 1). ഇതു വ്യക്തിപരമായി ഓരോ ക്രൈസ്തവനെയും ജ്ഞാനസ്നാനം സ്വീകരിച്ചവരുടെ കൂട്ടായ്മയായ തിരുസഭ മുഴുവനെയും മ്ശിഹായുടെ പാത പിൻതുടർന്നു പ്രത്യാശയുടെ സന്ദേശവാഹകരും നിർമാതാക്കളുമാകാനുള്ള നമ്മുടെ അടിസ്ഥാനവിളിയെ അനുസ്മരിപ്പിക്കുന്നതാണ്. ഉത്ഥിതനായ മ്ശിഹായിൽ നമുക്കു പുതുജന്മം നൽകിയ വിശ്വസ്തനായ ദൈവത്തോടൊപ്പം ഏവർക്കുമിത് ''സജീവപ്രത്യാശയിലേക്കുള്ള'' *(1 പത്രോ. 1:3-4)* കൃപയുടെ സമയമായിരിക്കുമെന്നു ഞാൻ കരുതുന്നു.

ഇവിടെ, നമ്മുടെ ക്രൈസ്തവപ്രേഷിതസ്വത്വത്തിന്റെ പ്രസക്തമായ ചില വശങ്ങളെപ്പറ്റി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അതുവഴി, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടാനും തിരുസഭയിൽ ഒരു നവസുവിശേഷവത്കരണത്തിനായുള്ള പരിശുദ്ധ തീക്ഷ്ണതയാൽ കത്തിജ്വലിക്കാനും നമുക്ക് ഇടവരട്ടെ! ഇരുണ്ടനിഴലുകൾ തങ്ങിനിൽക്കുന്ന ഒരു ലോകത്തു പ്രത്യാശയെ പുനർജനിപ്പിക്കാൻ അയക്കപ്പെട്ടവളാണു തിരുസഭ (*Fratelli Tutti* 9–55).

## 1. നമ്മുടെ പ്രത്യാശയായ മ്ശിഹായെ പിന്തുടർന്ന്

രണ്ടായിരമാണ്ടിലെ വിശുദ്ധവർഷത്തിനുശേഷം, മൂന്നാം സഹസ്രാബ്ദത്തിലെ ആദ്യത്തെ സാധാരണ ജൂബിലി ആഘോഷിച്ചുകൊണ്ടു

ചരിത്രത്തിന്റെ കേന്ദ്രബിന്ദുവായി ''ഇന്നലെയും ഇന്നും എന്നും ഒരേ ആൾതന്നെ ആയിരിക്കുന്ന'' *(ഹെബ്രാ. 13:8)* മ്ശിഹായിൽ നാം നമ്മുടെ ദൃഷ്ടി പതിപ്പിക്കുക. നസ്രത്തിലെ സിനഗോഗിൽ ഈശോ പ്രഖ്യാപിച്ചതു ചരിത്രത്തിലെ തന്റെ സാന്നിധ്യത്തിന്റെ ''ഇന്ന്'' എന്ന തിരുവെഴുത്തു നിറവേറിയിരിക്കുന്നു എന്നാണ്. അപ്രകാരം, സകലജനത്തോടും ദൈവരാജ്യത്തിന്റെ സുവിശേഷം പ്രഘോഷിക്കാനും കർത്താവിന്റെ കൃപയുടെ വത്സരത്തിനു നാന്ദികുറിക്കാനും പരിശുദ്ധാത്മാവിന്റെ അഭിഷേകത്തോടെ പിതാവിനാൽ അയക്കപ്പെട്ടവനാണു താനെന്ന് ഈശോ സ്വയം വെളിപ്പെടുത്തി *(ലൂക്കാ 4:16-21).*

ലോകാന്ത്യംവരെ നിലനിൽക്കുന്ന ആജ്ഞേയമായ ''ഇന്ന്'' എന്ന കാലഘട്ടത്തിൽ, ഈശോ എല്ലാവർക്കും പ്രത്യേകിച്ച്, ദൈവം മാത്രം ഏക ആശ്രയമായിട്ടുള്ളവർക്ക്, രക്ഷയുടെ പൂർണതയാകുന്നു. ഈശോ തന്റെ പരസ്യജീവിതകാലത്ത്, ''തിന്മയിൽനിന്നും ദുഷ്ടനിൽനിന്നും എല്ലാവരെയും സുഖപ്പെടുത്തിക്കൊണ്ടും നന്മ പ്രവർത്തിച്ചുകൊണ്ടും ചുറ്റി സഞ്ചരിച്ചു'' *(ശ്ലീഹ. നട. 10:38).* ദരിദ്രർക്കും ജനത്തിനു മുഴുവനുമിടയിൽ ദൈവത്തിലുള്ള പ്രത്യാശയെ അവൻ പുനഃപ്രതിഷ്ഠിച്ചു. പാപമൊഴികെയുള്ള എല്ലാ മാനുഷികബലഹീനതകളും അവൻ അനുഭവിച്ചു. പ്രത്യാശ നഷ്ടപ്പെട്ടേക്കാവുന്ന നിർണായ നിമിഷങ്ങളായ ഗത്സേമനിയിലും കുരിശിലും അവൻ തളർന്നില്ല. മനുഷ്യകുലരക്ഷയ്ക്കായി പിതാവായ ദൈവമൊരുക്കിയ പദ്ധതിയോട് അനുസരണയോടെ വിശ്വാസമർപ്പിച്ചുകൊണ്ട്, പൂർണമായ പ്രത്യാശയുള്ള സമാധാനപദ്ധതിയുടെ ഭാവിക്കായി, ഈശോ, പിതാവിൽ എല്ലാം ഭരമേല്പിച്ചു *(ജറെ. 29:11).* ഇപ്രകാരം, കടുത്ത പരീക്ഷണങ്ങൾക്കിടയിൽപ്പോലും പ്രത്യാശയുടെ ദിവ്യപ്രേഷിതനായി; അങ്ങനെ ദൈവം ഭരമേല്പിച്ച ദൗത്യം കാലാകാലങ്ങളോളം നിറവേറ്റുന്നവരുടെ ഉത്തമമാതൃകയായി ഈശോ മാറി.

എല്ലാ മനുഷ്യർക്കിടയിലേക്കു തന്റെ ശിഷ്യരെ അയച്ചുകൊണ്ടും ഒരു രഹസ്യസാന്നിധ്യമായി അവരോടൊപ്പം സഞ്ചരിച്ചുകൊണ്ടും, ഈശോ മനുഷ്യരാശിക്കായുള്ള പ്രത്യാശയുടെ ശുശ്രൂഷ തുടർന്നുകൊണ്ടിരിക്കുന്നു. ദരിദ്രർ, പീഡിതർ, നിരാശർ, അടിച്ചമർത്തപ്പെട്ടവർ എന്നിവരുടെയെല്ലാം പക്ഷം ചേർന്നുകൊണ്ട് ''അവരുടെ മുറിവുകളിൽ ആശ്വാസത്തിന്റെ തൈലവും പ്രത്യാശയുടെ വീഞ്ഞും'' ('ഈശോ നല്ല സമറിയാക്കാരൻ'', *ആമുഖഗീതി*) അവൻ ഒഴുക്കുന്നു. മ്ശിഹായുടെ പ്രേഷിതശിഷ്യരുടെ സമൂഹമായ തിരുസഭയാകട്ടെ, തന്റെ കർത്താവും ഗുരുവുമായ അവനെ അനുസരിച്ചുകൊണ്ട്, അതേ ശുശ്രൂഷയുടെ അരൂപിയിൽ അവളുടെ ജീവിതം സകലജനതകൾക്കുമായി അർപ്പിച്ചുകൊണ്ട് ആ ദൗത്യം തുട

രുന്നു. അനുദിനം നേരിടുന്ന പീഡനങ്ങൾക്കും വേദനകൾക്കും പ്രശ്നങ്ങൾക്കും നടുവിലും കൂടാതെ, സഭാംഗങ്ങളുടെതന്നെ ദൗർബല്യങ്ങൾ മൂലമുള്ള അപൂർണതകൾക്കും പരാജയങ്ങൾക്കും മധ്യേയിലും അന്തിമവിമോചനത്തിനായി കാത്തിരിക്കുന്ന മനുഷ്യരാശിയുടെ മുറവിളിയും സൃഷ്ടജാലങ്ങളുടെ രോദനവും ഹൃദയത്തിൽ പേറികൊണ്ടും മ്ശിഹാ സ്നേഹത്താൽ പ്രേരിതയായി തിരുസഭ അവനോടൊപ്പം അവനിൽ തന്റെ പ്രേഷിതയാത്ര തുടരുന്നു. തന്റെ പാത പിന്തുടരാനായി കർത്താവ് എപ്പോഴും എല്ലാക്കാലത്തേക്കുമായി വിളിച്ചിരിക്കുന്ന തിരുസഭ, ''നിശ്ചലമായ സഭയല്ല, തന്റെ നാഥനോടൊപ്പം ലോകത്തിന്റെ തെരുവീഥികളിലൂടെ യാത്ര ചെയ്യുന്ന ഒരു പ്രേഷിതസഭയാണ്'' *(2024 ഒക്ടോബർ 27നു മെത്രാന്മാരുടെ സിനഡിന്റെ ജനറൽ അസംബ്ലിയുടെ സമാപനത്തോടനുബന്ധിച്ചുള്ള പരിശുദ്ധ കുർബാനയിലെ പ്രസംഗത്തിൽനിന്ന്).*

കർത്താവായ ഈശോയുടെ പാതപിന്തുടർന്ന്, ദൈവം നമ്മെ ജീവിക്കാൻ അനുവദിച്ചിട്ടുള്ള ഓരോ സ്ഥലത്തും സാഹചര്യത്തിലും അവനോടുകൂടെ അവനിൽ ഏവർക്കും പ്രത്യാശയുടെ അടയാളങ്ങളും സന്ദേശവാഹകരുമാകാൻ നമ്മളും പ്രചോദിതരാകട്ടെ! ജ്ഞാനസ്നാനം സ്വീകരിച്ചവരെല്ലാം, ഈശോയുടെ പ്രേഷിതശിഷ്യരെന്നനിലയിൽ, ഭൂമിയുടെ എല്ലായിടങ്ങളിലും അവന്റെ പ്രത്യാശയുടെ പ്രകാശം പ്രതിഫലിപ്പിക്കട്ടെ.

## 2. ക്രൈസ്തവർ: എല്ലാ ജനതകൾക്കുമിടയിൽ പ്രത്യാശയുടെ സംവാഹകരും നിർമാതാക്കളും

കർത്താവായ മ്ശിഹായെ പിന്തുടരുന്ന ക്രൈസ്തവർ, തങ്ങൾ കണ്ടുമുട്ടുന്നവരുടെ യഥാർഥ ജീവിതസാഹചര്യങ്ങളിൽ പങ്കുചേർന്നുകൊണ്ടു സുവിശേഷം കൈമാറാനും പ്രത്യാശയുടെ സംവാഹകരും നിർമാതാക്കളുമാകാനും വിളിക്കപ്പെട്ടിരിക്കുന്നു. തീർച്ചയായും, ''ഇന്നത്തെ മനുഷ്യരുടെ പ്രത്യേകിച്ച്, ദരിദ്രരുടെയും കഷ്ടതയനുഭവിക്കുന്നവരുടെയും ആനന്ദവും പ്രതീക്ഷയും ക്ലേശവും തീവ്രവേദനയും മ്ശിഹാശിഷ്യരുടെ ആനന്ദവും പ്രതീക്ഷയും ക്ലേശവും തീവ്രവേദനയും തന്നെയാണ്. മാനുഷികമായി കാണപ്പെടുന്നവയിൽ ഒന്നും തന്നെ അവരുടെ ഹൃദയത്തിൽ പ്രതിധ്വനി ഉയർത്താത്തതായില്ല'' (സഭ ആധുനികലോകത്തിൽ 1).

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രസിദ്ധമായ ഈ പ്രസ്താവന എല്ലാക്കാലത്തെയും ക്രൈസ്തവസമൂഹങ്ങളുടെ മനോഭാവത്തെയും ജീവിതശൈലിയെയും എടുത്തുകാട്ടുകയും സഭാംഗങ്ങളെ നിരന്തരം പ്രചോദിപ്പിച്ചുകൊണ്ട് ലോകത്തിലെ ഇതരസഹോദരങ്ങളോ

ടൊപ്പം യാത്ര ചെയ്യാൻ സഹായിക്കുകയും ചെയ്യുന്നു. ഇവിടെ ഞാൻ ജനതകൾക്കിടയിൽ *(Ad Gentes)* പ്രേഷിതപ്രവർത്തനം നടത്തുന്ന മിഷണറിമാരായ, നിങ്ങളെ പ്രത്യേകമായി അനുസ്മരിക്കുന്നു. കർത്താവിന്റെ വിളി സ്വീകരിച്ചുകൊണ്ടു നിങ്ങൾ ഈശോയിലുള്ള ദൈവസ്നേഹം പങ്കുവെക്കാൻ മറ്റു ജനതകൾക്കിടയിലേക്കും ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്നു. ഞാൻ നിങ്ങൾക്കു ഹൃദയപൂർവം നന്ദി പറയുന്നു. എല്ലാ ജനതകളോടും സുവിശേഷം പ്രഘോഷിക്കാൻ തന്റെ ശിഷ്യന്മാരെ അയച്ച ഉത്ഥിതനായ കർത്താവിന്റെ ആഹ്വാനത്തിനുള്ള *(മത്താ. 28:18–20)* മറുപടിയാണ് നിങ്ങളുടെ ജീവിതം. അപ്രകാരം, നിങ്ങൾ പരിശുദ്ധാത്മശക്തിയാലും അനുദിനപരിശ്രമത്താലും സകലജനതകൾക്കുമിടയിൽ ഈശോയുടെ പ്രേഷിതരും മഹത്തായ പ്രത്യാശയുടെ സാക്ഷികളുമാകാനുള്ള ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവരുടെയും വിളിയുടെ അടയാളങ്ങളായി നിലകൊള്ളുന്നു.

ഈ പ്രത്യാശയുടെ ചക്രവാളം ലോകത്തിലെ ക്ഷണികമായവയെല്ലാം അതിജീവിച്ചു നാം ഇപ്പോൾതന്നെ പങ്കുചേരുന്ന ദൈവികസത്യങ്ങളിലേക്കുള്ള വഴിതുറക്കുന്നു. വി. പോൾ ആറാമൻ മാർപാപ്പ നിരീക്ഷിച്ചതുപോലെ, ദൈവകരുണയുടെ വരദാനമായി സഭ സകലർക്കുമായി പങ്കുവയ്ക്കുന്ന മ്ശിഹായിലുള്ള രക്ഷ, ''മനുഷ്യന്റെ ശാരീരികമോ, ആത്മീയമോ ആയ ഐഹികജീവിതത്തെ മാത്രം സ്പർശിക്കുന്ന ഒന്നല്ല; കേവലം ഭൗതികങ്ങളായ അഭിലാഷങ്ങളെയും പ്രതീക്ഷകളെയും ജീവിത കൃത്യങ്ങളെയും പ്രതിസന്ധികളെയും മാത്രം ആസ്പദമാക്കി നിലകൊള്ളുന്നതുമല്ല. മറിച്ച്, ഏറ്റവും ദിവ്യമായ പരമസത്തയോടു മനുഷ്യവ്യക്തിയെ ഐക്യപ്പെടുത്തുന്നതിനാലാണ് അതിന്റെ പൂർത്തീകരണം സ്ഥിതി ചെയ്യുന്നത്; ആ പരമസത്ത ദൈവമാണ്. അതിസ്വാഭാവികവും യുഗാന്ത്യപരവുമായ പ്രസ്തുത രക്ഷയുടെ പ്രാരംഭം ഈ ലോകജീവിതത്തിൽത്തന്നെ ഉണ്ടാവുകയും അനന്തതയിൽ സാക്ഷാത്കരിക്കപ്പെടുകയും ചെയ്യും (*Evangelii Nuntiandi* 27).

മഹത്തായ ഈ പ്രത്യാശയാൽ പ്രചോദിതരായി ക്രൈസ്തവ സമൂഹങ്ങൾക്ക് ഒരു നവമാനവികതയുടെ സന്ദേശവാഹകരായിത്തീരാൻ കഴിയും. എന്തെന്നാൽ ''അതിവികസിത'' മേഖലകളിൽപ്പോലും മനുഷ്യരെ പ്രതിസന്ധിയിലാക്കുന്ന ഗുരുതരപ്രശ്നങ്ങൾ - അർഥശൂന്യത, ഏകാന്തത, മുതിർന്നവരുടെ ആവശ്യങ്ങളോടുള്ള അവഗണന, സഹായഹസ്തം ആവശ്യമുള്ള അയൽക്കാരനെ അവഗണിക്കുന്ന മനോഭാവം തുടങ്ങിയവ - വ്യാപകമായി കണ്ടുവരുന്നു. സാങ്കേതിക മായി ഏറെ

വളർന്ന രാജ്യങ്ങളിൽ ''സാമീപ്യം'' എന്നത് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. നമ്മളെല്ലാവരും പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നു, എന്നാൽ നാം ബന്ധപ്പെട്ടു ജീവിക്കുന്നില്ല. കാര്യക്ഷമതയോടു നമുക്കുള്ള അമിതാസക്തിയും ഭൗതികവസ്തുക്കളോടും അഭിലാഷങ്ങളോടുമുള്ള ബന്ധവും നമ്മെ സ്വാർഥരും സഹജീവികളെ പരിഗണിക്കാത്തവരുമാക്കുന്നു. എന്നാൽ, ഒരു സമൂഹത്തിൽ അനുഭവതലത്തിലെത്തുന്ന സുവിശേഷത്തിനു നമ്മെ സമഗ്രവും ഓജസുള്ളതും വീണ്ടെടുക്കപ്പെട്ടതുമായ ഒരു മാനവികതയിലേക്കു തിരികെക്കൊണ്ടുവരാൻ കഴിയും.

അതിനാൽ, ജൂബിലി പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രബോധനത്തിൽ (7-15) പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഏറെ പ്രത്യേകമായി, ദരിദ്രരെയും ദുർബലരെയും രോഗികളെയും മുതിർന്നവരെയും ഭൗതികതയുടെയും ഉപഭോക്തൃസംസ്കാരത്തിന്റെയും പിടിയിലമർന്ന സമൂഹം അവഗണിച്ചു മാറ്റിനിർത്തിയിരിക്കുന്നവരെയും പ്രത്യേകം പരിഗണിക്കുന്ന കാര്യത്തിൽ, നാമെല്ലാവരും പ്രവൃത്തിതലത്തിൽ കൊണ്ടുവരണമെന്നു ഞാൻ വീണ്ടും ആഹ്വാനം ചെയ്യുന്നു. ഇവയെല്ലാം ദൈവത്തിന്റെ ''ശൈലി''യിൽ നാം നിവർത്തിയാക്കണം. അതായത്, സാമിപ്യത്തോടും അനുകമ്പയോടും ആർദ്രതയോടും നമ്മുടെ സഹോദരങ്ങൾ ജീവിക്കുന്ന പ്രത്യേകസാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് അവരുമായി വ്യക്തിപരമായ ബന്ധം പുലർത്തിക്കൊണ്ട് നാമതു നിർവഹിക്കണം (*Evangelii Gaudium* 127-128).

പലപ്പോഴും പ്രത്യാശയോടെ ജീവിക്കേണ്ടതെങ്ങനെയെന്ന് അവരാണു നമ്മെ പഠിപ്പിക്കുന്നത്. അവരുമായുള്ള വ്യക്തിബന്ധത്തിലൂടെ കർത്താവിന്റെ അനുകമ്പാർദ്രഹൃദയത്തിന്റെ സ്നേഹം പകർന്നുകൊടുക്കാൻ നമുക്കു കഴിയും. ''സുവിശേഷ പ്രഘോഷണത്തിന്റെ ആരംഭത്തിന്റെ കാതൽ ഈശോയുടെ ഹൃദയമാണ്'' (*Dilexit Nos* 32)എന്ന് ഇതിലൂടെ നമുക്കു ബോധ്യമാകും. ഈ ഉറവിടത്തിൽനിന്നു ശേഖരിച്ചുകൊണ്ട്, ദൈവത്തിൽനിന്നു നാം സ്വീകരിച്ച പ്രത്യാശ *(1 പത്രോ. 1:21)* ലാളിത്യത്തോടെ പകർന്നുകൊടുക്കാൻ നമുക്കു സാധിക്കും; മാത്രമല്ല ദൈവം നമ്മെ ആശ്വസിപ്പിച്ച അതേ ആശ്വാസം വഴി മറ്റുള്ളവരെ ആശ്വസിപ്പിക്കാനും നമുക്കു കഴിയും *(2 കോറി. 1:3-4)*. നമ്മെയെല്ലാം തന്റെ സ്നേഹത്തിലേക്ക് ആകർഷിക്കുന്ന ദൈവം, ഈശോയുടെ മാനുഷികവും ദൈവികവുമായ ഹൃദയത്തിലൂടെ സ്ത്രീപുരുഷന്മാരുടെ ഓരോരുത്തരുടെയും ഹൃദയത്തോടു സംസാരിക്കാൻ ആഗ്രഹിക്കുന്നു. ''ലോകം മുഴുവൻ ആശ്ലേഷിക്കുന്ന മ്ശിഹായുടെ ഹൃദയത്തിന്റെയും പിതാവിന്റെ സ്നേഹത്തിന്റെയും അടയാളങ്ങളായിത്തീരാനുള്ള ദൗത്യം

തുടരാനായി നമ്മൾ അയക്കപ്പെട്ടിരിക്കുന്നു'' (*പൊന്തിഫിക്കൻ മിഷൻ സൊസൈറ്റിയുടെ ജനറൽ അസംബ്ലിയിൽ പങ്കെടുത്തവരോടുള്ള പ്രസംഗത്തിൽനിന്ന്*, 3 ജൂൺ 2023).

## 3. പ്രത്യാശയുടെ ദൗത്യം നവീകരിക്കൽ

ഇന്നു പ്രത്യാശയുടെ ദൗത്യത്തിന്റെ അടിയന്തരസ്വഭാവത്തെ നോക്കിക്കാണുന്ന മ്ശിഹാ ശിഷ്യർ, പ്രധാനമായും വിളിക്കപ്പെട്ടിരിക്കുന്നതു പ്രത്യാശയുടെ ''ശില്പികൾ'' ആകാനും മിക്കപ്പോഴും അലസരും അസംതൃപ്തരുമായ മനുഷ്യസമൂഹാംഗങ്ങളെ പുനരുദ്ധരിക്കാനുമാണ്.

ഈ ലക്ഷ്യപ്രാപ്തിക്കായി, ഉത്ഥാനത്തിന്റെ ആത്മീയത അനുഭവവേദ്യമാക്കുന്ന ഓരോ പരിശുദ്ധ കുർബാനയിലും ഏറെ പ്രത്യേകമായി, ആരാധനാവത്സരത്തിന്റെ കേന്ദ്രവും പൂർണതയുമായ ഈസ്റ്റർ ത്രിദിന ജാഗരണത്തിലും നമ്മൾ നവീകൃതരാകേണ്ടതാണ്. നമ്മളെല്ലാവരും മ്ശിഹായുടെ രക്ഷാകരമായ മരണത്തിലേക്കും ഉത്ഥാനത്തിലേക്കും ചരിത്രത്തിന്റെ നിത്യവസന്തം അടയാളപ്പെടുത്തുന്ന കർത്താവിന്റെ പെസഹാരഹസ്യത്തിലേക്കു സ്നാനം സ്വീകരിച്ചവരാണ്. അതുവഴി നമ്മൾ ''ഒരു വസന്തകാലജനമാകുന്നു''; എല്ലാവരോടും പങ്കുവെക്കേണ്ട പ്രത്യാശയാൽ നിറഞ്ഞവരാണു നാം. കാരണം മനുഷ്യാസ്തിത്വത്തിന്മേൽ ഉച്ചരിക്കപ്പെടുന്ന ''മരണത്തിന്റെയും വെറുപ്പിന്റെയും വാക്ക് അവസാനവാക്കല്ല എന്നു നാം മ്ശിഹായിൽ വിശ്വസിക്കുകയും അറിയുകയും ചെയ്യുന്നു'' (2017 ഓഗസ്റ്റ് 23ലെ പ്രബോധനം).

ആരാധനക്രമാഘോഷങ്ങളിലൂടെയും കൂദാശകളിലൂടെയും സന്നിഹിതമാകുന്ന പെസഹാ രഹസ്യങ്ങളിൽനിന്ന്, ലോകമെമ്പാടും ആവേശത്തോടും നിശ്ചയദാർഢ്യത്തോടും സഹിഷ്ണുതയോടുംകൂടെ സുവിശേഷപ്രഘോഷണപ്രവൃത്തി ചെയ്യാൻ പരിശുദ്ധാത്മശക്തി നിരന്തരം നാം സ്വീകരിക്കുന്നു. ''ഉത്ഥിതനും മഹത്ത്വീകൃതനുമായ മ്ശിഹാ തന്നെയാണു നമ്മുടെ പ്രത്യാശയുടെ ഉറവിടം. അവൻ നമ്മെ ഭരമേല്പിച്ചിരിക്കുന്ന ദൗത്യനിർവഹണത്തിനാവശ്യമായ സഹായം നമുക്കൊരിക്കലും അവൻ കുറയ്ക്കുകയില്ല'' (*Evangelii Gaudium* 275). ദൈവത്തിന്റെ ദാനവും ക്രൈസ്തവരുടെ സാധനയുമായ ആ വിശുദ്ധപ്രത്യാശ, മ്ശിഹായിൽ നാം ജീവിക്കുകയും അതിനു സാക്ഷ്യം നൽകുകയും ചെയ്യുന്നു *(Hope is A Light in The Night,* Vatican City, 2024, 7*)*.

പ്രാർഥിക്കുന്ന സ്ത്രീപുരുഷന്മാർ പ്രത്യാശയുടെ പ്രേഷിതരാണ്. ''പ്രത്യാശിക്കുന്നയാൾ പ്രാർഥിക്കുന്നയാളാണ്'' എന്നു ധന്യനായ കർദിനാൾ ഫ്രാൻസിസ് സേവ്യർ വാൻ തുവാൻ പറയുകയുണ്ടായി. ദീർഘ

കാലം ജയിലിൽ കഴിഞ്ഞപ്പോൾ വിശ്വസ്തമായ പ്രാർഥനയാലും പരിശുദ്ധ കുർബാനയുടെ ശക്തിയാലുമാണ് അദ്ദേഹം പ്രത്യാശാപൂർവം ഉറച്ചുനിന്നത് (*The Road of Hope,* Boston, 2001, 963). നമ്മുടെ പ്രഥമ പ്രേഷിതപ്രവർത്തനം പ്രാർഥനയാണെന്നും അതേസമയംതന്നെ ''പ്രത്യാശയുടെ ആദ്യശക്തി'' പ്രാർഥനയാണെന്നും നാം മറന്നുകൂടാ (2020 മെയ് 20ലെ പ്രബോധനം).

അതിനാൽ നമുക്കു പ്രാർഥിച്ചുകൊണ്ടു പ്രത്യാശയുടെ നവീകരണ ദൗത്യം ആരംഭിക്കാം. അതു ദൈവവചനത്തിൽ അധിഷ്ഠിതമായ, ഏറെ പ്രത്യേകിച്ച്, പരിശുദ്ധാത്മാവു രചയിതാവായുള്ള സങ്കീർത്തനങ്ങൾ എന്ന പ്രാർഥനാശ്രുതിമേളം വഴി നമുക്ക് ആരംഭിക്കാം (2024 ജൂൺ 19ലെ പ്രബോധനം). കഷ്ടതകൾ നിറഞ്ഞ കാലത്തിലും നമ്മൾ പ്രത്യാശ വെടിയാതിരിക്കാനും നമുക്കു ചുറ്റുമുള്ള പ്രത്യാശയുടെ അടയാളങ്ങളെ എപ്പോഴും തിരിച്ചറിയാനും ദൈവം എല്ലാ ജനതകളിലും മഹത്ത്വപ്പെടണമെന്ന നിരന്തരമായ പ്രേഷിതതാത്പര്യത്തിൽ മുന്നോട്ടു യാത്ര ചെയ്യാനും സങ്കീർത്തനങ്ങൾ നമ്മെ പരിശീലിപ്പിക്കുന്നു *(സങ്കീ. 41:12; 67:4 ).* ദൈവം നമ്മിൽ തെളിച്ച പ്രത്യാശയുടെ ദീപം പ്രാർഥനയിലൂടെ സജീവമാക്കി നിർത്തുന്നു. അങ്ങനെ അത് അഗ്നിയായി പടരുകയും അതുവഴി നമുക്കു ചുറ്റുമുള്ള എല്ലാവരെയും പ്രകാശിപ്പിക്കുകയും ചൂടു പിടിപ്പിക്കുകയും ചെയ്യും; മാത്രമല്ല, അതു പ്രാർഥന നമ്മിൽ പ്രചോദിപ്പിക്കുന്ന പുണ്യപ്രവൃത്തികളും സത്കർമങ്ങളും ചെയ്യുന്നതുവഴിയും ആയിരിക്കും.

അവസാനമായി, സുവിശേഷപ്രഘോഷണം എപ്പോഴും എക്കാലത്തിലും, ക്രിസ്തീയപ്രത്യാശപോലെതന്നെ, സാമൂഹികമായ ഒരു പ്രക്രിയയാണ് (Benedict XVI, *Spe Salvi* 41). ഈ പ്രക്രിയ സുവിശേഷത്തിന്റെ പ്രാരംഭപ്രഘോഷണത്തിലോ, ജ്ഞാനസ്നാനത്തിലോ മാത്രം അവസാനിക്കുന്നില്ല. മറിച്ച്, ജ്ഞാനസ്നാനം സ്വീകരിച്ച ഓരോരുത്തരെയും സുവിശേഷത്തിന്റെ പാതയിലൂടെ അനുഗമനം ചെയ്തുകൊണ്ടു ക്രൈസ്തവസമൂഹങ്ങൾ പണിതുയർത്തുന്നതിലൂടെ തുടരുന്നു. ആധുനിക സമൂഹത്തിൽ, സഭയിൽ അംഗമായിരിക്കുകയെന്നത് ഒറ്റയടിക്കു നേടിയെടുക്കുന്ന ഒന്നല്ല; അതിനാലാ ണു മ്ശിഹായിലുള്ള വിശ്വാസം കൈമാറുന്നതും അതു പക്വമായി രൂപപ്പെടുത്തുന്നതുമായ പ്രേഷിതദൗത്യം ''സഭയുടെ എല്ലാ പ്രവർത്തനങ്ങൾക്കും മാതൃകയായിരിക്കുന്നത്'' (*Evangelii Gaudium* 15). പ്രസ്തുത പ്രവർത്തനം പ്രാർഥനയുടെ കൂട്ടായ്മയും പ്രവൃത്തിയും ആവശ്യപ്പെടുന്നു. ഇവിടെ ഞാൻ വീണ്ടും ഒരിക്കൽകൂടെ, സഭയുടെ പ്രേഷിതാത്മക സിനഡാത്മകതയുടെ പ്രാധാന്യം ഊന്നി

പറയുന്നു; അതോടൊപ്പം ജ്ഞാനസ്നാനം സ്വീകരിച്ചിട്ടുള്ളവരുടെ പ്രേഷിത ഉത്തരവാദിത്വം പ്രോത്സാഹിപ്പിക്കുന്നതിലും പ്രാദേശികസഭകളെ സഹായിക്കുന്നതിലുമുള്ള പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ ചെയ്യുന്ന സേവനവും ഞാൻ എടുത്തുപറയുന്നു. നിങ്ങളുടെ ജീവിതസാക്ഷ്യവും പ്രാർഥനയും ത്യാഗപ്രവൃത്തികളും ഉദാരമനസ്കതയും വഴി തിരുസഭയുടെ പൊതുവായ സുവിശേഷവത്കരണ ദൗത്യത്തിൽ നിങ്ങളെല്ലാവരും, കുട്ടികളും യുവാക്കളും മുതിർന്നവരും വാർധക്യത്തിലെത്തിയവരും പങ്കുചേരാൻ ഞാൻ അഭ്യർഥിക്കുന്നു. ഇക്കാര്യത്തിൽ ഞാൻ നിങ്ങൾക്കു നന്ദിപറയുന്നു!

പ്രിയ സഹോദരീസഹോദരന്മാരേ, നമ്മുടെ പ്രത്യാശയായ ഈശോമ്ശിഹായുടെ മാതാവായ മറിയത്തിലേക്കു നമുക്കു തിരിയാം. ഈ ജൂബിലി വർഷാചരണത്തിലും വരാനിരിക്കുന്ന വർഷങ്ങളിലുമുള്ള നമ്മുടെ പ്രാർഥനകൾ നാം അവളെ ഭരമേല്പിക്കുന്നു. ''എല്ലാ മനുഷ്യരെയും അഭിസംബോധന ചെയ്യുന്ന വിധത്തിലുള്ള ദൈവസ്നേഹത്തിന്റെ സന്ദേശമായ ക്രൈസ്തവപ്രത്യാശ എല്ലാ സ്ത്രീപുരുഷന്മാരെയും പ്രകാശിപ്പിക്കട്ടെ. പ്രത്യാശയുടെ ഈ സന്ദേശത്തിനു തിരുസഭ ലോകമെമ്പാടും വിശ്വസ്തതയോടെ സാക്ഷ്യം വഹിക്കാൻ ഇടവരട്ടെ!'' (*Spes Non Confundit* 6).

Francis

**ഫ്രാൻസിസ് പാപ്പ**

വി. പൗലോസ് ശ്ലീഹായുടെ മാനസാന്തര തിരുനാളിൽ, 2025 ജനുവരി 25നു വി. ജോൺ ലാറ്ററൻ ബസിലിക്കയിൽ നൽകപ്പെട്ടത്.

കേരളകത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
പി.ഒ.സി., കൊച്ചി 682025

Prot. No. 0711/2025

# സമുദായശക്തീകരണവർഷം 2026

**സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്**

## മാർ റാഫേൽ തട്ടിൽ

**തന്റെ സഹശുശ്രൂഷകരായ**
**മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും**
**സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന**
**ദൈവജനത്തിനും എഴുതുന്നത്.**
**കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെയുണ്ടായിരിക്കട്ടെ.**

മ്ശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ 'സഭ ആധുനികലോകത്തിൽ' എന്ന പ്രമാണരേഖ സഭയും ലോകവും തമ്മിലുള്ള ബന്ധം ഇങ്ങനെയാണ് അവതരിപ്പിക്കുന്നത്. സഭയും ലോകവും രണ്ടു വ്യത്യസ്ത ധ്രുവങ്ങളിൽ നില്ക്കുന്ന യാഥാർഥ്യങ്ങളല്ല. ലോകത്തിന്റെ മൂല്യക്രമമല്ല പിന്തുടരുന്നതെങ്കിലും സഭ ലോകത്തിലാണ് നിലനില്ക്കുന്നത്. ലോകത്തെ ദൈവരാജ്യത്തിനായി തയ്യാറാക്കുകയാണ് സഭയുടെ ദൗത്യം. ആത്മീയശുശ്രൂഷകൾ പരികർമംചെയ്യുന്നതിലൂടെ മാത്രം ഈ ദൗത്യം പൂർത്തിയാകുന്നില്ല. മനുഷ്യനന്മ-കേന്ദ്രീകരിച്ചുള്ള എല്ലാ പ്രവർത്തനങ്ങളും സഭയുടെ ദൗത്യനിർവഹണത്തിന്റെ ഭാഗമാണ്. ദൈവിക പദ്ധതിയനുസരിച്ചു മനുഷ്യസമൂഹത്തെ സത്യത്തിലും നീതിയിലും സ്നേഹത്തിലും ഉറപ്പിക്കാനുള്ള കടമയും അതിൽ ഉൾപ്പെടുന്നുണ്ട്. ദൈവജനത്തിന്റെ ഭൗതിക ആവശ്യങ്ങളിലും അനുദിന ജീവിതമേഖലകളിൽ അവർ നേരിടുന്ന വെല്ലുവിളികളിലും സഭയുടെ ശ്രദ്ധ പതിയേണ്ടതുണ്ട്. ഈ ഉത്തരവാദിത്വനിർവഹണത്തിന്റെ ഭാഗമായി, സീറോമലബാർസഭംഗങ്ങളുടെ സാമൂഹിക, സാംസകാരിക, സാമ്പത്തിക പരിതസ്ഥിതിയെക്കുറിച്ചു യാഥാർഥ്യബോധത്തോടെ നടത്തിയ വിശകലനത്തിന്റെ അടിസ്ഥാനത്തിലാണ് 2025 ജനുവരിയിൽ ചേർന്ന സഭയുടെ മെത്രാൻസിനഡ് 2026 സമുദായ ശക്തീകരണവർഷമായി പ്രഖ്യാപിച്ചത്.

കഴിഞ്ഞ ഏതാനും വർഷങ്ങളായി നടത്തിയ നിയതമായ പഠനങ്ങൾക്കും ചർച്ചകൾക്കുംശേഷമാണു സീറോമലബാർസഭയിൽ ഇപ്രകാര

മൊരു വർഷാചരണം പ്രഖ്യാപിച്ചിരിക്കുന്നത്. സർക്കാർതലത്തിലും സഭാതലത്തിലും സമീപകാലങ്ങളിൽ നടത്തപ്പെട്ട സർവേകളും പഠനറിപ്പോർട്ടുകളും സഭയുടെ പബ്ലിക് അഫയേഴ്സ് കമ്മീഷൻ വിശദമായി പഠിച്ചു. ക്രൈസ്തവർ സമകാലിക സമൂഹത്തിൽ ശ്രദ്ധപതിപ്പിക്കേണ്ട വിവിധ മേഖലകളെയും ഒരു സമൂഹമെന്നനിലയിൽ അഭിമുഖീകരിക്കുന്ന വെല്ലുവിളികളെയുംകുറിച്ചുള്ള പഠനങ്ങൾ സിനഡുസമ്മേളനങ്ങളിലും 2024 ആഗസ്റ്റ് മാസത്തിൽ പാലായിൽ നടത്തിയ അഞ്ചാമത് മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയിലും അവതരിപ്പിച്ചു. നമ്മുടെ ജനസംഖ്യയുടെ വളർച്ച, കാർഷികമേഖലയിലെ വെല്ലുവിളികൾ, സാമ്പത്തിക, വ്യാപാര, തൊഴിൽ മേഖലകളിലും സർക്കാരുദ്യോഗതലങ്ങളിലുമുള്ള നമ്മുടെ പ്രാതിനിധ്യം, വിദ്യാഭ്യാസ, രാഷ്ട്രീയ, സാമൂഹിക, മാധ്യമരംഗങ്ങളിലുള്ള നമ്മുടെ സാന്നിധ്യം, സർക്കാർ പദ്ധതികളിലും ആനുകൂല്യങ്ങളിലും നമുക്കു ന്യായമായി ലഭിക്കേണ്ട വിഹിതം തുടങ്ങിയ വിഷയങ്ങൾ ചർച്ചചെയ്തതിന്റെ വെളിച്ചത്തിൽ ഉയർന്നുവന്ന നിർദേശപ്രകാരമാണ് സമുദായ ശക്തീകരണവർഷം ആചരിക്കുന്നത്.

സമുദായം എന്ന പദം എന്തിനാണ് ഉപയോഗിക്കുന്നത്, സഭയെന്നുതന്നെ പറഞ്ഞാൽ മതിയാകുമല്ലോ എന്നു ചിലർ അഭിപ്രായപ്പെടാറുണ്ട്. എന്നാൽ, ക്രിസ്തീയസമൂഹത്തിന്റെ സാമൂഹികതലങ്ങളെ പ്രത്യേകമായി എടുത്തുകാണിക്കുന്നതിനും ഭൗതികമേഖലകളിൽ ക്രൈസ്തവർ അഭിമുഖീകരിക്കുന്ന വെല്ലുവിളികളെ വ്യക്തതയോടെ അവതരിപ്പിക്കുന്നതിനും സമുദായം എന്ന വാക്കാണ് കൂടുതൽ ഫലപ്രദം. ഒരു സഭയെന്നതിനൊപ്പം ഒരു സമുദായമായിക്കൂടി നമ്മെ മനസിലാക്കുമ്പോഴാണ് പൊതുസമൂഹത്തിൽ ഈ കൂട്ടായ്മയുടെ ആഭ്യന്തര കെട്ടുറപ്പും ഐക്യവും കൂടുതൽ ദൃഢമാകുന്നതും പോരായ്മകൾ കണ്ടെത്തി പരിഹരിക്കാനും പുതിയ മുന്നേറ്റങ്ങൾക്കു തുടക്കംകുറിക്കാനും നമുക്കു സാധിക്കുന്നതും. ചുരുക്കിപ്പറഞ്ഞാൽ സഭ എന്ന പദം ഉപയോഗിക്കുമ്പോൾ നമ്മുടെ സ്വാഭാവികചിന്തയിലേക്കുവരാത്ത സാമൂഹ്യജീവിതസാഹചര്യങ്ങൾ ശ്രദ്ധയിൽകൊണ്ടുവരുന്നതിനുവേണ്ടിയാണ് സമുദായം എന്ന വാക്കു ബോധപൂർവം ഉപയോഗിക്കുന്നത്. ഒരു ഹൃദയവും ഒരാത്മാവുമായിരുന്ന ആദിമക്രൈസ്തവസമൂഹത്തെയും (അപ്പ. 4:32) വിശ്വാസത്താൽ ഒരേ കുടുംബത്തിലെ അംഗങ്ങളായവർക്കു നൻമചെയ്യാനുള്ള (ഗലാ 6:10) പൗലോസ് ശ്ലീഹായുടെ ആഹ്വാനത്തെയും ധ്യാനിക്കുമ്പോൾ, പരസ്പരം സ്നേഹിച്ചും പിന്തുണച്ചും ആത്മീയമായും ഭൗതീകമായും സഹായിച്ചും ഉദാത്തമായ ക്രിസ്തീയ സാഹോദര്യത്തിൽ വളരുന്ന ഒരു സമുദായമായി നമ്മൾ മാറണമെന്ന ബോധ്യം കൈവരുന്നു.

സമുദായശക്തീകരണവർഷാചരണം ഫലപ്രദമായി സംഘടിപ്പിക്കാനുള്ള ചുമതല സീറോമലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷനെയാണ് സിനഡ് ഏല്പ്പിച്ചിരിക്കുന്നത്. നമ്മുടെ സമുദായസംഘടനയായ കത്തോലിക്കാ കോൺഗ്രസ് ഈ ദൗത്യത്തിൽ കമ്മീഷന്റെ പ്രധാന സഹകാരിയാണ്. നമ്മുടെ സഭയിലെ മെത്രാൻമാർ, വൈദികർ, സമർപ്പിതർ, സെമിനാരി വിദ്യാർഥികൾ, പാസ്റ്ററൽ, ഫൊറോനാ, പാരിഷ് കൗൺസിലുകൾ, മാതൃവേദി, എസ്.എം.വൈ.എം., മിഷൻലീഗ്, ഡി.സി.എം.എസ് തുടങ്ങിയ സഭാതല അത്മായസംഘടനകൾ, ഇവയ്ക്കു പുറമെയുള്ള രൂപതാതല സംഘടനകൾ, മതാധ്യാപകർ, കുടുംബക്കൂട്ടായ്മാ ലീഡേഴ്സ്, സ്കൂൾ, കോളേജ് അധ്യാപകർ, ഉദ്യോഗസ്ഥർ, റിട്ട. ഉദ്യോഗസ്ഥർ, അഭിഭാഷകർ, ആരോഗ്യപ്രവർത്തകർ, കർഷകർ, വ്യാപാരി വ്യവസായികൾ എന്നിങ്ങനെ എല്ലാ തലത്തിലുമുള്ളവരുടെയും പൂർണമായ സഹകരണത്തോടും പങ്കാളിത്തത്തോടുംകൂടിയാണ് ഈ വർഷാചരണം നടത്താൻ ആഗ്രഹിക്കുന്നത്. സഭയിലെ അല്മായരും സമർപ്പിതരും പട്ടക്കാരും മേൽപ്പട്ടക്കാരുമെല്ലാം ഈ സമുദായത്തിന്റെ ഭാഗം തന്നെയാണല്ലോ.

ഈ വർഷാചരണത്തിന്റെ കർമപദ്ധതി പ്രാരംഭഘട്ടം, പ്രായോഗിക ഘട്ടം, അനുബന്ധഘട്ടം എന്നിങ്ങനെ മൂന്നുഘട്ടങ്ങളായാണ് വിഭാവനം ചെയ്തിരിക്കുന്നത്. പ്രാരംഭഘട്ടം ഇന്ന് ഈ സർക്കുലർ വായനയോടുകൂടി ആരംഭിക്കുകയാണ്. 2025 ഡിസംബർ മാസാവസാനംവരെയാണ് പ്രാരംഭഘട്ടത്തിനായി നീക്കിവച്ചിരിക്കുന്ന സമയം. ഈ ഘട്ടത്തിൽ സമുദായവിഷയങ്ങളെക്കുറിച്ചുള്ള ബോധവത്കരണമാണ് നടത്തേണ്ടത്. അത് വൈദികർ, സമർപ്പിതർ, സെമിനാരി വിദ്യാർഥികൾ, അല്മായർ എന്നിങ്ങനെ സഭയിലെ എല്ലാ തലങ്ങളിലുമുള്ളവർക്കായി നടത്തപ്പെടണം. രൂപതകൾ, ഇടവകകൾ, സെമിനാരികൾ, സമർപ്പിതസമൂഹങ്ങൾ, കോർപ്പറേറ്റ് മാനേജ്മെന്റുകൾ, അൺഎയ്ഡഡ് സ്കൂളുകൾ, കോളേജുകൾ, ഇതര വിദ്യാഭ്യാസസ്ഥാപനങ്ങൾ എന്നിവ തങ്ങളുടേതായ തലങ്ങളിൽ ബോധവത്കരണ പരിപാടികൾ ക്രമീകരിക്കണം. വിദ്യാഭ്യാസസ്ഥാപനങ്ങളിൽ കെ.സി.എസ്.എൽ, സി.എസ്.എം. തുടങ്ങിയ സംഘടനകളുടെ സഹായത്തോടെ ഇതു നടപ്പിലാക്കാൻ സാധിക്കും.

സമുദായബോധവത്കരണത്തിനു സഹായകമാകത്തക്കവിധത്തിൽ പബ്ലിക് അഫയേഴ്സ് കമ്മീഷൻ മനോഹരമായ ഒരു കൈപ്പുസ്തകം തയ്യാറാക്കിയിട്ടുണ്ട്. സമുദായ ശക്തീകരണ കർമപദ്ധതിയുടെ വിശദാംശങ്ങൾ ഇതിലുണ്ട്. രൂപതകളിൽ റിസോഴ്സ് ടീം രൂപീകരിച്ച് കൈപ്പുസ്തകത്തിന്റെ അടിസ്ഥാനത്തിൽ ബോധവത്കരണപ്രവർത്തന

ങ്ങൾ നടത്തണം. ദീപിക, ഷെക്കേയനാ, ശാലോം, ഗുഡ്നെസ് തുടങ്ങി സഭയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന മുഖ്യധാരാ മാധ്യമങ്ങളും ഓൺലൈൻ മാധ്യമങ്ങളും ഈ ബോധവത്കരണ പ്രക്രിയയിൽ സജീവപങ്കാളികളാകണമെന്ന് ഞാൻ അഭ്യർഥിക്കുന്നു. സമുദായം നേരിടുന്ന വെല്ലുവിളികളെ തിരിച്ചറിയുന്നതും അവയ്ക്കുള്ള പരിഹാരം കണ്ടെത്തുന്നതുമാണ് ഈ വർഷം ആചരിക്കുന്നതിലൂടെ നമ്മൾ ലക്ഷ്യമിടുന്നത്.

രണ്ടാംഘട്ടം പ്രായോഗികഘട്ടമാണ്. ഇത് 2026 ജനുവരി 6, ദനഹാത്തിരുന്നാളിൽ ഉദ്ഘാടനം ചെയ്യപ്പെടും. കൈപ്പുസ്തകത്തിൽ നിർദ്ദേശിച്ചിട്ടുള്ള കർമപദ്ധതികൾ പരമാവധി എല്ലാത്തലങ്ങളിലും നടപ്പിലാക്കിയെടുക്കുകയാണ് ഈ ഘട്ടത്തിൽ ചെയ്യേണ്ടത്. അവയിൽ ചില കാര്യങ്ങൾ നമുക്ക് 2026 ൽത്തന്നെ ഫലപ്രാപ്തിയിൽ എത്തിക്കാൻ സാധിക്കും. അതേസമയം ചില കാര്യങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടവയും സാവധാനം ലക്ഷ്യത്തിലെത്തുന്നവയുമാണ്. സമുദായശക്തീകരണപ്രവർത്തനങ്ങൾ ഈ ഒരു വർഷംകൊണ്ട് അവസാനിപ്പിക്കേണ്ടവയല്ല, നിരന്തരം തുടരേണ്ടവയാണ്. അതിനാൽ, തുടർവർഷങ്ങളെ അനുബന്ധഘട്ടമായാണ് കണക്കാക്കുന്നത്. 2026 ലെ വർഷാചരണം സമുദായശക്തീകരണത്തിന്റെ പ്രാരംഭനടപടിയും പ്രായോഗികപരിശീലനവും മാത്രമാണ്.

ഈ വർഷാചരണത്തിന്റെ ഫലപ്രദമായ നടത്തിപ്പിന് എല്ലാ രൂപതകളിലും ക്രമീകരണങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ഒരു വികാരി ജനറാളിന് വർഷാചരണത്തിന്റെ പ്രത്യേക ചുമതലയുണ്ടാകണം. അദ്ദേഹത്തിന്റെ കീഴിൽ ഒരു വൈദികൻ വർഷാചരണ പ്രവർത്തനങ്ങളുടെ ഡയറക്ടറായും ഒരു അല്മായൻ കൺവീനറായും പ്രവർത്തിക്കണം. പ്രസ്തുത വികാരി ജനറാൾ ചെയർമാനായി രൂപതാതല സമുദായശക്തീകരണകമ്മിറ്റി രൂപീകരിക്കണം. ഈ കമ്മിറ്റിയിൽ വൈദികർ, സമർപ്പിതർ, സംഘടനകൾ, മതാധ്യാപകർ തുടങ്ങി രൂപതയുടെ എല്ലാത്തലങ്ങളിലുള്ളവരുടെ പ്രതിനിധികൾ ഉണ്ടാകണം. ഫൊറോനാ, ഇടവകതലങ്ങളിലും ഈ കമ്മിറ്റിക്കു കീഴ്ഘടകങ്ങൾ ഉണ്ടാകണം. ഈ സുപ്രധാന കമ്മിറ്റിയാണ് വർഷാചരണ പ്രവർത്തനങ്ങൾക്കു അതാതു രൂപതകളിൽ നേതൃത്വംനല്കേണ്ടത്. ഈ കമ്മിറ്റിയുടെ ചുമതലയിൽ റിസോഴ്സ് ടീം രൂപീകരിക്കുകയും ബോധവത്കരണം ഊർജിതമായി നടത്തുകയും ചെയ്യണം.

സമുദായ ശക്തീകരണ വർഷാചരണത്തിന്റെ വിവിധ പ്രവർത്തനങ്ങളിൽ അവരവരുടെ തലങ്ങളിൽ പ്രത്യേകമായി താത്പര്യമെടുത്തു പ്രവർത്തിക്കണമെന്ന് നമ്മുടെ സഭയിലെ എല്ലാവരോടും ഞാൻ

അഭ്യർഥിക്കുന്നു. പ്രവാസജീവിതത്തിൽനിന്നു മടങ്ങിയെത്തിയ ഇസ്രാ യേൽ ജനത്തോടു നെഹെമിയാ നടത്തിയ ആഹ്വാനം നമുക്ക് ഓർക്കാം: 'വരുവിൻ, നമുക്കു ജറുസലേമിന്റെ മതിൽ പണിയാം' (2:17). നെഹെ മിയായുടെ ആഹ്വാനം സ്വീകരിച്ച ഇസ്രായേലിലെ ഓരോരുത്തരും താന്താങ്ങളുടെ ഭാഗം പണിതു നഗരമതിലിന്റെ പുനരുദ്ധാരണം പൂർത്തി യാക്കി. ഇതുപോലെ സമുദായത്തിലെ ഓരോ അംഗവും ഓരോ വിഭാ ഗവും താന്താങ്ങളുടെ കർമശേഷി പൂർണമായും ഉപയോഗിച്ചുകൊണ്ട്, കുടുംബകൂട്ടായ്മകളിലും ഇടവകകളിലും ഫൊറോനകളിലും രൂപത കളിലും സമുദായത്തെ ശക്തിപ്പെടുത്താനുള്ള പദ്ധതികൾ വിഭാവനം ചെയ്തു നടപ്പിലാക്കുമ്പോൾ നമ്മുടെ സമുദായം മുഴുവൻ ശക്തിപ്പെടും; സമുദായ ശക്തീകരണവർഷാചരണം നീണ്ടുനില്ക്കുന്ന ഫലങ്ങൾ പുറ പ്പെടുവിക്കുകയും ചെയ്യും.

നമ്മുടെ എല്ലാ സംരംഭങ്ങളിലും നമ്മുടെ കർത്താവിന്റെ അനു ഗ്രഹവും കാരുണ്യവും ഉണ്ടായിരിക്കട്ടെ! നമ്മുടെ അമ്മയായ പരി ശുദ്ധ കന്യകാമാതാവും മാർത്തോമാ ശ്ലീഹായും നമ്മുടെ സഭയിലെ വിശുദ്ധരും വാഴ്ത്തപ്പെട്ടവരും ഏറെ പ്രത്യേകമായി കേരളത്തിന്റെ നവോത്ഥാന നായകനായ വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ ച്ചനും ഭാരതത്തിലെ അല്മായരുടെ പ്രത്യേക മധ്യസ്ഥനായി പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ മാർപാപ്പ പ്രഖ്യാപിച്ച വിശുദ്ധ ദേവസ ഹായവും നമുക്കുവേണ്ടി പ്രാർഥിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2025-ാം ആണ്ട് സെപ്റ്റംബർ മാസം 25-ാം തീയതി നല്കപ്പെട്ടത്.



**✠ റാഫേൽ തട്ടിൽ**

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

---

**NB:** ***2025 ഒക്ടോബർ 12 ഞായറാഴ്ച*** *സീറോമലബാർസഭയിലെ ഇടവക പ്പള്ളികളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലന കേന്ദ്രങ്ങളിലും മേജർ സെമിനരികളിലും പരിശുദ്ധ കുർബാനമധ്യേ ഈ സർക്കുലർ വായിക്കേണ്ടതാണ്.*

Prot. No. 0652/2025

# സിനഡനന്തര സർക്കുലർ

**സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്**
**മാർ റാഫേൽ തട്ടിൽ**
**തന്റെ സഹശുശ്രൂഷകരായ**
**മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും**
**സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന**
**ദൈവജനത്തിനും എഴുതുന്നത്.**
**കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെയുണ്ടായിരിക്കട്ടെ.**

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർസഭയുടെ മുപ്പത്തിമൂന്നാമതു സിനഡിന്റെ രണ്ടാം സമ്മേളനം 2025 ആഗസ്റ്റ് 18 മുതൽ 29 വരെ സഭയുടെ ആസ്ഥാനകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ നടക്കുകയുണ്ടായി. സീറോമലബാർ സഭയെ ഏറെ സ്നേഹിക്കുകയും സഭയുടെ വളർച്ചയ്ക്കായി പുതിയ സാധ്യതകൾ തുറന്നുതരികയും ചെയ്ത പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ വിയോഗവും, പൗരസ്ത്യസഭകളുടെ ദൗത്യത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുകൾ ഉള്ള ലെയോ പതിനാലാമൻ മാർപാപ്പയുടെ സ്ഥാനാരോഹണവും ആദരവോടെ അനുസ്മരിച്ചുകൊണ്ടാണു സിനഡു സമ്മേളനം ആരംഭിച്ചത്. പ്രതിസന്ധികളും വെല്ലുവിളികളും ഏറെയാണെങ്കിലും, നമ്മുടെ കർത്താവു നമ്മെ ഭരമേല്പ്പിച്ച ദൗത്യനിർവഹണത്തിനായി അക്ഷീണം പരിശ്രമിക്കാൻ സഭ കടപ്പെട്ടിരിക്കുവെന്ന തിരിച്ചറിവോടെയാണു പിതാക്കന്മാർ പ്രാർഥനയിലും പരിചിന്തനങ്ങളിലും മുഴുകിയത്.

## മതസ്വാതന്ത്ര്യം ഭാരത സംസ്കാരത്തിന്റെ അനിവാര്യ ഘടകം

'നാനാത്വത്തിൽ ഏകത്വം' എന്ന തത്വത്തിൽ അധിഷ്ഠിതമായി ജാതി മത വർഗ്ഗ വർണ്ണ വ്യത്യാസമില്ലാതെ എല്ലാവർക്കും സ്വാതന്ത്ര്യം അനുവദിച്ച സംസ്കാരമാണു ഭാരതത്തിന്റേത്. നമ്മുടെ രാജ്യത്തിന്റെ അഖണ്ഡതയ്ക്കു ഭംഗം വരുത്താത്ത രീതിയിൽ ഓരോ വ്യക്തിക്കും ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനും അത് ജീവിക്കാനും, പ്രചരിപ്പിക്കാനും

ഭാരതത്തിന്റെ ഭരണഘടന സ്വാതന്ത്ര്യം നൽകുന്നുണ്ട്. നൂറ്റാണ്ടുകളായി മിഷനറിപ്രവർത്തനങ്ങളിലൂടെ സമൂഹത്തിന്റെ താഴെത്തട്ടിൽ ഉള്ളവരുടെ ഉന്നമനത്തിനായി ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹികമേഖലകളിൽ ക്രൈസ്തവർ നല്കിയ സംഭാവനകൾ പാടെ തമസ്കരിച്ച് അതിനെ കേവലം മതവിഷയം മാത്രമാക്കി ചുരുക്കുന്ന വർഗീയ അജണ്ടകൾ തികച്ചും ദൗർഭാഗ്യകരമാണ്. രാഷ്ട്ര നിർമാണത്തിൽ ക്രൈസ്തവരുടെ പങ്കിനെ വിസ്മരിച്ചുകൊണ്ടു നമുക്കെതിരേ വിവേചനങ്ങളും വിദ്വേഷ പ്രചരണങ്ങളും നടക്കുന്നതും നമ്മുടെ വൈദികർക്കും സമർപ്പിതർക്കും അല്മായപ്രേഷിതർക്കും സഞ്ചാരസ്വാതന്ത്ര്യംപോലും പലയിടങ്ങളിലും നിഷേധിക്കപ്പെടുന്നതും മൗലികാവകാശ ങ്ങളുടെ ലംഘനമാണ്. മിശിഹായുടെ സ്നേഹത്തെപ്രതി തങ്ങളുടെ ജീവിതങ്ങൾ സഭയ്ക്കും സമൂഹത്തിനുമായി സമർപ്പിക്കുന്ന എല്ലാ പ്രേഷിതരെയും സീറോമലബാർസഭ അഭിമാനത്തോടെ ഓർക്കുന്നു. ''മിശിഹായുടെ സ്നേഹത്തിൽനിന്ന് ആരു നമ്മെ വേർപെടുത്തും; ക്ലേശമോ ദുരിതമോ പീഡനമോ നഗ്നതയോ ആപത്തോ പട്ടിണിയോ വാളോ?... നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിലെല്ലാം നാം പൂർണ വിജയം വരിക്കുന്നു'' (റോമാ 8:35-37) എന്ന തിരുവചനം നമ്മെ ശക്തിപ്പെടുത്തട്ടെ!

## ഐക്യം നിലനിർത്തുക നമ്മുടെ കർത്തവ്യമാണ്

'മിശിഹായിൽ നാമെല്ലാം ഒന്നാണ്' *(In Illo Uno Unum)* എന്നതാണല്ലോ പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ മാർപാപ്പയുടെ ആപ്തവാക്യം. ഒരേ സഭയിൽ നാമെല്ലാം ഒന്നായിരിക്കുന്നതാണ് ഏറ്റവും വലിയ സുവിശേഷപ്രഘോഷണം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ രൂപതകൾ സ്ഥാപിക്കാനും അജപാലനസൗകര്യങ്ങൾ ഏർപ്പെടുത്താനും സാധിച്ചപ്പോഴും പരിശുദ്ധ കുർബാനയുടെ അർപ്പണത്തെ സംബന്ധിച്ചു നിലനിന്നിരുന്ന വ്യത്യസ്തതകൾ നമ്മുടെ ഐക്യബോധത്തെ ദോഷകരമായി ബാധിച്ചിരുന്നു. ഇതിനു പരിഹാരമായിട്ടായിരുന്നു സിനഡു തീരുമാനിച്ചതും ശ്ലൈഹിക സിംഹാസനം അംഗീകരിച്ചതുമായ ഏകീകൃത കുർബാനയർപ്പണരീതി നടപ്പിലാക്കാൻ സഭ ആഗ്രഹിച്ചത്. അതിൻപ്രകാരം ഏകീകൃത കുർബാനയർപ്പണരീതി പൂർണമായി നടപ്പിലാക്കിയ രൂപതകളെയും ഇടവകകളെയും സഭ നന്ദിയോടെ അനുസ്മരിക്കുന്നു. പരിശുദ്ധ പിതാവ് അന്തിമ തീരുമാനം അറിയിച്ചുകഴിഞ്ഞ ഏകീകൃത വിശുദ്ധ കുർബാനയർപ്പണരീതി സീറോമലബാർസഭയിൽ ഉടനീളം മാറ്റമില്ലാതെ തുടരേണ്ടതാണ്. 2025 ജൂൺ 26ാം തീയതി എറണാകുളം-അങ്കമാലി അതിരൂപതയ്ക്കു മാത്രമായി നല്കപ്പെട്ട സർക്കുലർ

ഈ തീരുമാനത്തിന്റെ തുടർച്ചയാണ്. പ്രസ്തുത സർക്കുലർപ്രകാരം ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും ഏകീകൃതരീതിയിൽ ഒരു വിശുദ്ധ കുർബാന വീതം ചൊല്ലിത്തുടങ്ങിയ അതിരൂപതയിലെ വൈദി കരെ സിനഡു നന്ദിയോടെ ഓർമിക്കുന്നു. ഏകീകൃത കുർബാനയർപ്പണ രീതി ഘട്ടം ഘട്ടമായി നടപ്പിലാക്കി ഐക്യത്തിലേക്കു വളർത്താനുള്ള ഉത്തരവാദിത്വം മേജർ ആർച്ചുബിഷപ്പിനെയും അതിരൂപതയ്ക്കുവേണ്ടി യുള്ള വികാരിയെയും വികാരിയെയും സിനഡു ചുമതലപ്പെടുത്തി.

ആരാധനക്രമത്തിലെ അനൈക്യം നമ്മെ എല്ലാവരെയും ഏറെ വേദനി പ്പിക്കുന്നു. ആരെയും മുറിപ്പെടുത്തിക്കൊണ്ടു യഥാർത്ഥ ഐക്യം സാധ്യ മാക്കാനാവാത്തതിനാൽ പരസ്പരം മുറിപ്പെടുത്തുന്നവരാകാതെ സുഖ പ്പെടുത്തുകയും ബലപ്പെടുത്തുകയും ചെയ്യുന്നവരാകാൻ നമുക്കു പരി ശ്രമിക്കാം. ഏകീകൃത ആരാധനക്രമത്തെ സംബന്ധിച്ചു നിലനില്ക്കുന്ന ഭിന്നതകൾ പരിഹരിക്കാനുള്ള ആദ്യവഴി, പരിശുദ്ധ റൂഹായെ ശ്രവിച്ചു സഭയ്ക്കു വിധേയപ്പെടുകയും വ്യക്തികളും സമൂഹങ്ങളും തമ്മിലുള്ള അനുരഞ്ജനം സാധ്യമാക്കുകയുമാണ്. വിശുദ്ധ പൗലോസ് ശ്ലീഹാ യുടെ വാക്കുകൾ നമുക്ക് ഓർമിക്കാം: ''അവൻ നമ്മുടെ സമാധാനമാണ്; അവൻ ഇരുകൂട്ടരെയും ഒരുമിപ്പിക്കുകയും ശത്രുതയുടെ മതിലുകൾ തകർക്കുകയും ചെയ്തു'' (എഫേസൂസ് 2:14). അതിനാൽ, വ്യക്തികളും സമൂഹങ്ങളും തമ്മിലുള്ള അകല്ച്ചകൾ ഇല്ലാതാക്കി എല്ലാവരെയും അനുരഞ്ജനത്തിലേക്കു നയിക്കാൻ സഭ മുഴുവനും പ്രതിജ്ഞാബദ്ധ മാണ്. പരിശുദ്ധ പിതാവു ഫ്രാൻസിസ് പാപ്പ നമ്മുടെ സഭയ്ക്കു നല് കിയ സന്ദേശത്തിൽ പറഞ്ഞതുപോലെ; 'ഐക്യം നിലനിറുത്തുന്നത് ഒരു നല്ല ഉപദേശം മാത്രമല്ല കർത്തവ്യവുമാണ്'. ഐക്യം നിലനിറുത്താ നുള്ള കർത്തവ്യം ഓരോ വിശ്വാസിക്കും ഉണ്ടെന്നതു നമുക്കു തിരിച്ച റിയാം.

## പരിശുദ്ധ കുർബാനയോടുള്ള സ്നേഹത്തിൽ വളരാം

ക്രൈസ്തവജീവിതത്തിന്റെ ഉറവിടവും മകുടവുമാണു പരിശുദ്ധ കുർബാന. നമ്മുടെ കർത്താവു പാപികളും അയോഗ്യരുമായ നമ്മിലേക്കു കടന്നുവരുന്ന അമൂല്യ നിമിഷങ്ങളാണ് വിശുദ്ധ കുർബാനയിൽ നാം അനുഭവിക്കുന്നത്. അത്യാദരവോടും ഭക്തിയോടും കൂടെ വേണം പരി ശുദ്ധ കുർബാനയെ സമീപിക്കാൻ. നമ്മുടെ സഭയിൽ പരിശുദ്ധ കുർ ബാനയെ അവഹേളിക്കുന്ന ചില സംഭവങ്ങൾ ഉണ്ടായതു നമ്മെ ഏറെ വേദനിപ്പിക്കുകയും അനേകർക്ക് ഉതപ്പിനു കാരണമാകുകയും ചെയ്തി

ട്ടുണ്ട്. ഇതിനു മാനുഷികമായ പരിഹാരങ്ങൾ അപര്യാപ്തമാണെങ്കിലും പരിശുദ്ധ കുർബാനയോടുള്ള ഭക്തിയിൽ വളരാനും പരിശുദ്ധ കുർബാനയ്ക്കുനേരേ ഉണ്ടായ അവഹേളനത്തിനു പരിഹാരം ചെയ്യാനുമായി 2025 സെപ്റ്റംബർ 12 വെള്ളിയാഴ്ച സീറോമലബാർസഭ മുഴുവനിലും ഒരു മണിക്കൂർ വിശുദ്ധകുർബാനയുടെ ആരാധനനടത്താൻ ഞാൻ എല്ലാവരെയും ആഹ്വാനംചെയ്യുന്നു.

## സഭയുടെ സിനഡാത്മകത

സഭാജീവിതത്തെ പുതിയ കാലത്തിനനുസരിച്ചു നിർവചിച്ച സുപ്രധാനമായൊരു കാൽവയ്പ്പായിരുന്നു 2023, 2024 വർഷങ്ങളിൽ റോമിൽ നടന്ന സിനഡാലിറ്റിയെക്കുറിച്ചുള്ള സിനഡു സമ്മേളനങ്ങൾ. സഭയിൽ നാമെല്ലാം സഹയാത്രികരാണെന്നുള്ള തിരിച്ചറിവോടെ, ക്രിയാത്മകമായ ശ്രവണത്തിന്റെയും ആശയവിനിമയത്തിന്റെയും വേദികളാക്കി സഭാഘടകങ്ങളെ മാറ്റാനുള്ള മാർഗങ്ങളെക്കുറിച്ചു സിനഡു പഠിക്കുകയും വിവിധ തലങ്ങളിൽ ചർച്ചകൾ നടത്തി, സാധിക്കുന്നവരെയെല്ലാം ശ്രവിച്ചു അനുയോജ്യമായ കർമ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കാൻ രൂപതകളെ ചുമതലപ്പെടുത്തുകയും ചെയ്തു.

## സമുദായ ശക്തീകരണവർഷം 2026

ഒരു സമുദായം എന്നനിലയിൽ സാമൂഹികയിടങ്ങളിൽ നാം മുന്നേറിയിരുന്ന പല മേഖലകളിലും ഇപ്പോൾ പിന്നാക്കം പോയിരിക്കുന്നുവെന്ന തിരിച്ചറിവായിരുന്നു പാലായിൽ നടത്തപ്പെട്ട മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി പ്രകടിപ്പിച്ചത്. എണ്ണത്തിൽ നാം കുറഞ്ഞതും യുവതലമുറ വിദേശരാജ്യങ്ങളിലേക്ക് പറിച്ചുനടപ്പെടുന്നതും നമ്മുടെ അതിജീവനത്തിനു വലിയ വെല്ലുവിളികൾ ഉയർത്തുന്നുണ്ട്. ഇവയ്ക്കു പരിഹാരം കാണുന്നതിനും നമ്മുടെ ഇടയിൽ ശക്തമായ സമുദായബോധം ഉളവാക്കുന്നതിനുമായി സീറോമലബാർസഭ 2026 സമുദായ ശക്തീകരണവർഷമായി ആചരിക്കുകയാണ്. എല്ലാ രൂപതകളുടെയും നേതൃത്വത്തിൽ ബോധവല്ക്കരണപരിപാടികൾ ആരംഭിക്കാനും നമ്മുടെ സമുദായത്തെ മുഖ്യധാരയിലേക്കു കൊണ്ടുവരുന്നതിനുപകരിക്കുന്ന ക്രിയാത്മകമായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കാനും ഈ വർഷം എല്ലാവരെയും ആഹ്വാനംചെയ്യുന്നു.

## പുതിയ മെത്രാപ്പോലീത്തൻ പ്രവിശ്യകൾ

സീറോമലബാർസഭയുടെ വളർച്ചയിൽ പുതിയൊരു അധ്യായം കുറി

ച്ചുകൊണ്ടു കേരളത്തിനു പുറത്തു നാലു പുതിയ മെത്രാപ്പോലീത്തൻ പ്രവിശ്യകൾ രൂപീകരിക്കാനും, ഷംഷാബാദ് രൂപതയുടെ വിസ്തൃതമായ പ്രദേശങ്ങളെ അജപാലനസൗകര്യം പരിഗണിച്ചുകൊണ്ടു മറ്റു രൂപതകളുമായി കൂട്ടിച്ചേർത്തു അവയുടെ അതിർത്തികളെ പുനർനിർണയിക്കാനും പരിശുദ്ധ സിംഹാസനത്തിന്റെ അനുവാദത്തോടെ നമുക്കു സാധിച്ചു. ഭാരതം മുഴുവനിലും അജപാലന അധികാരമുണ്ടായിരുന്ന മാർത്തോമാനസ്രാണികളുടെ പുരാതനമായ സഭാഘടനയിലേക്കുള്ള സുപ്രധാനമായ ചുവടുവയ്പ്പാണിത്. പുതിയ മെത്രാപ്പോലീത്തൻ പ്രവിശ്യകളായി ഉയർത്തപ്പെട്ട ഫരീദാബാദ്, ഉജ്ജയിൻ, കല്യാൺ, ഷംഷാബാദ് എന്നീ അതിരൂപതകൾക്കും അവയുടെ അധ്യക്ഷന്മാരായ മാർ കുര്യാക്കോസ് ഭരണികുളങ്ങര, മാർ സെബാസ്റ്റ്യൻ വടക്കേൽ, മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ എന്നിവർക്കും പ്രാർഥനാശംസകൾ നേരുന്നു.

## സഭയ്ക്കു പ്രത്യാശയായി പുതിയ മെത്രാന്മാർ

കഴിഞ്ഞ എട്ടു വർഷങ്ങളായി സീറോമലബാർസഭയുടെ കൂരിയാമെത്രാനായി സ്തുത്യർഹമായി സേവനംചെയ്തുവന്ന അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവു കല്യാൺ രൂപതയുടെ മൂന്നാമത്തെ മേലധ്യക്ഷനായും പ്രഥമ മെത്രാപ്പോലീത്തായായും നിയമിക്കപ്പെട്ടിരിക്കുകയാണ്. ആഴമായ ആത്മീയതയും സാഹോദര്യഭാവവും അജപാലനതീക്ഷ്ണതയും കൈമുതലായുള്ള അഭിവന്ദ്യ സെബാസ്റ്റ്യൻ പിതാവിനു പുതിയ ദൗത്യത്തിൽ ദൈവാനുഗ്രഹങ്ങൾ നേരുന്നു. കഴിഞ്ഞ ഇരുപത്തൊമ്പതു വർഷങ്ങളായി കല്യാൺ രൂപതയെ നയിക്കുകയും സീറോമലബാർ സഭയുടെ ആരാധനാക്രമഗ്രന്ഥങ്ങളുടെ രൂപീകരണത്തിൽ നിർണായക സംഭാവനകൾ നല്കുകയും ചെയ്ത മാർ തോമസ് ഇലവനാൽ പിതാവിനു നന്ദിയർപ്പിക്കുന്നു. ബെൽത്തങ്ങടി രൂപതയുടെ രണ്ടാമത്തെ മെത്രാനായി തിരഞ്ഞെടുക്കപ്പെട്ട പെരിയ ബഹു. ജെയിംസ് പട്ടേരിൽ അച്ചനു പ്രാർഥനാശംസകൾ നേരുന്നു. ക്ലരീഷ്യൻ സന്യാസ സമൂഹാംഗമായ അദ്ദേഹത്തിന്റെ പ്രേഷിതതീക്ഷ്ണതയും പ്രാഗൽഭ്യവും ബൽത്തങ്ങടി രൂപതയെ കൂടുതൽ ഉയരങ്ങളിലേക്കു നയിക്കട്ടെ എന്നു പ്രാർഥിക്കുന്നു. കഴിഞ്ഞ 26 വർഷങ്ങളായി ബൽത്തങ്ങടി രൂപതയെ അതിന്റെ ബാലാരിഷ്ടതകളിൽനിന്നും വളർത്തി വലുതാക്കിയ അഭിവന്ദ്യ മാർ ലോറൻസ് മുക്കുഴി പിതാവിനെ കൃതജ്ഞതയോടെ അനുസ്മരിക്കുന്നു. അദിലാബാദ് രൂപതയുടെ പുതിയ

അധ്യക്ഷനായി നിയമിതനായ പെരിയ ബഹു. ജോസഫ് തച്ചാപറമ്പത്തു അച്ചനു ഹൃദ്യമായ പ്രാർഥനാശംസകൾ നേരുന്നു. സി.എം.ഐ. സന്യാസ സമൂഹാംഗമായ അദ്ദേഹത്തിന്റെ വിശ്വാസതീക്ഷണതയും അനുഭവപരിചയവും അദിലാബാദ് രൂപതയ്ക്കു മികച്ച നേതൃത്വം നല്കാൻ കരുത്താകും. കഴിഞ്ഞ 10 വർഷങ്ങളായി തികഞ്ഞ പ്രേഷിത ചൈതന്യത്തോടെ അദിലാബാദ് രൂപതയെ നയിക്കുകയും, ഇപ്പോൾ ഷംഷാബാദ് രൂപതാധ്യക്ഷനായി സേവനം അനുഷ്ഠിക്കുകയും ചെയ്യുന്ന മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ പിതാവിനു ഹൃദയപൂർവം നന്ദിപറയുന്നു.

പ്രിയപ്പെട്ടവരേ,

സീറോമലബാർസഭ ഒരു തികഞ്ഞ പൗരസ്ത്യസഭയാണെന്നും പുരാതനമായ അതിന്റെ പൈതൃകങ്ങൾ സംരക്ഷിച്ചുകൊണ്ടാണു സാർവത്രികസഭയിൽ അതിന്റെ ദൗത്യം നിറവേറ്റേണ്ടതെന്നുമുള്ള ബോധ്യത്തിൽ നാം വളരേണ്ടതുണ്ട്. പൗരസ്ത്യസഭകളുടെ ജൂബിലി ആഘോഷാവസരത്തിൽ പരിശുദ്ധ പിതാവ് ലെയോ മാർപാപ്പ ഇപ്രകാരം പറഞ്ഞു: 'പൗരസ്ത്യസഭകൾക്കു സാർവത്രികസഭയ്ക്കു നല്കാൻ കഴിയുന്ന സംഭാവനകൾ വളരെ വലുതാണ്. നിങ്ങളുടെ ആരാധനക്രമത്തിൽ സജീവമായി നിലനില്ക്കുന്ന ദിവ്യരഹസ്യാത്മകതയുടെ ഭാവങ്ങൾ വീണ്ടെടുക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. മനുഷ്യനെ, അവന്റെ പൂർണതയിൽ ഉൾക്കൊള്ളുന്ന, രക്ഷയുടെ സൗന്ദര്യത്തെ പ്രകീർത്തിക്കുന്ന, ദൈവത്തിന്റെ മഹത്വം മാനുഷിക ബലഹീനതയെ എങ്ങനെ ആശ്ലേഷിക്കുന്നുവെന്നതിൽ അത്ഭുതബോധം ഉണർത്തുന്ന, പൗരസ്ത്യ ആരാധനക്രമപാരമ്പര്യങ്ങളെ വീണ്ടെടുക്കുകയും നിലനിറുത്തുകയും ചെയ്യണം. പ്രായോഗികതയുടെയോ സൗകര്യത്തിന്റെയോപേരിൽ അവയെ നഷ്ടപ്പെടുത്തരുത്'. നമ്മുടെ സഭയുടെ പൗരസ്ത്യതനിമയും ആരാധനക്രമത്തിന്റെ വൈശിഷ്ട്യവും പഠിക്കാൻ നാം തയ്യാറാകുമ്പോൾ ഐക്യശ്രമങ്ങൾ ഫലവത്താകും എന്നതു തീർച്ചയാണ്. വെല്ലുവിളികളുടെ നടുവിൽ കരുത്തോടെ പ്രകാശിച്ച ചരിത്രമാണു നമ്മുടെ സഭയുടേത്. ലോകത്തിന്റെ അതിർത്തികൾവരെ സുവിശേഷസന്ദേശം അറിയിക്കാൻ വിളിക്കപ്പെട്ട നമുക്കു വിശ്രമമില്ലാതെ പ്രവർത്തിക്കേണ്ടതുണ്ട്. ദൈവവചനത്തിലും കൂദാശകളിലും നിന്നു ശക്തി സംഭരിച്ചുകൊണ്ടു കൂട്ടായ്മയിൽ വളർന്നു സഭയുടെ ദൗത്യത്തെ ശക്തിപ്പെടുത്താൻ നമുക്കു സാധിക്കട്ടെ!

നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ യൗസേപ്പുപിതാവിന്റെയും മാർ തോമാശ്ലീഹായുടെയും സകല വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും അനുഗ്രഹവും നമ്മോടും നമ്മുടെ എല്ലാ പ്രവർത്തനങ്ങളോടുമൊപ്പം ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2025-ാം ആണ്ട് ആഗസ്റ്റു മാസം 29-ാം തീയതി നല്കപ്പെട്ടത്.



**✠ റാഫേൽ തട്ടിൽ**

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

---

**NB:** ***2025 സെപ്റ്റംബർ 14 ഞായറാഴ്ച*** *പരിശുദ്ധ കുർബാനമധ്യേ വായിക്കാനായി നൽകപ്പെട്ട സർക്കുലർ.*

## സർക്കുലർ

25 Ch. TCL 11

# ദൈവദാസന്മാരായ മാർ മാത്യു കാവുകാട്ടും പുത്തൻപറമ്പിൽ തൊമ്മച്ചനും

'സ്നേഹത്തിൽ ശുശ്രൂഷിക്കുക' എന്ന ആദർശവാക്യം സ്വീകരിച്ചുകൊണ്ട് 1950 മുതൽ 1969 വരെ ചങ്ങനാശ്ശേരി അതിരൂപതയെ നയിച്ച പുണ്യശ്ലോകനായ കാവുകാട്ട് പിതാവിന്റെ 56-ാമത് ഓർമപെരുന്നാൾ 2025 ഒക്ടോബർ 1 മുതൽ 9 വരെ ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ ആചരിക്കുകയാണ്. അവിഭക്ത ചങ്ങനാശ്ശേരി അതിരൂപതയിൽ ജനിച്ചു ദൈവവിളി സ്വീകരിച്ച് ചങ്ങനാശ്ശേരി രൂപതയുടെ മെത്രാനായി നിയോഗിക്കപ്പെട്ട കാവുകാട്ട് പിതാവു ജീവിച്ചിരിക്കുമ്പോൾതന്നെ വിശുദ്ധൻ എന്ന് അറിയപ്പെട്ട വ്യക്തിയാണ്.

പാവങ്ങളോടുള്ള കാരുണ്യവും തിരുസഭയുടെ പ്രബോധനങ്ങളോടുള്ള വിശ്വസ്തതയും കാവുകാട്ട് പിതാവിന്റെ ജീവിതത്തിന്റെ മുഖമുദ്രയായിരുന്നു. 'ഭാഗ്യവാനായ മെത്രാൻ' എന്നു ജോൺ 23-ാമൻ മാർപാപ്പ വിശേഷിപ്പിച്ച കാവുകാട്ട് പിതാവു സ്വർഗീയഭാഗ്യങ്ങളെ നോക്കി യാത്രചെയ്ത വ്യക്തിയാണ്. താൻ കണ്ടുമുട്ടിയ എല്ലാവരിലും ഈശോയുടെ മുഖം കാണാൻ സാധിച്ചു എന്നുള്ളതാണു കാവുകാട്ട് പിതാവിന്റെ വിശുദ്ധിയുടെ അടിസ്ഥാനം. പ്രക്ഷുബ്ധമായ സാഹചര്യങ്ങളിലൂടെ സഭ കടന്നുപോകേണ്ട അവസരങ്ങളിൽ അനിതരസാധാരണമായ ധീരതയോടും ദൈവാശ്രയബോധത്തോടുംകൂടി അദ്ദേഹം സഭയെ നയിച്ചു.


1950ൽ ചങ്ങനാശ്ശേരി രൂപതയുടെ മെത്രാനായി നിയോഗിക്കപ്പെട്ട കാവുകാട്ട് പിതാവിന്റെ മെത്രാഭിഷേക പ്ലാറ്റിനം ജൂബിലി വർഷമാണ് 2025. ഈ വർഷം ഒക്ടോബർ 9 മുതൽ പിതാവിന്റെ മെത്രാഭിഷേക ദിനമായ നവംബർ 9 വരെയുള്ള ഒരു മാസക്കാലം പ്രത്യേകമായി അനുസ്മരണ പരിപാടികളോടെ മെത്രാഭിഷേക പ്ലാറ്റിനം ജൂബിലിയാഘോഷങ്ങൾ നടത്തപ്പെടുകയാണ്. ജൂബിലിയോടനുബന്ധിച്ചു വിവിധ സിംപോസിയങ്ങൾ, കാവുകാട്ട് തീർഥാടനം (നവംബർ 9) തുടങ്ങിയവ ക്രമീകരിച്ചിട്ടുണ്ട്. പിതാവിന്റെ ജീവിതത്തെപ്പറ്റി സമഗ്രമായി അവതരിപ്പിക്കുന്ന കാവുകാട്ട് മ്യൂസിയം സന്ദർശിക്കാനും ഈ ദിവസങ്ങളിൽ പരിശ്രമിക്കുമല്ലോ.

ദൈവദാസനായ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ 117-ാമത് അനുസ്മരണം നവംബർ ഒന്നിനു നാം ആചാരിക്കുകയാണ്. സഭയോടു ചേർന്നുനിന്നുകൊണ്ട്, ഈശോയുടെ സുവിശേഷത്തിനു സാക്ഷ്യം നൽകിയ ദൈവദാസൻ തൊമ്മച്ചന്റെ ജീവിതശൈലി, നമ്മുടെ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. രണ്ടാം ക്രിസ്തു എന്നറിയപ്പെടുന്ന അസ്സീസ്സിയിലെ വി. ഫ്രാൻസിസിന്റെ ആധ്യാത്മികതയിൽനിന്നും പ്രചോദനം ഉൾക്കൊണ്ടു ദാരിദ്ര്യം, ലാളിത്യം, തപസ്ചര്യ, അനുസരണം, സാധുജനസേവനം, പ്രേഷിതപ്രവർത്തനം എന്നിവ തന്റെ അല്മായജീവിതാന്തസിൽ സമന്വയിപ്പിച്ചുകൊണ്ട്, ഈശോയുടെ സുവിശേഷത്തിനു സാക്ഷിയായി, തൊമ്മച്ചൻ ജീവിച്ചു.

ഈ പുണ്യാത്മാവിന്റെ അനുസ്മരണം ഒക്ടോബർ 24 മുതൽ നവംബർ 1 വരെ എടത്വാ സെന്റ് ജോർജ് ഫൊറോനാപ്പള്ളിയിൽ ആചരിക്കുകയാണ്.

ഈ ദൈവദാസന്മാരുടെ സ്വർഗീയമാധ്യസ്ഥ്യം തേടാനും മാതൃക അനുകരിക്കാനും സഭയെ ഒരേസമയം ദൈവിക-മാനുഷികമുഖത്തോടെ ലോകത്തിനു മുമ്പിൽ അവതരിപ്പിക്കാനും ഈ അനുസ്മരണങ്ങൾ സഹായമാകട്ടെ. നിങ്ങളുടെ എല്ലാവരുടെയും സാന്നിധ്യവും സഹകരണവും പ്രതീക്ഷിക്കുന്നു. ദൈവാനുഗ്രഹങ്ങൾ നേരുന്നു.

സ്നേഹപൂർവം,



**✠ തോമസ് തറയിൽ**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ

സ്ലീവാ രണ്ടാം ഞായർ
മാർ മത്തായി ശ്ലീഹാ
(21.09.2025)

---

**NB:** ***2025 ഒക്ടോബർ 5 ഞായറാഴ്ച*** പരിശുദ്ധ കുർബാനമധ്യേയുള്ള വചനപ്രഘോഷണത്തിനുശേഷം ഈ സർക്കുലർ വായിക്കേണ്ടതാണ്.

# സർക്കുലർ

25 Ch. TCL 12

# ലഹരിവ്യാപനത്തിനെതിരെ അണിനിരക്കാം

വന്ദ്യ സഹോദരരേ പ്രിയ മക്കളേ,

അനിയന്ത്രിതമായ ലഹരിവ്യാപനം ഇന്നു കേരളസമൂഹം നേരിടുന്ന വലിയ വിപത്താണ്. നമ്മുടെ സമൂഹത്തിന്റെ ഭാവിയെത്തന്നെ ചോദ്യംചെയ്യുന്ന തരത്തിൽ, കുട്ടികളെയും യുവജനങ്ങളെയും ലഹരിമാഫിയ കെണിയിൽ വീഴ്ത്തിക്കൊണ്ടിരിക്കുന്നു. കേരളത്തിലെ ലഹരി ഉപഭോഗ വർധനവിന്റെ കണക്കുകൾ ഞെട്ടിക്കുന്നതും ആശങ്കാജനകവുമാണ്. 2024 ൽ നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസ് (NDPS) ആക്ട് പ്രകാരം 27,701 കേസുകളാണ് കേരളത്തിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഇത് ലഹരി ഉപയോഗത്തിനു കുപ്രസിദ്ധിയാർജിച്ച പഞ്ചാബിലെ കേസുകളുടെ മൂന്നിരട്ടിയിലധികമാണ്. മുൻവർഷങ്ങളെ അപേക്ഷിച്ച് 130% ത്തിന്റെ വർദ്ധനവാണ് കേസുകളിലുണ്ടായിരിക്കുന്നത്. സംസ്ഥാനത്തെ ഡീ അഡിക്ഷൻ സെന്ററുകളിൽ ചികിത്സ തേടിയെത്തുന്ന കുട്ടികളുടെ എണ്ണവും വർദ്ധിച്ചുവരികയാണ്. 2024 ൽ 2880 കുട്ടികളെയാണ് ഇപ്രകാരം ചികിത്സയ്ക്കു വിധേയമാക്കിയത്. ഇതു മുൻവർഷത്തേക്കാൾ 45 % അധികമാണ്. മുൻകാലങ്ങളിൽ ഉപയോഗിച്ചിരുന്ന കഞ്ചാവ്, ഹെറോയിൻ തുടങ്ങിയവയ്ക്കുപകരം MDMA പോലുള്ള രാസലഹരികളാണ് ഇപ്പോൾ കൂടുതലായി ഉപയോഗിക്കപ്പെടുന്നത്. ഇതു മനുഷ്യശരീരത്തിന്റെ രാസസന്തുലിതാവസ്ഥ തകർക്കുകയും അപരിഹാര്യമായ ആരോഗ്യപ്രശ്നങ്ങൾക്കു കാരണമാവുകയും ചെയ്യുന്നു. മാത്രമല്ല ഇത്തരം ലഹരിവസ്തുക്കൾ അവയുടെ ഉപയോക്താക്കളെ കൃത്രിമമായ ഉത്തേജനാവസ്ഥയിലെത്തിക്കുകയും ഗുരുതതരമായ കുറ്റകൃത്യങ്ങൾക്കു പ്രേരിപ്പിക്കുകയും ചെയ്യുന്നു. കൊലപാതകം, ബലാത്സംഗം, വധശ്രമം, ആക്രമണം എന്നിവയുൾപ്പെടെ 88 ക്രിമനൽ കേസുകളാണ് 2024 ൽ ഇപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടത്. 2021ൽ ഇതു വെറും 16 കേസുകൾ മാത്രമായിരുന്നു എന്നോർക്കണം.

നമ്മുടെ സമൂഹവും യുവതലമുറയും വലിയ അപകടത്തിലേ

ക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. 'സുഖലോലുപത, മദ്യാസക്തി, ജീവിതവ്യഗ്രത എന്നിവയാൽ നിങ്ങളുടെ മനസ്സു ദുർബലമാവുകയും, ആ ദിവസം ഒരു കെണിപോലെ പെട്ടെന്നു നിങ്ങളുടെമേൽ വന്നു വീഴുകയും ചെയ്യാതിരിക്കാൻ ശ്രദ്ധിക്കുവിൻ' (ലൂക്കാ 21:34). എന്ന തിരുവചനം ഇന്നത്തെ സാഹചര്യത്തിൽ വളരെ പ്രസക്തമാണ്. നമ്മുടെ മക്കളെ രക്ഷിക്കാൻ നാം മുന്നോട്ടിറങ്ങേണ്ടിയിരിക്കുന്നു. വിദ്യാലയങ്ങളിലും ഇടവകകളിലും കുടുംബങ്ങളിലുമെല്ലാം ബോധവത്കരണം നടത്തി, ലഹരിയുപയോഗത്തിന്റെ ആരോഗ്യപരവും സാമൂഹികവും നൈയാമികവുമായ പ്രത്യാഘാതങ്ങളെക്കുറിച്ച് കുട്ടികൾക്കും യുവജനങ്ങൾക്കും വ്യക്തമായ ധാരണ നൽകാൻ നമുക്കു സാധിക്കണം. ഇതിനായി ലഹരിവിരുദ്ധ സമിതികൾ ഇടവക, ഫൊറോനാ, അതിരൂപതാതലങ്ങളിൽ ആരംഭിക്കണം. കൂടാതെ സ്കൂളുകളിലും കോളജുകളിലും ലഹരിവിരുദ്ധ സ്കാഡുകൾ പ്രവർത്തിക്കണം. അതിരൂപതയുടെ ലഹരിവിരുദ്ധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന ആത്മതാകേന്ദ്രം ഇതിനു നേതൃത്വം നൽകുന്നതാണ്.

ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ കുടുംബങ്ങൾക്കു വലിയ പങ്കുണ്ട്. ഏറ്റവും പ്രധാനം മാതൃക നൽകലാണ്. നമ്മുടെ കുടുംബങ്ങൾ മദ്യപാനസദസുകളായി മാറാനിടയാകരുത്. കുടുംബനാഥൻമാരുടെ മദ്യപാനശീലവും നിയന്ത്രിക്കപ്പെടണം. മാതാപിതാക്കൾ കുട്ടികളുമായി തുറന്നു സംസാരിക്കുകയും അവരുടെ പ്രശ്നങ്ങൾ സഹാനുഭൂതിയോടെ കേൾക്കുകയും ലഹരിക്കെണിയിൽ വീഴാതിരിക്കാൻ ആവശ്യമായ കരുതലും ശ്രദ്ധയും നൽകുകയും ചെയ്യണം. കൂടാതെ കുട്ടികളെയും യുവജനങ്ങളെയും കലാകായിക രംഗങ്ങൾ, സാമൂഹിക ആത്മീയ പ്രവർത്തനങ്ങൾ എന്നിവയിൽ പങ്കുചേർത്തുകൊണ്ട് അവരുടെ കർമശേഷി ക്രിയാത്മകമായി ഉപയോഗിക്കണം.

ലഹരിക്ക് അടിമപ്പെട്ടുപോയവർക്ക് ആവശ്യമായിരിക്കുന്നത് ശരിയായ ചികിൽസയും മാനസിക പിന്തുണയുമാണ്. ചാസ്, ആത്മതാകേന്ദ്രം എന്നിവയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ഡീ അഡിക്ഷൻ സെന്ററുകളും കാനാ, സഞ്ജീവനി എന്നിവിടങ്ങളിലെ കൗൺസിലിങ്ങുകളും ഇതിനായി പ്രയോജനപ്പെടുത്തണം. സർക്കാർ ഏജൻസികളോടും സന്നദ്ധ സംഘടനകളോടും ചേർന്ന് ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ നാമോരോരുത്തരും പങ്കാളികളാകണം. ലഹരി മാഫിയകൾക്കെതിരെ ജാഗ്രത പാലിക്കുകയും സംശയാസ്പദമായ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപെട്ടാൽ അധികാരികളെ അറിയിക്കുകയും ചെയ്യണം. നമ്മുടെ സമൂഹത്തെ ലഹരിവിരുദ്ധമാക്കാ

നുള്ള ഈ മഹത്തായ യത്നത്തിൽ നമുക്ക് ഒന്നിച്ചുനിൽക്കാം. ഓരോ വ്യക്തിയും ഓരോ കുടുംബവും ഓരോ ഇടവകയും ഈ പോരാട്ടത്തിൽ സഹകാരികളാകും എന്ന പ്രതീക്ഷയോടെ,

സസ്നേഹം

**✠ തോമസ് തറയിൽ**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ

---

NB: ***2025 ഒക്ടോബർ 19 ഞായറാഴ്ച*** പരിശുദ്ധ കുർബാനമധ്യേയുള്ള വചന പ്രഘോഷണത്തിനുശേഷം ഈ സർക്കുലർ വായിക്കേണ്ടതാണ്.

No.: 4136/K-5/KCBC/OL/DS 13.09.2025

## 2025 മഹാ ജൂബിലി സമാപനസമ്മേളനത്തോടനുബന്ധിച്ചു കെ.സി.ബി.സി. പുറപ്പെടുവിക്കുന്ന ഇടയലേഖനം ഡിസംബർ 13, 2025

മ്ശിഹായിൽ പ്രിയ വൈദികരേ, സന്യസ്തരേ, സഹോദരീസഹോദരന്മാരേ

''പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല'' *(റോമാ 5:5)*. വി. പൗലോസ് ശ്ലീഹാ റോമാക്കാർക്കെഴുതിയ ലേഖനത്തിലെ ഈ വാക്കുകൾ, ക്രൈസ്തവജീവിതത്തിലെ കൃപയുടെ സാന്നിധ്യത്തെ ഓർമിപ്പിക്കുന്നു. പ്രത്യാശയുടെ ഈ സന്ദേശമാണ് 2025ലെ സാധാരണ ജൂബിലിയുടെ ആപ്തവാക്യമായി ഫ്രാൻസിസ് മാർപാപ്പ നമുക്കു നൽകിയതും.

*Spes non confundit* (പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല) എന്ന പാപ്പായുടെ ജൂബിലി സ്ഥാപകലേഖനത്തിലൂടെ, ഈ ജൂബിലി വർഷം ഓരോ വ്യക്തിക്കും കർത്താവായ ഈശോമ്ശിഹായെ വ്യക്തിപരമായി കണ്ടുമുട്ടാനുള്ള അവസരമാകണമെന്നു ഫ്രാൻസിസ് പാപ്പാ ആഗ്രഹിച്ചു. ''നമ്മുടെ പ്രത്യാശ'' *(1 തിമോ. 1:1)* ആയ മ്ശിഹായെ എല്ലാക്കാലത്തും എല്ലായിടത്തും എല്ലാവരോടും പ്രഘോഷിക്കാൻ തിരുസഭ വിളിക്കപ്പെട്ടിരിക്കുന്നു.

ഭാവിയെക്കുറിച്ചുള്ള അനിശ്ചിതത്വങ്ങൾക്കിടയിൽ പ്രതീക്ഷയും ആനന്ദവും വെറും മിഥ്യയാണെന്നുള്ള കാഴ്ചപ്പാടുകൾ വളരുകയും നിസംഗതയും ആകുലതയും ക്രമരഹിതമായി വ്യാപിക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ പ്രത്യാശ വീണ്ടെടുക്കാനുള്ള അവസരമാണു ജൂബിലി നൽകുന്നത്. ഈശോമ്ശിഹായിലുള്ള വിശ്വാസമാണു നമുക്കു പ്രത്യാശ പകരുന്നത്. നമ്മുടെ കാലഘട്ടത്തിന്റെ വെല്ലുവിളികളോടു പ്രത്യാശയോടെ പ്രതികരിക്കാൻ വിശ്വാസം നമുക്ക് ഊർജം പകരുന്നു. ജീവിതത്തിന്റെ മാന്യതയും ജീവന്റെ മാഹാത്മ്യവും ഭീതികരമായ രീതിയിൽ അവഗണിക്കപ്പെടുന്ന യുദ്ധങ്ങൾ, വംശീയകലാപങ്ങൾ, അധിനിവേശശ്രമങ്ങൾ, ദാരിദ്ര്യം, ചൂഷണം തുടങ്ങിയ യാഥാർഥ്യങ്ങളോടു മുഖംതിരിഞ്ഞുനിൽക്കാൻ സഭയ്ക്കാകില്ല. അതുകൊണ്ടുതന്നെ, ഈ ജൂബിലി വർഷത്തിന്റെ അവസാനദിനങ്ങളിൽ ഭാഗ്യസ്മരണാനാർഹനായ ഫ്രാൻസിസ് പാപ്പായുടെ വാക്കുകൾ ഒരിക്കൽക്കൂടി വിചിന്തനവിധേയമാക്കാൻ ഞങ്ങൾ നിങ്ങളോട് ആവശ്യപ്പെടുന്നു.

യുദ്ധദുരിതങ്ങളിൽ മുങ്ങിയിരിക്കുന്ന ഈ ലോകത്തു സമാധാന

സ്ഥാപനത്തിനായുള്ള നമ്മുടെ ആഗ്രഹം പ്രത്യാശയുടെ ആദ്യ അടയാളമായിരിക്കണം. സമാധാനം സ്ഥാപിക്കുന്നവർ ദൈവപുത്രരെന്നു വിളിക്കപ്പെടുമെന്ന് ഈശോയുടെ വാക്കുകൾ നമ്മെ ഓർമിപ്പിക്കുന്നു *(മത്താ. 5:9)*. സമാധാനസ്ഥാപനത്തിനായി ലോകനേതാക്കൾ മേശയ്ക്കരികിൽ സംവാദത്തിനു തയ്യാറാകണം; നമ്മുടെ കാഴ്ചപ്പാടുകളും ആഭിമുഖ്യങ്ങളും അതിനായി ക്രമപ്പെടുത്തണം; അതിനായി തീക്ഷ്ണമായി പ്രാർഥിക്കുകയും വേണം.

പ്രത്യാശയോടെ ഭാവിയെ ഉറ്റുനോക്കുന്നതു ജീവനോടുള്ള ആദരവിനെയും അതു പങ്കുവെക്കാനുള്ള സന്നദ്ധതയെയും സൂചിപ്പിക്കുന്നു. അമ്മയുടെ ഉദരത്തിൽ തുടങ്ങി സാധാരണ അന്ത്യംവരെയുള്ള ജീവന്റെ മാഹാത്മ്യം അംഗീകരിക്കപ്പെടണം. യുവതലമുറയുടെ സ്വപ്നങ്ങളെ പിന്തുണയ്ക്കുന്ന ഒരു സാമൂഹികക്രമത്തിനു ക്രിസ്തീയസമൂഹം എന്നും മുന്നിൽ നിൽക്കണം. തടവുകാർ ഉൾപ്പെടെയുള്ളവർക്കു പ്രത്യാശ പകരുന്നതിനു നമുക്കു കടമയുണ്ട്. ഉദാരതയുടെയല്ല, മറിച്ചു നീതിയുടെ കാര്യമെന്ന നിലയിൽതന്നെ ദാരിദ്ര്യം അവസാനിപ്പിക്കാനുള്ള ശ്രമങ്ങളിലേക്കു സമൂഹത്തെയും ലോകരാഷ്ട്രങ്ങളെയും നയിക്കാൻ പ്രത്യാശയുടെ തീർഥാടകരെന്നനിലയിൽ ക്രൈസ്തവസാന്നിധ്യത്തിനു കഴിയണം. ആയുധങ്ങൾക്കായി ചെലവഴിക്കുന്ന പണം ദാരിദ്ര്യം അവസാനിപ്പിക്കാനും ദരിദ്രരാജ്യങ്ങളുടെ വികസനം പ്രോത്സാഹിപ്പിക്കാനും ഉപയോഗിക്കണമെന്ന് ആവശ്യപ്പെടാൻ നമുക്കു കഴിയണം. ദരിദ്രർ, രോഗികൾ, വൃദ്ധർ, ഭിന്നശേഷിക്കാർ, കുടിയേറ്റക്കാർ, അഭയാർഥികൾ എന്നിങ്ങനെ പ്രത്യേകപരിഗണന അർഹിക്കുന്നവരുടെ മുന്നിൽ പ്രത്യാശയുടെ അടയാളങ്ങളാകാൻ ജൂബിലി നമ്മെ ക്ഷണിക്കുന്നു.

പ്രത്യാശയും ക്ഷമയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. നിഖ്യാ സൂനഹദോസിന്റെ 1700-ാം വാർഷികമാഘോഷിക്കുന്ന ഈ ജൂബിലി അവസരം, എല്ലാ സഭകൾക്കും കൂട്ടായ്മകൾക്കും ഐക്യത്തിലേക്കുള്ള യാത്രയിൽ മുന്നോട്ടുപോകാനുള്ള ഒരു ആഹ്വാനം കൂടിയാണ്. ''നമ്മുടെ ആത്മാവിന്റെ ഉറപ്പുള്ളതും സുസ്ഥിരവുമായ ഒരു നങ്കൂരം''മായി *(ഹെബ്രാ. 6:19)* പ്രത്യാശയെ മുറുകെപ്പിടിക്കാൻ തയ്യാറാകണം. പരിശുദ്ധ പിതാവു ലെയോ 14-ാമൻ പാപ്പ 2025 ഓഗസ്റ്റ് മൂന്നിനു റോമിൽ നടത്തപ്പെട്ട യുവജന ജൂബിലിക്കു നൽകിയ വചനസന്ദേശത്തിൽ ഈ ആശയങ്ങളെ വ്യക്തമായി സംഗ്രഹിക്കുന്നുണ്ട്. ''നമ്മുടെ പ്രത്യാശ'' *(1 തിമോ. 1:1)* ആയ മ്ശിഹായോട് ഐക്യപ്പെടുമ്പോൾ നാം ഓരോരുത്തരും അനുകമ്പയിലും ഉപവിയിലും ദയയിലും എളിമയിലും ക്ഷമയിലും സമാധാനത്തിലും വളരേണ്ടതായിട്ടുണ്ട്. കാരണം, പ്രത്യാശ പ്രകടമാക്കുന്നത്

ദൈവസ്നേഹമാണ്. അതുകൊണ്ടാണു പ്രത്യാശ നമ്മെ നിരാശപ്പെടുത്താത്തത്.

## ജൂബിലി സമാപനസമ്മേളനം

''പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല'' *(റോമാ 5:5)* എന്ന സന്ദേശം ഒരിക്കൽക്കൂടി പങ്കുവെക്കുന്നതിനായി ജൂബിലി വർഷാചരണത്തിന്റെ സമാപനസമ്മേളനം കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ആഭിമുഖ്യത്തിൽ 2025 ഡിസംബർ 13നു ചാലക്കുടി ഡിവൈൻ ധ്യാന കേന്ദ്രത്തിൽ നടത്തപ്പെടുന്നതാണ്. രൂപതകൾ, സന്യാസസമൂഹങ്ങൾ, സഭാസംഘടനകൾ എന്നിവയിൽനിന്നുള്ള നിശ്ചയിക്കപ്പെട്ട പ്രതിനിധികൾ ഈ സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്. രാവിലെ പത്തിന് ആരംഭിക്കുന്ന പൊതുസമ്മേളനത്തിനുശേഷം വൈദികർ, സന്യസ്തർ, അല്മായർ, യുവജനങ്ങൾ, വൈദികാർഥികൾ എന്നിങ്ങനെ വിവിധ വിഭാഗങ്ങളായി തിരിഞ്ഞുള്ള പഠനവും ചർച്ചയും ഉണ്ടായിരിക്കുന്നതാണ്. സമൂഹമായുള്ള പരിശുദ്ധ കുർബാനയും തുടർന്നുള്ള സമാപന സമ്മേളനവുമുൾപ്പെടെയുള്ള ജൂബിലി സമ്മേളനത്തിന്റെ പരിപാടികൾ വൈകിട്ടു നാലോടെ സമാപിക്കുന്നതാണ്.

സന്യാസസമൂഹങ്ങൾ, സംഘടനകൾ, ഇടവകകൾ എന്നിവയിൽ നിന്നുള്ള പ്രതിനിധികളെ രൂപതാടിസ്ഥാനത്തിൽ മുൻകൂട്ടി നിശ്ചയിച്ച്, രൂപതകാര്യാലയങ്ങളിൽനിന്നും 2025 ഒക്ടോബർ മുപ്പത്തിയൊന്നിനുള്ളിൽ പി.ഒ.സി. ഡയറക്ടറെ അറിയിക്കേണ്ടതാണ്. ജൂബിലി സമ്മേളനത്തിന്റെ വിജയത്തിനായി ഏവരുടെയും സഹകരണവും പ്രാർഥനയും അഭ്യർഥിക്കുന്നു. പ്രത്യാശയുടെ സുവർണതാരകമായ പരിശുദ്ധ കന്യകാമറിയത്തിന്റെ മാധ്യസ്ഥ്യം നമുക്കപേക്ഷിക്കാം. ഈ ജൂബിലിയാഘോഷം എല്ലാവരുടെയും ജീവിതത്തിൽ പ്രത്യാശയുടെ പുതുവഴി തുറക്കട്ടെ. സർവശക്തനായ ദൈവത്തിന്റെ സംരക്ഷണം ഏവർക്കും ലഭിക്കട്ടെ!

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ**
(പ്രസിഡന്റ്)

**ബിഷപ് പോളി കണ്ണൂക്കാടൻ**
(വൈസ് പ്രസിഡന്റ്)

**ബിഷപ് അലക്സ് വടക്കുംതല**
(സെക്രട്ടറി ജനറൽ)

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി - 682 025




# I

## MARRIAGE BANNS PRIOR TO BETROTHAL

At the XXXIII Synod of Bishops of the Syro-Malabar Church, held at Mount St. Thomas, Kakkanad from August 18 to 29, 2025, it was decided that the parish priest of either the bride or the groom could grant permission to publish the three marriage banns prior to betrothal.

# II

## മിഷൻ ഞായർ

**ഒക്ടോബർ 19-ാം** തീയതിയാണ് ഈ വർഷത്തെ മിഷൻ ഞായർ. ‘‘എല്ലാ ജനതകൾക്കിടയിലും പ്രത്യാശയുടെ മിഷണറിമാർ’’ എന്നതാണ് 2025ലെ ലോകപ്രേഷിതദിനത്തിന്റെ ആപ്തവാക്യം.

മിഷൻ ഞായറാഴ്ചയിലെ സ്തോത്രക്കാഴ്ച *2025 ഒക്ടോബർ 31നു* മുമ്പായി അതിരൂപതാസാമ്പത്തികകാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.


# III

## പഠനശിബിരം

2018-2024 വർഷങ്ങളിൽ പൗരോഹിത്യം സ്വീകരിച്ച അതിരൂപതാംഗങ്ങളായ വൈദികർക്കായി ഒരു പഠനശിബിരം **2025 നവംബർ 24 (തിങ്കൾ) മുതൽ 25 (ചൊവ്വ) വരെ** കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ ക്രമീകരിച്ചിരിക്കുന്നു. *24 രാവിലെ പത്തിന് ആരംഭിച്ച് 25 വൈകുന്നേരം നാലിനു സമാപിക്കുന്ന* ഈ ശിബിരത്തിൽ മുകളിൽ സൂചിപ്പിച്ച വർഷങ്ങളിലെ വൈദികരെല്ലാവരും പങ്കെടുക്കേണ്ടതാണ്.

❑

# 'പ്രഭാഷണചാതുരിയും നർമരസവും നിറഞ്ഞ' വയലിൽ ബഹു. തോമസ് അച്ചൻ



അയർക്കുന്നം വയലിൽ ചാക്കോ–ഏലിയാമ്മ ദമ്പതികളുടെ മകനായി 1934 ഓഗസ്റ്റ് ആറിനു തോമസ് അച്ചൻ ജനിച്ചു. ജോസഫ് ചാക്കോ, പോൾ ചാക്കോ, ഏലിയാമ്മ, അന്നമ്മ എന്നിവരാണു സഹോദരങ്ങൾ. മാതാപിതാക്കളുടെ പൈതൃകത്തിൽ ദൈവികാശ്രയം വേണ്ടുവോളം ലഭിച്ച തോമസ് അച്ചൻ സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം വൈദികനാകണമെന്ന തന്റെ ആഗ്രഹം വികാരിയച്ചൻ വഴിയായി ദൈവദാസൻ മാർ മാത്യു കാവുകാട്ട് പിതാവിനെ അറിയിച്ചു. ഫസ്റ്റ് ക്ലാസ്സോടുകൂടി ഹൈസ്കൂൾ പാസായ അദ്ദേഹത്തിന്റെ പഠനസാമർഥ്യം മനസിലാക്കിയ കാവുകാട്ട്പിതാവ് അച്ചനെ പാറേൽ പെറ്റി സെമിനരിയിൽ പ്രവേശനം നൽകിയ ശേഷം ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ ബി.എ. പഠിക്കാൻ കൂടി നിയോഗിച്ചു.

ഫാ. തോമസ് പോരൂക്കരയായിരുന്നു പെറ്റി സെമിനരി റെക്ടർ. 'എടോ തൊമ്മൻ' എന്നാണു വാത്സല്യപൂർവം പോരൂക്കര അച്ചൻ വയലിൽ ശെമ്മാശനെ വിളിച്ചിരുന്നത്. 4 വർഷത്തെ കോളേജ് പഠനം പൂർത്തിയാക്കിയ അദ്ദേഹത്തെയും ജേക്കബ് ളാനിത്തോട്ടത്തിൽ അച്ചനെയും മേജർ സെമിനരിയിലേക്ക് അയച്ചതു പൂനെ പേപ്പൽ സെമിനരിയിലേക്കായിരുന്നു. അവിടെ അച്ചന്റെ കൂടെ കളത്തിൽ സിറിയക് അച്ചനും സീനിയറായി മാർ ജോസഫ് പവ്വത്തിൽപിതാവുമുണ്ടായിരുന്നു.

സെമിനരിയിൽ മലയാളം അക്കാഡമിയുടെ സജീവപ്രവർത്തകനായ വയലിൽ അച്ചൻ പ്രവർത്തിച്ചു. 1963 സെപ്റ്റംബർ 21നു പൂനെ ബിഷപ് ആൻഡ്രൂസ് അലക്സിസ് ഡിസൂസ വയലിൽ തോമസ് അച്ചനെയും ളാനിത്തോട്ടത്തിൽ ജേക്കബ് അച്ചനെയും വൈദികരായി അഭിഷേകം ചെയ്തു. ഒരാഴ്ച കഴിഞ്ഞ് വയലിൽ അച്ചൻ മാതൃയിടവകയിലെത്തി. ലളിതമായ തിരുപ്പട്ടസ്വീകരണത്തിന്റെ ആഘോഷങ്ങൾക്കുശേഷം തിയോളജി പഠനം പൂർത്തിയാക്കാനായി പൂനെ സെമിനരിയിലേക്കു തിരിച്ചുപോയി. 1964 മാർച്ചിൽ അച്ചൻ എൽ.ഡി.ഐ. ഡിഗ്രി നേടി നാട്ടിൽ തിരിച്ചെത്തി.

അന്നുമുതലാണു വയലിൽ അച്ചന്റെ അജപാലനധർമം ഔദ്യോഗികമായി തുടങ്ങുന്നത്. അച്ചൻ വൈദികനായി പുറത്തിറങ്ങുമ്പോഴേ പ്രസംഗചാതുരിയിൽ അറിയപ്പെട്ടിരുന്നു. എസ്.ബി. കോളജിൽ എം.എ.ക്കു പഠിക്കുമ്പോഴും

തുടർന്നും അച്ചൻ കേരളത്തിലുടനീളം കരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെ ആരംഭ ഘട്ടത്തിൽ ഉജ്ജ്വലവാഗ്മിയായി സെമിനാറുകളിലും തിരുനാൾപ്രസംഗങ്ങളിലും ധ്യാനപരിപാടികളിലും നിറസാന്നിധ്യമായിരുന്നു. അച്ചന്റെ തുറന്നടിച്ചുള്ള പ്രസംഗങ്ങൾ അൽപ്പം വിപ്ലവം നിറഞ്ഞതായി ചിലപ്പോൾ വ്യാഖ്യാനിക്കപ്പെട്ടിരുന്നെങ്കിലും ആഴ്ചയവസാനങ്ങൾ അച്ചന് ഒഴിവില്ലായിരുന്നു. അച്ചന്റെ ആദ്യത്തെ നിയമനം വടവാതൂർ സെന്റ് തോമസ് സെമിനരിയിലായിരുന്നു. അവിടത്തെ ശിഷ്യഗണം എപ്പോഴും ബഹു. അച്ചനെ അനുസ്മരിക്കുന്നത് അവർക്കു ശുദ്ധമലയാളം പഠിപ്പിച്ച അച്ചനെന്ന നിലയിലാണ്.

തോമസ് അച്ചന്റെ ശിഷ്യഗണത്തിലെ നിരവധി അഭി. പിതാക്കന്മാർ അച്ചനെ കാണാനും ക്ഷേമം അന്വേഷിക്കാനുമായി അച്ചൻ വിശ്രമജീവിതം നയിച്ചിരുന്ന ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ്സ് ഹോമിൽ എത്തിയിരുന്നു. അച്ചന്റെ ശിഷ്യഗണത്തിൽ  ഏറ്റവും പ്രധാനപ്പെട്ടയാളാണ് അഭി. മാർ ജോസഫ് പെരുന്തോട്ടംപിതാവ്. അച്ചനുമായി ഒരു പ്രത്യേക അടുപ്പവും സ്നേഹവും പിതാവ് എന്നും പുലർത്തിരുന്നു. തന്റെ തിരുപ്പട്ടത്തിനു വയലിൽ അച്ചൻ സുവിശേഷ പ്രഘോഷണം നടത്തിയകാര്യം അഭി. പെരുന്തോട്ടംപിതാവു തന്റെ അനുശോചനസന്ദേശത്തിൽ എടുത്തുപറയുകയുണ്ടായി.

വയലിൽ അച്ചൻ ചിക്കാഗോയിൽനിന്നു നാട്ടിലേക്കു തിരിച്ചുവരാൻ കാത്തിരിക്കുകയായിരുന്നെന്നു തോന്നിക്കുമാറ്, അഭി. പിതാവു നാട്ടിലേക്കു വരാൻ അദ്ദേഹത്തെ ക്ഷണിച്ചപ്പോൾ അതീവസന്തോഷത്തോടെ നാട്ടിലെത്തി കുറേ വർഷങ്ങൾ കൗൺസെലിങ് മേഖലയിൽ പ്രവർത്തിക്കാൻ കാരിത്താസിനു സമീപം ഒരു സെന്റർ തുടങ്ങി.

62 വർഷങ്ങൾ നീണ്ടുനിന്ന വയലിൽ അച്ചന്റെ പൗരോഹിത്യ ജീവിതത്തെ പറ്റിയുള്ള അർഥപൂർണമായ അനുസ്മരണം ചുരുങ്ങിയ ഒരോർമക്കുറിപ്പിൽ പകർത്തുന്നതു തികച്ചും അപൂർണമാണെന്നുള്ളതിനാൽ ഏതാനും കാര്യങ്ങൾ മാത്രം എടുത്തുപറയാൻ ഞാൻ ശ്രമിക്കുകയാണ്. ബഹു. വയലിൽ അച്ചൻ സെമിനരിയിൽ നൽകിയ അധ്യാപനശുശ്രൂഷയും അതിനുശേഷം എസ്.ബി. കോളജിൽ മലയാളം പ്രൊഫസറായി ഉലഹന്നാൻ മാപ്പിള, എം. എം. ജോസഫ് എന്നിവർക്കൊപ്പം ചെയ്ത സേവനങ്ങളും അതിന്റേതായ പ്രാധാന്യമർഹിക്കുന്നതാണ്.

എന്നാൽ, 1983ൽ അച്ചൻ അമേരിക്കയിലെത്തിയതു മുതലുള്ള അച്ചന്റെ ശുശ്രൂഷാമേഖല ആതുരസേവനരംഗത്തെ നിസ്തുലമായ ശുശ്രൂഷയായിരുന്നു. ലൊയോള യൂണിവേഴ്സിറ്റി കോളേജ് കേന്ദ്രീകരിച്ചുള്ള അച്ചന്റെ പാസ്റ്ററൽ സർവീസ് വളരെ ശ്രദ്ധേയമായിരുന്നു. ഹോസ്പിറ്റൽ മിനിസ്ട്രിയിൽ യോഗ്യത നേടാനായി ഒരു വർഷം പഠനവും പരിശീലനവും നേടിയതിനുശേഷം ലൊയോള യൂണിവേഴ്സിറ്റിയിൽ ചാപ്ലെനായി നിയമിതനായി. തുടർന്ന് അച്ചൻ ഡോക്ടറേറ്റ് നേടുകയും അങ്ങനെ ഡോക്ടർ സി. റ്റി. വയലിൽ എന്നറി

യപ്പെടാനും തുടങ്ങി. ക്ലിനിക്കൽ-പാസ്റ്ററൽ ശുശ്രൂഷകളിൽ എനിക്കും അച്ചന്റെ കൂടെനിന്നു സഹായവും നിർദ്ദേശവും നൽകാനുള്ള ഭാഗ്യം ലഭിച്ചു.

സ്നേഹം നിറഞ്ഞ വയലിൽ അച്ചാ അങ്ങയെ വിശേഷിപ്പിക്കാനുള്ള വാക്കുകൾ എന്റെ വിനീതമായ ബുദ്ധിക്കതീതമാണ്. അങ്ങ് ഉത്തമനായ ഒരു ഗുരുഭൂതനാണ്. അങ്ങു പകർന്നുകൊടുത്ത അറിവു മനുഷ്യത്വത്തിന്റെയും ദൈവസ്നേഹത്തിന്റെയും സാന്ത്വനസന്ദേശങ്ങളായിരുന്നു. നിരവധി ബിഷപ്പു മാരും സഭാശ്രേഷ്ഠരും അദേഹത്തിന്റെ ശിഷ്യഗണത്തിലുണ്ട്. അദേഹത്തിന്റെ അഗാധമായ മനുഷ്യസ്നേഹം പാർശ്വവത്കരിക്കപ്പെട്ടവരുടെ പക്ഷം ചേരുന്ന തിന് അദേഹത്തെ ഉത്സാഹിയാക്കി.

പൊരിഞ്ഞവെയിലിൽ നടന്നു തളർന്ന പഥികനു പാതയോരത്തുള്ള വലിയ തണൽവൃക്ഷമായിരുന്നു അച്ചനെന്ന് അനേകായിരങ്ങൾ ഏറ്റുപറയുന്ന സത്യ മാണ്. ബഹു. തോമസ് അച്ചന്റെ സ്നേഹപരിലാളനയിൽ എത്രയോ ജീവിത ങ്ങൾ ധന്യമായി. അച്ചന്റെ ഔദാര്യം ഒരുപാടു പേർക്കു വീടുകളും ജോലിക ളും നേടാൻ പര്യാപ്തമായി. എത്രയോ കുടുംബങ്ങളെ, വ്യക്തികളെ അച്ചൻ തകർച്ചയിൽനിന്നു കരകയറ്റി. എത്രയോപേരുടെ ജീവിതത്തിൽ പ്രകാശമായി. അനേകർക്ക് അച്ചൻ തണലേകി.

ബഹു. തോമസ് വയലിൽ അച്ചൻ പൗരോഹിത്യസ്വീകരണ സുവർണ ജൂബിലി അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ ആഘോഷപൂർവ്വം നടത്തിയപ്പോൾ ഞാനും പങ്കെടുത്തിരുന്നു. 2025ൽ അച്ചൻ പൗരോഹിത്യ ത്തിന്റെ 62 അനുഗൃഹീതവർഷങ്ങളാണ് പൂർത്തീകരിച്ചത്. അച്ചന്റെ അനുസ്മ രണ കാർഡിൽ രേഖപ്പെടുത്തിയ വി. യോഹന്നാന്റെ സുവിശേഷം പതിനഞ്ചാം അധ്യായത്തിലെ വാക്കുകൾ അച്ചന്റെ പൗരോഹിത്യവിജയത്തിന്റെ രഹസ്യം വെളിപ്പെടുത്തുന്നവയാണ്. ''എന്റെ സന്തോഷം നിങ്ങളിൽ കുടികൊള്ളാനും നിങ്ങളുടെ സന്തോഷം പൂർണമാകാനും.... നിങ്ങളെന്റെ സ്നേഹിതരാണ്.... ഫലം പുറപ്പെടുവിക്കണം... നിലനിൽക്കണം....'' അച്ചന്റെ ജീവകാരുണ്യ പ്രവർത്തനങ്ങളെല്ലാം നിത്യപുരോഹിതനായ ഈശോയുടെ സ്നേഹിതനെന്ന നിലയിൽ ഫലം പുറപ്പെടുവിക്കുന്ന മുന്തിരിശാഖകളായി പ്രവർത്തിച്ചു.

തോമസ് വയലിൽ അച്ചൻ ഒരു ബഹുമുഖപ്രതിഭയായിരുന്നു. നിരവധി സിദ്ധി വിശേഷങ്ങളും നന്മകളും ഒത്തുചേർന്നുള്ള വ്യക്തിയായിരുന്നു. കാരുണ്യ ത്തിന്റെയും കരുതലിന്റെയും തിളങ്ങുന്ന ഓർമകൾ നിറഞ്ഞതാണ് അച്ചനെ ക്കുറിച്ചുള്ള ഓർമകൾ. പ്രഭാഷണചാതുരിയും നർമരസവും വയലിലച്ചന്റെ കൂടപ്പിറപ്പായിരുന്നു. വൈദികരുടെ നല്ലസ്നേഹിതനായിരുന്നു വയലിൽ അച്ചൻ. സഹപാഠികളും അല്ലാത്തവരുമായ ധാരാളം വൈദികസുഹൃത്തുക്കൾ അദേഹത്തെ കാണാനും സൗഹൃദം പുലർത്താനും അച്ചന്റെ മണർകാട്ടുള്ള വില്ലയിലും ഇത്തിത്താനത്തെ പ്രീസ്റ്റ്സ് ഹോമിലും എത്തുമായിരുന്നു. അച്ച നോടുള്ള സ്നേഹം നിരന്തരമായി പുലർത്തിയിരുന്ന വൈദികസുഹൃത്തു

ക്കൾക്ക് 2025 ഓഗസ്റ്റ് 26ൽ സംഭവിച്ച അച്ചന്റെ വേർപാടു ഹൃദയത്തിൽ തട്ടിയ വലിയൊരു വേദനയായി. വയലിൽ അച്ചന്റെ ഓർമക്കുറിപ്പുകൾ കുറിക്കാനായി അച്ചന്റെ ഏറ്റവുമടുത്ത സുഹൃത്തായ എനിക്ക് അതിയായ സന്തോഷമുണ്ട്. പെറ്റി സെമിനരി മുതൽ മരണം വരെയുള്ള അച്ചന്റെ പൗരോഹിത്യജീവിതത്തിൽ ഞാനും ഏറെ സന്തോഷത്തോടെ ഭാഗഭാക്കായിരുന്നു.

വയലിൽ ബഹു. അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾ 2025 ഓഗസ്റ്റ് 30ന് അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ മാർ തോമസ് തറയിൽ, മാർ ജോസഫ് പെരുന്തോട്ടം, ചിക്കാഗോ രൂപതയുടെ മുൻ മെത്രാൻ മാർ ജേക്കബ് അങ്ങാടിയത്ത്, ഷംഷാബാദ് രൂപതയുടെ സഹായ മെത്രാൻ മാർ തോമസ് പാടിയത്ത് എന്നീ അഭി. പിതാക്കന്മാരുടെ കാർമികത്വത്തിൽ നടത്തപ്പെട്ടു.

**ഫാ. തോമസ് പുതിയിടം**

❑

## നിത്യതയിലേക്ക്



**സി. ജോസ്‌ലിറ്റ് മാടപ്പള്ളിൽ SH**



**സി. ലൂർദ് മേരി ഊത്തപ്പാറക്കൽ SH**

"ഞാൻ നന്നായി പൊരുതി; എന്റെ ഓട്ടം പൂർത്തിയാക്കി; വിശ്വാസം കാത്തു." *(2 തിമോ. 4:7)*

# 17–ാം പ്രസ്ബിറ്ററൽ കൗൺസിൽ നാലാമതു സമ്മേളനത്തിന്റെ റിപ്പോർട്ട്

അതിരൂപതയുടെ 17–ാമതു പ്രസ്ബിറ്ററൽ കൗൺസിലിന്റെ നാലാമതു സമ്മേളനം 2025 സെപ്റ്റംബർ 10ന് അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ടു.

പ്രോട്ടോസിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് ഏവർക്കും സ്വാഗതമാശംസിച്ചു. കൂട്ടായയത്നവും പങ്കാളിത്ത–ഉത്തരവാദിത്വവുമുള്ള ശുശ്രൂഷയാണു വൈദികരുടേതെന്നും കാലികപ്രസക്തമായ അജപാലന ശൈലി ആവിഷ്കരിക്കാനുള്ള ഉത്തരവാദിത്വമാണു പ്രസ്ബിറ്ററൽ കൗൺസിലിനുള്ളതെന്നും വിഷൻ 2033 മുന്നിൽക്കണ്ടു ജനോപകാരപ്രദമായ പ്രോജക്റ്റുകളെ സംബന്ധിച്ച് ആലോചിക്കാനും വെല്ലുവിളി നിറഞ്ഞ അജപാലനസാഹചര്യത്തെ മുൻകൂട്ടിക്കണ്ടു പദ്ധതികൾ ആസൂത്രണം ചെയ്യാനും കൗൺസിലിനു സാധിക്കണമെന്നും അച്ചൻ പറഞ്ഞു. വൈദികർക്ക് അജപാലനപരവും വ്യക്തിപരവുമായ നവീകരണത്തിനുള്ള സാധ്യതകൾ ആരായുവാൻ നമുക്ക് സാധിക്കണമെന്നും അച്ചൻ സൂചിപ്പിച്ചു.

അതിരൂപതാധ്യക്ഷൻ അഭി. തോമസ് തറയിൽ മെത്രാപ്പോലീത്താ യോഗത്തിൽ അധ്യക്ഷതവഹിച്ചു. സിനഡാലിറ്റി നടപ്പിലാകണമെങ്കിൽ അജപാലക മനസുകളിൽ മാറ്റമുണ്ടാകണമെന്നും ഇടവകകളിൽ എല്ലാവരെയും സജീവമായി ശ്രമിക്കാനുള്ള വേദികളായി കുടുംബക്കൂട്ടായ്മകൾ മാറണമെന്നും നേതൃപരമായ ചുമതലകളിൽ ദൈവജനത്തെ കൂടുതൽ ചേർക്കണമെന്നും നിയമവും നിശ്ചിതവുമായ ലക്ഷ്യങ്ങൾ ആസൂത്രണം ചെയ്തു അജപാലനപ്രവർത്തനങ്ങൾ ഊർജസ്വലമാക്കാൻ ശ്രദ്ധിക്കണമെന്നും പൊതുവിൽ സഭയുടെയും പ്രത്യേകമായി അതിരൂപതയുടെയും വ്യത്യസ്ത തലങ്ങളിലുള്ള സംഭാവനകൾ പങ്കുവെച്ചുകൊണ്ടു സമുദായസ്നേഹം വളർത്താനും 'സഭ തങ്ങളുടെ സ്വന്തം' എന്ന ചിന്ത വളർത്താൻ ശ്രദ്ധിക്കണമെന്നും അഭി. മെത്രാപ്പോലീത്താ പറഞ്ഞു. നാലു ദശകത്തോളം അതിരൂപതയ്ക്കുവേണ്ടി ആത്മാർത്ഥമായ സേവനം നിർവഹിച്ച ഓഡിറ്റർ ശ്രീ. പിജെ ജോസഫ് സാറിന്റെ നിര്യാണത്തിൽ പിതാവ് അനുശോചനം രേഖപ്പെടുത്തി.

മൂന്നാമതു പ്രസ്ബിറ്ററൽ കൗൺസിലിനുശേഷം വൈദികകൂട്ടായ്മയിൽ നിന്നു നിത്യതയിലേക്ക് വേർപിരിഞ്ഞ ജോസഫ് കുറിഞ്ഞിപ്പറമ്പിൽ, ജോസഫ് മഠത്തിൽ, തോമസ് വയലിൽ എന്നീ ബഹു. വൈദികരെ അനുസ്മരിച്ചു കൊണ്ട് സിഞ്ചെള്ളൂസ് വെരി റവ. ഫാ. ജോൺ തെക്കേക്കര സംസാരിച്ചു. അധികാരികൾ ആവശ്യപ്പെട്ട മേഖലകളിലെല്ലാം ദീർഘവീക്ഷണത്തോടെയും അജപാലനപരമായ ശുശ്രൂഷകൾക്കു മുൻഗണന നൽകിയും സേവനം ചെയ്ത വൈദികനായിരുന്നു, അതിരൂപതയുടെ മുൻ പ്രോട്ടോസിഞ്ചെള്ളൂസ്

കൂടിയായിരുന്ന ബഹു. ജോസഫ് കുറഞ്ഞിപ്പറമ്പിൽ അച്ചനെന്നും കുടുംബക്കൂട്ടായ്മകൾ മാതൃകാപരമായി രൂപീകരിക്കുകയും ജനങ്ങൾക്കു വളരെയധികം സംലഭ്യനായിരിക്കുകയും ജനോപകാരപ്രദമായ സംരംഭങ്ങളുടെ ചുമതലകൾ സവിശേഷമായി നിർവഹിക്കുകയും ചെയ്ത വ്യക്തിത്വമായിരുന്നു ബഹു. മഠത്തിൽ അച്ചന്റേതെന്നും അധ്യാപകൻ, അജപാലകൻ എന്നീ നിലകളിൽ ഒരുപോലെ ശോഭിച്ച വ്യക്തിത്വമാണ് ബഹു. തോമസ് വയലിൽ അച്ചന്റേതെന്നും അമേരിക്കയിൽനിന്നു മടങ്ങിയെത്തിയശേഷം ചെത്തിപ്പുഴ ആശുപത്രിയിലെ അദ്ദേഹത്തിന്റെ ആത്മീയശുശ്രൂഷ രോഗപീഡകളുടെ നൊമ്പരം അനുഭവിക്കുന്നവർക്ക് ആശ്വാസകരമായിരുന്നെന്നും അച്ചൻ കൂട്ടിച്ചേർത്തു.

സിഞ്ചെള്ളൂസ് വെരി റവ. ഫാ. സ്കറിയ കന്യാകോണിൽ കൂട്ടായ്മ, പങ്കാളിത്തം, ദൗത്യം എന്നീ 3 തലങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടു സിനഡാലിറ്റി നടപ്പിലാക്കൽ സംബന്ധിച്ച് അവതരണം നടത്തി. തുടർന്നുള്ള ചർച്ചയിൽ അംഗങ്ങൾ ഫലപ്രദമായി പങ്കുചേർന്നു. നമ്മുടെ സംവിധാനങ്ങൾ ഫലപ്രദമായി പ്രയോഗിക്കപ്പെടുന്നുണ്ടോയെന്നും മനോഭാവത്തിൽ മാറ്റമുണ്ടാകാതെ സിനഡാലിറ്റി പ്രയോഗത്തിൽ വരില്ലെന്നും സ്ത്രീപങ്കാളിത്തം കൂടുതലായി ചർച്ച ചെയ്യപ്പെടുന്ന നാളുകളിൽ അതു ഫലപ്രദമാകണമെങ്കിൽ നല്ലപരിശീലനം അവർ ഇടപെടുന്ന മേഖലകളെ സംബന്ധിച്ചു നൽകണമെന്നും അംഗങ്ങൾ അഭിപ്രായപ്പെട്ടു. കൂടുതൽ ശബ്ദമുയർത്തുന്നവരുടെ അഭിപ്രായങ്ങൾക്കു പ്രാമുഖ്യം ലഭിക്കുന്ന സാഹചര്യം സിനഡാലിറ്റിയുടെ ചൈതന്യം കെടുത്തുമെന്നും നല്ലവ്യക്തിത്വമുള്ളവരുടെ ഇടപെടൽ സാധ്യമാകുംവിധം അവരെ പ്രോത്സാഹിപ്പിക്കണമെന്നും അഭി. മെത്രാപ്പോലീത്താ അഭിപ്രായപ്പെട്ടു. സിനഡാലിറ്റി സംബന്ധിച്ചുള്ള ചർച്ചകളിൽ പൗരസ്ത്യദർശനം കണക്കിലെടുക്കണമെന്നും പാശ്ചാത്യശൈലിയിലുള്ള സിനഡാലിറ്റിയുടെ പ്രായോഗികത കൂടുതൽ ചർച്ച ചെയ്യപ്പെടണമെന്നും സിഞ്ചെള്ളൂസ് വെരി റവ. ഫാ. മാത്യു ചങ്ങങ്കരി പറഞ്ഞു.

കോർപ്പറേറ്റ് മാനേജർ ഫാ. ആന്റണി മൂലയിൽ നിയമനങ്ങൾ സംബന്ധിച്ചുള്ള ഗവൺമെന്റ് നടപടിക്രമങ്ങൾ സൃഷ്ടിക്കുന്ന പ്രതിസന്ധി സംബന്ധിച്ചും കുട്ടനാട്ടിൽ ഉൾപ്പെടെയുള്ള നമ്മുടെ വിദ്യാലയങ്ങളുടെ അടിയന്തരവും അടിസ്ഥാനപരവുമായ ആവശ്യങ്ങൾ സംബന്ധിച്ചുള്ള വിലയിരുത്തലും പരിഹാരമാർഗങ്ങളും കൗൺസിലിൽ അവതരിപ്പിച്ചു. കൂടുതൽ ഗൗരവമായ ചർച്ചകളും തീരുമാനങ്ങളും ആവശ്യമായിരിക്കുന്ന ഈ മേഖലയിൽ അവധാനതയോടുകൂടിയ ഇടപെടലാണ് ആവശ്യമായിരിക്കുന്നതെന്നു കൗൺസിൽ അഭിപ്രായപ്പെട്ടു.

മാനസികരോഗികളായ സ്ത്രീകളുടെ അഭയകേന്ദ്രമായ കിടങ്ങറ സ്നേഹതീരം, കുട്ടനാട് മേഖലയിലെ ചർച്ച് ഇൻ നീഡ്, തെക്കൻമേഖലയിലെ വിദ്യാഭ്യാസ-അജപാലനപ്രവർത്തനങ്ങൾ എന്നിവ മുൻനിർത്തി 'കരുതൽ -


2026' നടത്തണമെന്നും അതിരൂപതയുടെ പൊതുവായ കാരുണ്യപദ്ധതികൾ സംബന്ധിച്ച് അഭിമാനിക്കുന്നതോടൊപ്പം അതിന്റെ സുഗമമായ നടത്തിപ്പിനു കരുതൽ 2026ലൂടെ അതിരൂപത കുടുംബത്തിന്റെ സഹകരണം ഉറപ്പാക്കണമെന്നും അഭി. മെത്രാപ്പോലീത്താ അറിയിച്ചു.

സമുദായശക്തീകരണം സംബന്ധിച്ചു ഫാ. സാവിയോ മാനാട്ട് അവതരണം നടത്തി. സമുദായബോധവും സമുദായത്തോടുള്ള സ്നേഹവും വളർത്തുക എന്ന ലക്ഷ്യത്തോടെ നടത്തപ്പെടുന്ന 'സമുദായശക്തീകരണവർഷം 2026' നമ്മുടെ അതിരൂപതയിൽ ഫലപ്രദമായി നടപ്പിലാക്കാൻ കൂട്ടായ്മാതലം മുതൽ പഠനവും പ്രായോഗിക ഇടപെടലുകളും ആവശ്യമാണെന്ന് അച്ചൻ പറഞ്ഞു.

സിഞ്ചെള്ളൂസ് വെരി റവ. ഫാ. മാത്യു ചങ്ങങ്കരി പ്രസ്ബിറ്ററൽ കൗൺസിലിൽ എത്തിച്ചേർന്നവർക്കും നന്ദിയറിയിച്ചു.

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
*(സെക്രട്ടറി)*

❑



ചങ്ങനാശ്ശേരി സെന്റ് മേരീസ്
മെത്രാപ്പോലീത്തൻ പള്ളിയങ്കണത്തിലെ
മാർത്ത് മറിയം കബറിടപ്പള്ളിയിൽ



# ദൈവദാസൻ
# മാർ മാത്യു കാവുകാട്ടിന്റെ
# 56–ാമതു ശ്രാദ്ധപ്പെരുന്നാൾ

**ഒക്ടോബർ 1 മുതൽ 9 വരെ**

- **മെഴുകുതിരിപ്രദക്ഷിണം: ഒക്ടോബർ 8, വൈകുന്നേരം 6.30**
- **പൊതിച്ചോർ നേർച്ച: ഒക്ടോബർ 9, ഉച്ചയ്ക്ക് 12.30**


മാർ തോമസ് തറയിൽ


മാർ ജോർജ് കൂവക്കാട്


മാർ ജോസഫ് പെരുന്തോട്ടം


മാർ ജോർജ് കോച്ചേരി


മാർ ജോർജ് രാജേന്ദ്രൻ


മാർ ജേക്കബ് മുരിക്കൻ

## ഒക്ടോബർ 9 ശ്രാദ്ധപ്പെരുന്നാൾദിനം

**(ഉച്ചവരെയുള്ള പരിശുദ്ധ കുർബാനയർപ്പണങ്ങൾ വലിയപള്ളിയിൽ അനുസ്മരണശുശ്രൂഷകൾ കബറിടപ്പള്ളിയിൽ)**

05:30 am : പരിശുദ്ധ കുർബാന, ഒപ്പീസ്
**മാർ തോമസ് തറയിൽ** *(അതിരൂപതാ മെത്രാപ്പോലീത്താ)*
മെത്രാഭിഷേക പ്ലാറ്റിനം ജൂബിലി തിരിതെളിയ്ക്കൽ

07:00 am : പരിശുദ്ധ കുർബാന, ഒപ്പീസ്
**അതിരൂപതാ കൂരിയാംഗങ്ങൾ**

08:30 am : പരിശുദ്ധ കുർബാന, ഒപ്പീസ്
**അതിരൂപതാ നവവൈദികർ**

09:45 am : പരിശുദ്ധ കുർബാന, ഒപ്പീസ്
**കാവുകാട്ട്പിതാവു പുരോഹിതപട്ടം നൽകിയ വൈദികർ**

11:00 am : പരിശുദ്ധ കുർബാന, ഒപ്പീസ്
**മാർ ജേക്കബ് മുരിക്കൻ** (മാർ സ്ലീവാ ദയറാ, നല്ലതണ്ണി)

04:00 pm : പരിശുദ്ധ കുർബാനയുടെ ആരാധന, വാഴ്വ്
**ഫാ. സെബാസ്റ്റ്യൻ പുതുപ്പറമ്പിൽ**

05:00 pm : പരിശുദ്ധ കുർബാന, ഒപ്പീസ് (കബറിടപ്പള്ളിയിൽ)
**മാർ ജോർജ് കോച്ചേരി** *(അപ്പസ്തോലിക് നുൺഷ്യോ)*
(സഹകാർമികർ: ചെത്തിപ്പുഴ ആശുപത്രിയിൽ ശുശ്രൂഷചെയ്യുന്ന വൈദികർ)

❖ ❖ ❖

# പബ്ലിക് റിലേഷൻസ്–ജാഗ്രതാസമിതി

**അതിരൂപതാ യുവ അഭിഭാഷസംഗമം**

അതിരൂപതാ പബ്ലിക് റിലേഷൻസ്-ജാഗ്രതാസമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട അതിരൂപതാംഗങ്ങളായ ജൂനിയർ അഭിഭാഷകരുടെയും നിയമ വിദ്യാർഥികളുടെയും സമ്മേളനം അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. ജുഡീഷൽ സർവീസിലേക്കു യുവജനങ്ങൾ കടന്നുവരണമെന്നും നീതിന്യായരംഗത്തു ക്രൈസ്തവസാന്നിധ്യവും സാക്ഷ്യവും വർധിപ്പിക്കണമെന്നും അഭി. മെത്രാപ്പോലീത്താ ആഹ്വാനം ചെയ്തു.

സിഞ്ചെള്ളൂസ് വെരി റവ. ഫാ. മാത്യു ചങ്ങങ്കരി അധ്യക്ഷതവഹിച്ചു. കോട്ടയം ജില്ലാ പബ്ലിക് പ്രൊസിക്യൂട്ടർ അഡ്വ. അജി ജോസഫ് മുഖ്യപ്രഭാഷണം നടത്തി. ജാഗ്രതാസമിതി ഡയറക്ടർ ഫാ. ജയിംസ് കൊക്കാവയലിൽ, പി.ആർ.ഒ. അഡ്വ. ജോജി ചിറയിൽ, പബ്ലിക് റിലേഷൻസ്-ജാഗ്രതാസമിതിയംഗങ്ങളായ അഡ്വ. ഡെന്നിസ് ജോസഫ് കണിയാഞ്ഞാലിൽ, റ്റോം ജോസഫ് ചമ്പക്കുളം, വർഗീസ് ആന്റണി, അഡ്വ. ജോർജ് വർഗീസ്  എന്നിവർ പ്രസംഗിച്ചു.

**അഡ്വ. ജോജി ചിറയിൽ**
*(പി.ആർ.ഒ.)*

**ഫാ. ജയിംസ് കൊക്കാവയലിൽ**
*(ഡയറക്ടർ)*

❑


# 33–ാമതു ചങ്ങനാശ്ശേരി പുസ്തകമേള

## (ഒക്ടോബർ 1 മുതൽ 15 വരെ)

**സ്ഥലം: സെന്റ് ജോസഫ് ഓർഫനേജ് ബുക്ക്സ്റ്റാൾ ചങ്ങനാശ്ശേരി**

**ഏവർക്കും സ്വാഗതം**

# സന്ദേശനിലയം

ഈശോയിൽ സ്നേഹമുള്ളവരേ,

അധ്യാപകർക്കുവേണ്ടിയുള്ള ഫൊറോനാതലത്തിലെ ധ്യാനവും സെമിനാറും ഭംഗിയായി നടത്തപ്പെട്ടുവരുന്നതിന്റെ സന്തോഷം അറിയിക്കുന്നു. പ്രത്യാശയുടെ തീർഥാടകരായി വിശ്വാസപരിശീലകർ എല്ലാവർക്കും മുമ്പേ നടക്കണം! ഈ ജൂബിലി വർഷത്തിൽ ഓരോ ക്ലാസ്സ് മുറിയിലും പ്രത്യാശയുടെ പ്രകരണങ്ങൾ ഉയരട്ടെ. നമ്മുടെ കലോത്സവവേദികളും പ്രത്യാശയ്ക്കു വക നൽകട്ടെ.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. സെബാസ്റ്റ്യൻ മാമ്പറ**
**ഫാ. ആന്റണി കിഴക്കേതെലയ്ക്കൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

**ഫാ. വർഗീസ് പുത്തൻപുരയ്ക്കൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**ഒക്ടോബർ**

01 ബുധൻ : വി. കൊച്ചുത്രേസ്യാ

02 വ്യാഴം : കാവൽ മാലാകാമാർ

04 ശനി : വി. ഫ്രാൻസിസ് അസ്സീസ്സി

05 ഞായർ : മൂശെ ഒന്നാം ഞായർ ക്ലാസ്സ് – 19
**സൺഡേ സ്കൂൾ ഒന്നാം റ്റേം എഴുത്തുപരീക്ഷ**

06 തിങ്കൾ : റ്റീച്ചേഴ്സ് ഈവ്: സെന്റ് സേവ്യേഴ്സ് സൺഡേ സ്കൂൾ, മിത്രക്കരി *(വൈകുന്നേരം 6)*

07 ചൊവ്വ : റ്റീച്ചേഴ്സ് ഈവ്: സെന്റ് മേരീസ് സൺഡേ സ്കൂൾ, ഇരവുചിറ *(വൈകുന്നേരം 6)*

08 ബുധൻ : റ്റീച്ചേഴ്സ് ഈവ്: സെന്റ് സേവ്യേഴ്സ് സൺഡേ സ്കൂൾ, വെളിയനാട് സൗത്ത് *(വൈകുന്നേരം 6)*

09 വ്യാഴം : **ദൈവദാസൻ മാർ മാത്യു കാവുകാട്ട് ചരമവാർഷികം**
റ്റീച്ചേഴ്സ് ഈവ്: പയസ് റ്റെൻത് സൺഡേ സ്കൂൾ, മങ്കൊമ്പ് *(വൈകുന്നേരം 6)*

11 ശനി : സി.എൽ.റ്റി. ക്ലാസ്സ് – 10

12 ഞായർ : മൂശെ രണ്ടാം ഞായർ, ഒന്നാം റ്റേം വാചികപരീക്ഷ, ക്ലാസ്സ് – 20

13 തിങ്കൾ : റ്റീച്ചേഴ്സ് ഈവ്: സെന്റ് മേരീസ് സൺഡേ സ്കൂൾ, പുളിങ്കുന്ന് *(വൈകുന്നേരം 6)*

14 ചൊവ്വ : റ്റീച്ചേഴ്സ് ഈവ്: സെന്റ് ജോസഫ്സ് സൺഡേ സ്കൂൾ, കായൽപ്പുറം *(വൈകുന്നേരം 6)*

15 ബുധൻ : റ്റീച്ചേഴ്സ് ഈവ്: സെന്റ് തെരേസാസ് സൺഡേ സ്കൂൾ, കാവാലം *(വൈകുന്നേരം 6)*

16 വ്യാഴം : വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ
റ്റീച്ചേഴ്സ് ഈവ്: സെന്റ് പോൾസ് സൺഡേ സ്കൂൾ, വേഴപ്രാ *(വൈകുന്നേരം 6)*

18 ശനി : **അതിരൂപതാ ബൈബിൾ കലോത്സവം: അവതരണമത്സരങ്ങൾ – ഒന്നാം ദിവസം**

19 ഞായർ : മൂശെ മൂന്നാം ഞായർ, മിഷൻ ഞായർ, ക്ലാസ്സ് – 21

20 തിങ്കൾ : **അതിരൂപതാ ബൈബിൾ കലോത്സവം: അവതരണമത്സരങ്ങൾ – രണ്ടാം ദിവസം**

21 ചൊവ്വ : റ്റീച്ചേഴ്സ് ഈവ്: ഫാത്തിമ മാതാ സൺഡേ സ്കൂൾ, പള്ളിക്കൂട്ടുമ്മ *(വൈകുന്നേരം 6)*

22 ബുധൻ : റ്റീച്ചേഴ്സ് ഈവ്: ലൂർദ് മാതാ സൺഡേ സ്കൂൾ, മാമ്പുഴക്കരി *(വൈകുന്നേരം 6)*

23 വ്യാഴം : റ്റീച്ചേഴ്സ് ഈവ്: സാൻജോസ് സൺഡേ സ്കൂൾ, കണ്ണാടി *(വൈകുന്നേരം 6)*

26 ഞായർ : മൂശെ നാലാം ഞായർ, ക്ലാസ്സ് – 22, **എസ്.എം.സി.സി. പ്രതിഭാ അവാർഡ് ഫൊറോനാതല സെലക്ഷൻ**

27 തിങ്കൾ : റ്റീച്ചേഴ്സ് ഈവ്: ഇസ്ക്കോളമാതാ സൺഡേ സ്കൂൾ, പുന്നക്കുന്നത്തുശ്ശേരി *(വൈകുന്നേരം 6)*

28 ചൊവ്വ : ശിമയോൻ–യൂദാ തദേവൂസ് ശ്ലീഹന്മാർ
റ്റീച്ചേഴ്സ് ഈവ്: സെന്റ് ജോസഫ്സ് സൺഡേ സ്കൂൾ, രാമങ്കരി *(വൈകുന്നേരം 6)*

29 ബുധൻ : റ്റീച്ചേഴ്സ് ഈവ്: സെന്റ് ഗ്രിഗോറിയോസ് സൺഡേ സ്കൂൾ, വെളിയനാട് നോർത്ത് *(വൈകുന്നേരം 6)*

30 വെള്ളി : റ്റീച്ചേഴ്സ് ഈവ്: സെന്റ് ജോർജ് സൺഡേ സ്കൂൾ, തോട്ടയ്ക്കാട് *(വൈകുന്നേരം 6)*

**നവംബർ**

01 ശനി : സി.എൽ.റ്റി. ക്ലാസ്സ് – 11

02 ഞായർ : പള്ളിക്കൂദാശ ഒന്നാം ഞായർ ക്ലാസ്സ് – 23, സഭാസമർപ്പണതിരുനാൾ, **എസ്.എം.സി.സി. പ്രതിഭാ അവാർഡ് ഫൊറോനാതല സെലക്ഷൻ**

03 തിങ്കൾ : റ്റീച്ചേഴ്സ് ഈവ്: സെന്റ് മേരീസ് സൺഡേ സ്കൂൾ, മണലാടി *(വൈകുന്നേരം 6)*

04 ചൊവ്വ : റ്റീച്ചേഴ്സ് ഈവ്: ലൂർദ് മാതാ സൺഡേ സ്കൂൾ, മാമ്മൂട് *(വൈകുന്നേരം 6)*

05 ബുധൻ : മാർ സഖറിയാ, മാർത്ത് ഏലീശ്വാ, റ്റീച്ചേഴ്സ് ഈവ്: ബ്രിൻഡിസി സൺഡേ സ്കൂൾ, കാവാലം *(വൈകുന്നേരം 6)*

06 വ്യാഴം : റ്റീച്ചേഴ്സ് ഈവ്: ഹോളി ഫാമിലി സൺഡേ സ്കൂൾ, മാന്നില *(വൈകുന്നേരം 6)*

08 ശനി : സി.എൽ.റ്റി. ക്ലാസ്സ് - 12, **എസ്.എം.സി.സി. അതിരൂപതാ സെലക്ഷൻ ക്യാമ്പ്**

09 ഞായർ : **എസ്.എം.സി.സി. ക്യാംപ് സമാപനം**

### സീറോലമബാർസഭാ പ്രതിഭാ അവാർഡ് ഫൊറോനാതല സെലക്ഷൻ

സീറോലമബാർ കാറ്റക്കെറ്റിക്കൽ കമ്മിഷൻ (എസ്.എം.സി.സി.) ഏർപ്പെടുത്തിയിരിക്കുന്ന സഭാപ്രതിഭാ അവാർഡിനുള്ള ഫൊറോനാതല സെലക്ഷൻ **ഒക്ടോബർ 26, നവംബർ 2** തീയതികളിൽ രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ സന്ദേശനിലയത്തിൽ നടത്തപ്പെടുന്നതും പരിശുദ്ധ കുർബാന ഉണ്ടായിരിക്കുന്നതുമാണ്. രജിസ്ട്രേഷൻ ഫീസ് 130 രൂപ. വിശ്വാസജീവിതത്തിലും പാഠ്യപാഠ്യേതരപ്രവർത്തനങ്ങളിലും മികവു പുലർത്തുന്നവരും 75% ഹാജറുള്ളവരും സൺഡേ സ്കൂളിൽ 12-ാം ക്ലാസ്സിൽ പഠിക്കുന്നതുമായ ഒരു ആൺകുട്ടിയെയും ഒരു പെൺകുട്ടിയെയുമാണ് ഓരോ ഇടവകയിൽനിന്നും ഇതിനായി അയയ്ക്കേണ്ടത്. സീറോമലബാർസഭാ പ്രതിഭാ അവാർഡ് ഇടവകതല പ്രവേശനഫോമുകൾ സന്ദേശനിലയം വൈബ്സൈറ്റിൽ ലഭ്യമാണ് *(www.sandesanilayam.org, forms, ഇടവകതലപ്രവേശനഫോമുകൾ)*. ഫോമുകൾ സന്ദേശനിലയത്തിൽ ഏല്പിക്കേണ്ട അവസാനതീയതി *ഒക്ടോബർ 21.*

ഒക്ടോബർ 26 - ആലപ്പുഴ, ചങ്ങനാശ്ശേരി, മുഹമ്മ, തൃക്കൊടിത്താനം, കോട്ടയം, കുടമാളൂർ, അതിരമ്പുഴ ഫൊറോനകൾ

നവംബർ 02 - എടത്വാ, പുളിങ്കുന്ന്, ചമ്പക്കുളം, ചെങ്ങന്നൂർ, തുരുത്തി, കുറുമ്പനാടം, നെടുങ്കുന്നം, മണിമല ഫൊറോനകൾ

തിരുവനന്തപുരം, അമ്പൂരി, കൊല്ലം-ആയൂർ ഫൊറോനകൾക്കുള്ള തീയതികൾ അതതു ഫൊറോനകേന്ദ്രങ്ങൾ അറിയിക്കുന്നതാണ്.

### എസ്.എം.സി.സി. പ്രതിഭാ അവാർഡ് അതിരൂപതാതല സെലക്ഷൻ ക്യാംപ്

എസ്.എം.സി.സി. സഭാപ്രതിഭാ അവാർഡിനുള്ള അതിരൂപതാതല സെലക്ഷൻ ക്യാംപ് സന്ദേശനിലയത്തിൽ **നവംബർ 8** *രാവിലെ 9.30ന് ആരംഭിച്ച്* **നവംബർ 9** *ഉച്ചകഴിഞ്ഞ് 3.30ന്* അവസാനിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 800 രൂപ. ഫൊറോനകളിൽനിന്നു തെരഞ്ഞെടുക്കപ്പെട്ട പ്രതിഭകൾ കൃത്യസമയത്ത് എത്തിച്ചേരാനുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

### അതിരൂപതാ ബൈബിൾ കലോത്സവം

**അവതരണമത്സരങ്ങൾ: ഒക്ടോബർ 18, 20** തീയതികളിൽ രാവിലെ ഒമ്പതിനു ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ ആരംഭിക്കുന്നതാണ്.

### ഫൊറോനാ മതാധ്യാപക സെമിനാർ-ധ്യാനം

ഫൊറോനാതലത്തിലുണ്ടായിരുന്ന ഏകദിന സെമിനാറും ഏകദിന ധ്യാനവും ഏകോപിപ്പിച്ചു സെമിനാറും ധ്യാനവുമായി ഒരുദിവസം രാവിലെ 9.30ന് ആരംഭിച്ചു വൈകുന്നേരം 4.30നു സമാപിക്കുംവിധം 2 സെഷനുകളിലാ

യിട്ടാണു നടത്തപ്പെടുന്നത്. എല്ലാ വിശ്വാസപരിശീലകരും തുടർപരിശീലനത്തിന്റെ ആവശ്യകത മനസിലാക്കി സെമിനാറിലും ധ്യാനത്തിലും പങ്കെടുക്കേണ്ടതാണ്. ആദ്യന്തം ഇതിൽ സംബന്ധിക്കേണ്ടതും അതിനു സാധിക്കാതായാൽ അടുത്തുള്ള ഫൊറോനകളിൽ സംബന്ധിക്കാൻ ഹെഡ്മാസ്റ്റർമാർ സാഹചര്യമൊരുക്കേണ്ടതുമാണ്. ഓഗസ്റ്റിൽ ഇതാരംഭിച്ചു. ഇനിയുള്ള ഫൊറോനകളുടെ സമയക്രമം താഴെ നൽകിയിരിക്കുന്നു

| *ഫൊറോന* | *തീയതി* | *സെമിനാർ* | *ധ്യാനം* |
|---|---|---|---|
| തുരുത്തി | ഒക്ടോബർ 01 | രാവിലെ | ഉച്ചകഴിഞ്ഞ് |
| അമ്പൂരി | ഒക്ടോബർ 02 | രാവിലെ | ഉച്ചകഴിഞ്ഞ് |
| തിരുവനന്തപുരം | ഒക്ടോബർ 11 | രാവിലെ | ഉച്ചകഴിഞ്ഞ് |
| അതിരമ്പുഴ | നവംബർ 01 | രാവിലെ | ഉച്ചകഴിഞ്ഞ് |
| കുടമാളൂർ | നവംബർ 01 | ഉച്ചകഴിഞ്ഞ് | രാവിലെ |
| കുറുമ്പനാടം | നവംബർ 08 | രാവിലെ | ഉച്ചകഴിഞ്ഞ് |
| തൃക്കൊടിത്താനം | നവംബർ 08 | ഉച്ചകഴിഞ്ഞ് | രാവിലെ |

### സി.ആർ.റ്റി. സന്ദർശനം

കാറ്റക്കെറ്റിക്കൽ റിസോഴ്സ് റ്റീമിന്റെ സൺഡേ സ്കൂൾ സന്ദർശനം സെപ്റ്റംബർ മുതൽ ആരംഭിക്കുകയാണ്. നവംബറിൽ ഇതു പൂർത്തീകരിക്കേണ്ടതാണ്. ഓരോ സൺഡേ സ്കൂളും സന്ദർശനത്തോടു പൂർണമായും സഹകരിക്കുക. സന്ദർശനത്തിനുള്ള തീയതികൾ നീട്ടിവെക്കുന്നത് ഒഴിവാക്കാൻ ശ്രദ്ധിക്കുക. സത്യസന്ധതയോടും ആത്മാർഥതയോടുംകൂടി ഇതിനു വേദിയൊരുക്കാൻ സൺഡേ സ്കൂളുകൾ ശ്രദ്ധിക്കണം. സന്ദർശനത്തിന്റെ റിപ്പോർട്ടുകൾ കൂടി പരിഗണിച്ചാണു സ്റ്റാർ നിർണയം നടത്തുന്നത്.

### സൺഡേ സ്കൂൾ ഒന്നാം റ്റേം എഴുത്തുപരീക്ഷ

സൺഡേ സ്കൂളിന്റെ ഒന്നാം റ്റേം എഴുത്തുപരീക്ഷ **ഒക്ടോബർ അഞ്ചിന്** 1 മുതൽ 7 വരെ ക്ലാസ്സുകൾക്കു രാവിലെ 11 മുതൽ 1 വരെയും 8 മുതൽ 12 വരെ ക്ലാസ്സുകൾക്ക് ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെയുമാണു നടത്തപ്പെടുന്നത്. പരീക്ഷാസമയങ്ങളിൽ മാറ്റം വരുത്താതിരിക്കാൻ സൺഡേ സ്കൂളുകൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. 10, 11, 12 ക്ലാസ്സുകളിലെ കുട്ടികൾക്കു തുടർന്നുള്ള രണ്ടു ഞായറാഴ്ചയ്ക്കുള്ളിൽ വാചികപരീക്ഷ നടത്തേണ്ടതാണ്. നമസ്കാരങ്ങൾക്കൊപ്പം പാഠപുസ്തകവും അടിസ്ഥാനമാക്കിയാണ് അത് നടത്തേണ്ടത് *(മതബോധനകലണ്ടർ 21, 26 പേജുകൾ കാണുക).*

### സ്പെരാൻസാ ഏകദിന സെമിനാർ

മ്ശിഹായുടെ മനുഷ്യാവതാരത്തിന്റെ 2025-ാം ജൂബിലി വർഷത്തിൽ നമ്മുടെ കുട്ടികൾക്കും യുവജനങ്ങൾക്കും ജീവിതത്തിൽ പ്രത്യാശ പകരുക എന്ന ലക്ഷ്യത്തോടെ SPERANZA 2025-2026 എന്ന ഏകദിന സെമിനാർ ഹയർ കോഴ്സ് കുട്ടികൾക്കായി ക്രമീകരിച്ചിരിക്കുന്നു. സെമിനാർ തീയതികൾ ഫൊറോനാതലത്തിൽ നിശ്ചയിക്കാവുന്നതാണ്. കുട്ടികൾക്ക് അവരുടെ കരിയർ സാധ്യതകൾ

കാട്ടിക്കൊടുക്കുക, കാലഘട്ടത്തിൽ ഉയർന്നുവരുന്ന വെല്ലുവിളികളെക്കുറിച്ച് അവരെ ജാഗരൂകരാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് ഈ പ്രത്യേക പരിശീലനപദ്ധതി ക്രമീകരിക്കേണ്ടത്. കുട്ടികൾക്കു ഭാവിയെക്കുറിച്ചുള്ള ദിശാബോധം നൽകാൻ ഉപകരിക്കുംവിധം പ്രഗത്ഭരുടെ ക്ലാസ്സുകൾ ഉൾപ്പെടുത്തി ക്രമീകരിക്കുന്ന ഈ സെമിനാറിന്റെ വിജയം കുട്ടികളുടെ പങ്കാളിത്തത്തിലാണ്. സമയം: രാവിലെ 9 മുതൽ വൈകുന്നേരം 4 വരെ. (ക്ലാസ്സ് 11, 12) ഒക്ടോബറിൽ *കുടമാളൂർ, കോട്ടയം, കൊല്ലം-ആയൂർ* ഫൊറോനകളിലാണ് ഏകദിന സെമിനാർ നടത്തപ്പെടേണ്ടത്.

**മതബോധനമണിക്കൂർ**

ഞായറാഴ്ച കർത്താവിന്റെ ദിവസമാണെന്നും ഒരുക്കത്തോടെ ഈ ദിനം പരിശുദ്ധമായി ആചരിക്കണമെന്നും ഓർമപ്പെടുത്തുന്നതിനു ശനിയാഴ്ച വൈകുന്നേരങ്ങളിൽ ഒരു മണിക്കൂർ സമയം മതബോധനമണിക്കൂറായി ആചരിക്കുന്നത് ഉചിതമാണ്. മീഡിയയുടെ ഉപയോഗം പരിമിതപ്പെടുത്തുന്നതിനും കുടുംബത്തിൽ എല്ലാവരും ഒരുമിച്ചു വചനം പഠിക്കുന്നതിനും വായിക്കുന്നതിനും സൺഡേ സ്കൂൾ ക്ലാസ്സിന് ഒരുങ്ങുന്നതിനുമായി ഈ മണിക്കൂർ നമുക്കു പ്രയോജനപ്പെടുത്താം.

**ആദരാഞ്ജലികൾ**

ചെറുപുഷ്പ മിഷൻ ലീഗ് മുൻ ജോയിന്റ് ഡയറക്ടറും പുളിങ്കുന്ന് ഫൊറോനാ സെക്രട്ടറിയുമായ സി. കൃപ എഫ്.സി.സി., പുല്ലങ്ങടി സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ ബിജു സെബാസ്റ്റ്യൻ, മല്ലപ്പള്ളി സൺഡേ സ്കൂൾ അധ്യാപിക ലിൻസി ജോസഫ്, കോട്ടയ്ക്കുപുറം സൺഡേ സ്കൂൾ അധ്യാപിക ജിഷിൽ ജോസിലാൽ എന്നിവരുടെ പിതാക്കന്മാരുടെയും താഴത്തങ്ങാടി സൺഡേ സ്കൂൾ അധ്യാപിക ഷോളി മാത്യു, പുന്നത്തുറ സൺഡേ സ്കൂൾ അധ്യാപകൻ റോബി വർഗീസ് എന്നിവരുടെ മാതാക്കളുടെയും ചാഞ്ഞോടി സൺഡേ സ്കൂൾ മുൻ ഹെഡ്മാസ്റ്റർ പി. കെ. ജോർജിന്റെയും ഇരവിനല്ലൂർ സൺഡേ സ്കൂൾ അധ്യാപിക ക്രിസ്റ്റീന ജോസഫിന്റെ ഭർത്താവിന്റെയും നിര്യാണങ്ങളിൽ സന്ദേശനിലയം-മിഷൻ ലീഗ് കുടുംബം അനുശോചനവും പ്രാർഥനയും അറിയിക്കുന്നു.

❑

# ചെറുപുഷ്പ മിഷൻ ലീഗ് (CML)

സ്നേഹമുള്ള കുഞ്ഞു മിഷണറിമാരേ,

വി. കൊച്ചുത്രേസ്യായുടെ തിരുനാളോടെയാണ് ഒക്ടോബർ ആരംഭിക്കുന്നത്. മിഷൻ ഞായറാചരണം നമ്മുടെ പ്രേഷിതാഭിമുഖ്യവും തീക്ഷ്ണതയും വർധമാനമാക്കാൻ ഇടയാക്കണം. നമ്മുടെ സംഘടനയുടെ സ്ഥാപകപിതാവു മാർ ജയിംസ് കാളാശേരിപ്പിതാവിന്റെ ഐതിഹാസികജീവിതവും പ്രേഷിത ധീരതയും ഈ മാസത്തെ നമ്മുടെ സവിശേഷചിന്തകളായിരിക്കട്ടെ.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. സെബാസ്റ്റ്യൻ മാമ്പറ**
**ഫാ. ആന്റണി കിഴക്കേതെലയ്ക്കൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

**ഫാ. വർഗീസ് പുത്തൻപുരയ്ക്കൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**ഒക്ടോബർ**

**സത്പ്രവൃത്തി: ഹെബ്രായർ 10:23 പത്തുപ്രാവശ്യം ഉരുവിട്ട് ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി സമർപ്പിച്ചു പ്രാർഥിക്കാം**

01 ബുധൻ : വി. കൊച്ചുത്രേസ്യായുടെ തിരുനാൾ, അംഗത്വനവീകരണം, ദൈവവിളിദിനം, ദൈവവിളിയ്ക്കായി ജപമാല ചൊല്ലി പ്രാർഥിക്കുക

03 വെള്ളി : സി.എം.ൽ. 79-ാം സ്ഥാപനദിനം, മിഷണറി സായാഹ്നം, നെടുങ്കുന്നം മേഖലാ എക്സിക്യൂട്ടിവ് ഭവനസമ്മേളനം

04 ശനി : വി. ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ

09 വ്യാഴം : ദൈവദാസൻ മാർ മാത്യു കാവുകാട്ട് 56-ാം ചരമദിനം

11 ശനി : മിഷൻ ഞായറിനു മുന്നോടിയായുള്ള ഭവനസന്ദർശനം, അനുരഞ്ജനശുശ്രൂഷാക്രമീകരണം

16 വ്യാഴം : വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ

19 ഞായർ : മിഷൻ ഞായർ, ഭവന സന്ദർശനത്തിലൂടെയും ലേലം വിളിയിലൂടെയും ലഭിച്ച തുക ഒഡീഷാ മിഷനെ സഹായിക്കാനായി അതിരൂപതാ സി.എം.എൽ. ഓഫീസിൽ ഏല്പിക്കുക.

22 ബുധൻ : വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ

24 വെള്ളി : മിഷണറി സായാഹ്നം, തൃക്കൊടിത്താനം മേഖലാ എക്സിക്യൂട്ടിവ് ഭവനസമ്മേളനം

25 ശനി : മാർ ജയിംസ് കാളാശ്ശേരിപ്പിതാവിന്റെ കബറിടത്തിൽ പ്രാർഥന - അതിരൂപതാ എക്സിക്യൂട്ടിവംഗങ്ങൾ

26 ഞായർ : അൾത്താര ബാലന്മാരുടെ മീറ്റിങ്: ശാഖകളിൽ

27 തിങ്കൾ : ചെറുപുഷ്പ മിഷൻ ലീഗ് സ്ഥാപകൻ മാർ ജയിംസ് കാളാശ്ശേരി പ്പിതാവിന്റെ 76-ാം ചരമദിനം, അതിരൂപതയ്ക്കുവേണ്ടി പ്രാർഥി ക്കുക

**നവംബർ**

01 ശനി : സ്ഥാപകപിതാവിന്റെ അനുസ്മരണം: ശാഖകളിൽ

08 ശനി : അനുരഞ്ജനശുശ്രൂഷാക്രമീകരണം, സംസ്ഥാതല മിഷൻ കലോ ത്സവം

15 ശനി : ബേത്‌ലെഹെം മീറ്റ്, പഠനഗ്രന്ഥചർച്ച

**ഒക്ടോബർ 1: വി. കൊച്ചുത്രേസ്യായുടെ തിരുനാൾ**

സൗകര്യമുള്ള ഒരു ദിവസം കൊച്ചുത്രേസ്യാ പുണ്യവതിയുടെ തിരുനാൾ ശാഖകളിൽ സമുചിതമായി ആചരിക്കുക. അതിനോടനുബന്ധിച്ച് അംഗത്വ നവീകരണം നടത്തുക. അന്നേദിവസം കുഞ്ഞു മിഷണറിമാർ ദൈവവിളി നിയോഗമാക്കി ജപമാല ചൊല്ലി കാഴ്ചവെക്കുക. കൊച്ചുത്രേസ്യാ നാമധാരി കൾക്ക് ആശംസകൾ അർപ്പിക്കുക.

**സ്ഥാപനദിനാചരണം**

ഒക്ടോബർ 3: 79-ാം സ്ഥാപനദിനം. ശാഖകളിൽ പതാക ഉയർത്തി ഈ ദിനം ഉചിതമായി നടത്തുക.

**മിഷൻ ഞായർ**

ഒക്ടോബർ 19: ആഗോള മിഷൻ ഞായർ. ശാഖകളിൽ പ്രത്യേകസമ്മേളനം നടത്തുക. മിഷൻ ഞായറിനോടനുബന്ധിച്ചു ഭവനസന്ദർശനം നടത്തി സം ഭാവന ശേഖരിക്കുക. ഓരോ ശാഖയും ഒഡീഷാ മിഷനെ സഹായിക്കാനായി ഈ സംഭാവന അതിരൂപതാ ഓഫീസിൽ ഏല്പിക്കേണ്ടതാണ്. ഇടവകാംഗ ങ്ങളായ മിഷണറിമാരുടെ ഓൺലൈൻ സംഗമം നടത്തുന്നത് ഉചിതമാണ്.

**മാർ ജയിംസ് കാളാശ്ശേരി അനുസ്മരണം**

മിഷൻ ലീഗ് സ്ഥാപകൻ മാർ ജയിംസ് കാളാശ്ശേരിപ്പിതാവിന്റെ 76-ാം ചരമ ദിനാനുസ്മരണം ഒക്ടോബർ 26 ഞായറാഴ്ചയോ, നവംബർ 1 ശനിയാഴ്ചയോ ശാഖകളിൽ പ്രത്യേകസമ്മേളനത്തോടെ നടത്താൻ ശ്രദ്ധിക്കണം.

**മിഷൻ വോയ്സ് പത്രം**

വിഷയം: തക്കല

വിശദവിവരങ്ങൾ മാർഗരേഖ പേജ് 33

❑

# ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ
# അഖിലകേരള ക്വിസ് മത്സരം



**2025 നവംബർ 2 ഞായർ ഉച്ചകഴിഞ്ഞ് 2**
**എടത്വാ സെന്റ് ജോർജ് സൺഡേ സ്കൂളിൽ**

| | | |
|---|---|---|
| ഒന്നാം സമ്മാനം | - | **5000 രൂപ, ട്രോഫി** |
| രണ്ടാം സമ്മാനം | - | **4000 രൂപ, ട്രോഫി** |
| മൂന്നാം സമ്മാനം | - | **3000 രൂപ, ട്രോഫി** |
| നാലാം സമ്മാനം | - | **2000 രൂപ** |
| അഞ്ചാം സമ്മാനം | - | **1000 രൂപ** |

6 മുതൽ 10 വരെ സമ്മാനം ലഭിക്കുന്നവർക്ക്
750 രൂപ പ്രോത്സാഹനസമ്മാനം ലഭിക്കുന്നതാണ്.

## വിഷയങ്ങൾ

1. ന്യായാധിപൻമാർ 11-21 വരെ അധ്യായങ്ങൾ - 10 %
2. പ്രഭാഷകൻ 41-50 വരെ അധ്യായങ്ങൾ - 10 %
3. ലൂക്കാ 17-24 വരെ അധ്യായങ്ങൾ - 15 %
4. 'സുവിശേഷഭാഗ്യങ്ങളുടെ മനുഷ്യൻ' പ്രൊഫ. ജയിംസ് സെബാസ്റ്റ്യൻ രചിച്ച പുസ്തകം - 45 %
5. സഭാപരമായ പൊതുചോദ്യങ്ങൾ - 20 %

## നിബന്ധനകൾ

1. വിശ്വാസപരിശീലനം നടത്തുന്ന അധ്യാപകരും 5 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർഥികളുമാണ് ഇതിൽ പങ്കെടുക്കേണ്ടത്.
2. ഒരു അധ്യാപകനും 2 വിദ്യാർഥികളുമാണ് ഒരു ടീമിൽ വേണ്ടത്.
3. മത്സരസമയത്തു സാക്ഷ്യപത്രവും (ഇടവകവികാരി/ഹെഡ്മാസ്റ്റർ) രജിസ്ട്രേഷൻ ഫീസും (ടീം ഒന്നിന് 100 രൂപ) കൊണ്ടുവരേണ്ടതാണ്.
4. ഒരു ഇടവകയിൽനിന്നും ഒന്നിൽ കൂടുതൽ ടീമുകൾക്കു പങ്കെടുക്കാവുന്നതാണ്.
5. ക്വിസ് മാസ്റ്ററുടെ തീരുമാനം അന്തിമമാണ്.
6. ടീമിൽ ഒരാൾക്കെങ്കിലും ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയ മൊബൈൽ ഫോൺ ഉണ്ടാകേണ്ടതാണ്.

**ഫാ. ജോസഫ് ആലഞ്ചേരി**
**(പോസ്റ്റുലേറ്റർ)**

**ഫാ. തോമസ് ആര്യൻകാല**
**(വൈസ് പോസ്റ്റുലേറ്റർ 8921017878)**

**സി. ലിൻസി തണ്ടപ്പള്ളിൽ എസ്.എ.ബി.എസ്.(9562801756)**

**കുഞ്ഞൂഞ്ഞമ്മ അഗസ്റ്റി (9961286182)**
**(കൺവീനേഴ്സ്)**

**ഫാ. ഫിലിപ്പ് വൈക്കത്തുകാരൻവീട്ടിൽ**
**(വികാരി)**

**ഫാ. മാത്യു മുത്തുമാക്കുഴിയിൽ**
**(ഡയറക്ടർ 9539955483)**

**ജോച്ചൻ ജോസഫ്**
**കൊഴുപ്പക്കളം**
**(ഹെഡ്മാസ്റ്റർ 9447596975)**

# ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ

ഈശോയിൽ സ്നേഹംനിറഞ്ഞവരേ,

നമ്മുടെ കൂട്ടായപ്രവർത്തനത്തിന്റെ ഫലമായി നൂറുമേനി സീസൺ മൂന്നും ജൂബിലി ലോഗോസ് ക്വിസും ഭംഗിയായി ക്രമീകരിക്കാൻ കഴിഞ്ഞു. ഈ വർഷം കൂടുതൽ കുട്ടികളുടെ പങ്കാളിത്തം നൂറുമേനിക്കു വളരെയേറെ ജീവൻ പകർന്നു എന്നതിൽ സംശയമില്ല. അതിരൂപതയിലെ വിശ്വാസപരിശീലന രംഗത്തുനിന്നും 110 കുട്ടികൾ സങ്കീർത്തനം 119 മനഃപാഠമാക്കി. 1400 കുട്ടികൾ നൂറുമേനി വീഡിയോ മത്സരത്തിൽ പങ്കെടുത്തു. നൂറുമേനി സീസൺ നാലു പ്രഖ്യാപിക്കുകയുണ്ടായി. ഇതിൽ ഈ വർഷത്തെക്കാൾ കൂടുതലാളുകൾ പങ്കെടുക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ മുൻകൂട്ടി ആരംഭിക്കേണ്ടതാണ്. സീസൺ നാലിന്റെ പുസ്തകം പ്രകാശനം ചെയ്യുകയും വിതരണം ആരംഭിക്കുകയും ചെയ്തു. കുടുംബക്കൂട്ടായ്മ ഓഫീസിൽ നിന്നും പുസ്തകങ്ങൾ ലഭിക്കുന്നതാണ്.

ഈ പരിപാടിയോട് ഇടവകകളിലെ അച്ചന്മാരുടെ സഹകരണം പ്രശംസനീയമായിരുന്നു. സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർമാർ, കോഡിനേറ്റർമാർ, കുടുംബക്കൂട്ടായ്മ ലീഡർമാർ, ആനിമേറ്റർമാർ എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

ഈ വർഷം എല്ലാവർക്കും വ്യക്തിപരമായി ഒരു ബൈബിൾ ഉണ്ടാകുക എന്ന ലക്ഷ്യത്തോടെ 'എന്റെ സ്വന്തം ബൈബിൾ' പദ്ധതിക്കു തുടക്കം കുറിച്ചിരിക്കുകയാണ്. ഈ പദ്ധതി ഏറ്റം വിജയകരമാക്കാനും ഈ ലക്ഷ്യം പൂർത്തികരിക്കാനും എല്ലാവരുടെയും സഹായസഹകരണങ്ങളുണ്ടാകണം.

ജൂബിലി വർഷത്തിലെ ലോഗോസ് ക്വിസിൽ അതിരൂപതയിൽനിന്നും ഏകദേശം മുപ്പതിനായിരം പേരെ പങ്കെടുപ്പിക്കാൻ കഴിഞ്ഞു. ഈ വർഷം സംസ്ഥാനതലത്തിൽ കൂടുതലാളുകൾക്കു നമ്മുടെ അതിരൂപതയിൽനിന്നും വിജയം വരിക്കാൻ സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

സ്നേഹപൂർവം,

**ഫാ. ജോർജ് മാന്തുരുത്തിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

### 'ലോകത്തിന് നന്മ പകരാനുള്ള ഉപകരണമാണു ദൈവവചനം': തോമസ് മാർ കൂറിലോസ്

'ലോകത്തിനു നന്മ പകരാനുള്ള ഉപകരണമാണ്' ദൈവവചനമെന്നു തിരുവല്ല അതിരൂപതാധ്യക്ഷൻ അഭി. തോമസ് മാർ കൂറിലോസ് പ്രസ്താവിച്ചു. അതിരൂപതാ ബൈബിൾ അപ്പോസ്തലേറ്റ്-കുടുംബക്കൂട്ടായ്മ-മാക് റ്റി.വി. എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നടത്തപ്പെട്ട നൂറുമേനി വചനപഠന പദ്ധതി മഹാസംഗമം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. തിന്മയുടെ ശക്തികളെ കീഴ്പ്പെടുത്താൻ വചനത്തിന്റെ ശക്തിക്കേ സാധിക്കുകയുള്ളൂവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

അതിരൂപതാ മെത്രാപ്പോലീത്താ അഭി. മാർ തോമസ് തറയിൽ അധ്യക്ഷത വഹിച്ചു. ദൈവവചനം ജീവിതത്തിലെ ധാർമികതയെ വളർത്തുന്നുവെന്നും വചനം സ്വീകരിക്കുന്നവർ ലോകത്തിലെ പ്രശ്നങ്ങളോടു പ്രതികരിക്കുന്നവരും പരിഹാരകരുമാകണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പ്രോട്ടോസിഞ്ചെല്ലൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് മുഖ്യപ്രഭാഷണവും നടത്തി. ചലച്ചിത്രനടൻ സിജോയ് വർഗീസ് നൂറുമേനി സീസൺ ഫോറിന്റെ ഉദ്ഘാടനവും പഠനപുസ്തകപ്രകാശനവും നിർവഹിച്ചു. പ്രൊഫ. ജോസഫ് റ്റിറ്റോ, സി. ചെറുപുഷ്പം എസ്.എ.ബി.എസ്., ജോസി കടന്തോട്, മറിയം ജോർജ് പൊട്ടൻകുളം, സ്കറിയ സി.സി. വടക്കേൽ എന്നിവർ പുസ്തകം ഏറ്റുവാങ്ങി.

ചലച്ചിത്രനിർമാതാവും ഗാനരചയിതാവുമായ ലിസി ഫെർണാണ്ടസ്, ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ. ജോർജ് മാന്തുരുത്തിൽ, മീഡിയ വില്ലേജ് മീഡിയ കോഡിനേറ്റർ ഫാ. ജോർജ് ഇലഞ്ഞിക്കൽ, നൂറുമേനി വചനപഠനപദ്ധതി ചെയർമാൻ സണ്ണി തോമസ് ഇടിമണ്ണിക്കൽ, ബൈബിൾ അപ്പോസ്തലേറ്റ് അതിരൂപതാ പ്രസിഡന്റ് ഡോ. റൂബിൾ രാജ്, നൂറുമേനി ജനറൽ കൺവീനർ ഡോ. ജോബിൻ എസ്. കൊട്ടാരം, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി പ്രൊഫ. രേഖ മാത്യൂസ്, ഡോ. പി. സി. അനിയൻകുഞ്ഞ്, സി. ചെറുപുഷ്പം എസ്.എ.ബി.എസ്. എന്നിവർ പ്രസംഗിച്ചു.

'എന്റെ സ്വന്തം ബൈബിൾ' പദ്ധതിയുടെ ഉദ്ഘാടനം അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ സങ്കീർത്തനം 119 മനഃപാഠമാക്കിയ രണ്ടാം ക്ലാസ്സ് വിദ്യാർഥികളായ ലൂക്കാ രാകേഷ്, ഇവാൻ വി. ബിജോയ് എന്നിവർക്കു പേഴ്സണൽ ബൈബിൾ നൽകി നിർവഹിച്ചു. ചലച്ചിത്രനടൻ സിജോയ് വർഗീസ്, ഗാനരചയിതാവു ലിസി കെ. ഫെർണാണ്ടസ്, ഡോ. റൂബിൾ രാജ് എന്നിവരെ സമ്മേളനത്തിൽ ആദരിച്ചു. ഗ്രാൻഡ് ഫിനാലെ വിജയികൾക്കുള്ള സമ്മാനങ്ങൾ നൽകി. അയ്യായിരത്തോളം സമ്മാനർഹർ ഗ്രാൻഡ് ഫിനാലെയിലും മഹാസംഗമത്തിലും പങ്കെടുത്തു.

ആന്റണി തോമസ് മലയിൽ, ജോസുകുട്ടി കുട്ടംപേരൂർ, സൈബി അക്കര, ഡോ. സോണി കണ്ടങ്കേരിൽ, അഡ്വ. ഡെന്നിസ് ജോസഫ്, ജോസി കടന്തോട്, ജോബി തൂമ്പുങ്കൽ, ഷിജി ജോൺസൺ, ബിനു വെളിയനാട്, ജോഷി കൊല്ലാപുരം, സീന തൂമ്പുങ്കൽ, ലാലി ഇളപ്പുങ്കൽ, റോയി വേലിക്കാട്ട്, ജോണിക്കുട്ടി സ്കറിയ, ആന്റണി അമിക്കുളം, ജോയിച്ചൻ ഇളപ്പുങ്കൽ, സിബി മുക്കാടൻ, റെന്നി മാത്യു, ടോമിച്ചൻ പുല്ലങ്കാവുങ്കൽ, ജോസ് സെബാസ്റ്റ്യൻ, ലാലപ്പൻ നെല്ലിക്കൽ, ജിക്കു ജോസഫ് നാലുകോടി എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി.

**നൂറുമേനി സീസൺ മൂന്ന്: ഗ്രാൻഡ് ഫിനാലെ വിജയികൾ**

**ഒന്നാം സ്ഥാനം**

ഡോ. അഭിലാഷ് കെ തോമസ്, ഡോ. റോണ ജോസഫ്, സെബാസ്റ്റ്യൻ തോമസ് കുഴിക്കാട്ടിൽ (സെന്റ് അൽഫോൻസാ, പോങ്ങുംമൂട്)

**രണ്ടാം സ്ഥാനം**

ഡോ. സുജിത്ത് ജോ മാത്യു, ഡോ. അനു വർഗീസ്. മരിയ റോസ് ജെ. മണിയങ്ങാട്ട് (ലൂർദ് മാതാ, അരുവിക്കുഴി)

**മൂന്നാം സ്ഥാനം**

മാത്യു തോമസ്, മേരിക്കുട്ടി തോമസ്, മെർളി ആൻ മാത്യു തറയിൽ കാനാച്ചേരി (സെന്റ് മേരീസ് ഫൊറോന, പുളിങ്കുന്ന്)

**നാലാം സ്ഥാനം**

ജയിംസ് കെ. ജേക്കബ്, ഷൈനി സെബാസ്റ്റ്യൻ കോലോത്ത് (സെന്റ് മേരീസ്, പാറേൽ)

**അഞ്ചാം സ്ഥാനം**

സോജി ചാക്കോ, മരിയ മാത്യു കൂനാനിക്കൽ (സെന്റ് ജോസഫ്സ്, വായ്പ്പൂർ

## വ്യക്തിഗതം

**കാറ്റഗറി എ**

1. അലീന മാത്യു പൊട്ടുകുളം (സെന്റ് ജോസഫ്സ്, ളായിക്കാട്)
2. അയോണ പി. അജോ പെരുമണ്ണിക്കല (സെന്റ് സെബാസ്റ്റ്യൻസ് ചെറുവാണ്ടൂർ)
3. ആൽഫിൻ ജോബിൻസ് പുന്നക്കാലയിൽ (സെന്റ് ജോസഫ്സ് ഫിൽഗിരി)

**കാറ്റഗറി ബി**

1. സെറ ആൻ ജ്യുവൽ മാറാട്ടുകളം (സെന്റ് മേരീസ്, പാറേൽ)
2. ആൽറിക് ജോസ് ജോസുകുട്ടി വിരുത്തിക്കരി (സെന്റ് തെരേസാസ്, കാവാലം)
3. ശ്രേയ എലിസബത്ത് പ്രവീൺ (മദർ തെരേസ, കണ്ണംമ്മൂല)

**കാറ്റഗറി സി**

1. എയ്ഞ്ചൽ മേരി തോമസ് (സെന്റ് മേരീസ് ഫൊറോന, കുടമാളൂർ)
2. മെറിൻ കുര്യൻ തുറവശ്ശേരി (സെന്റ് ജോസഫ്സ്, വെരൂർ)
3. ഡേവിസ് സിലേഷ് പുന്നമറ്റം (സെന്റ് സെബാസ്റ്റ്യൻസ് അയർക്കുന്നം)

**കാറ്റഗറി ഡി**

1. മാഗി മേരി തോമസ് കുമ്പിളുവേലിൽ (ലിറ്റിൽ ഫ്ളവർ, കുളത്തൂർ)
2. മരിയ മേരി തോമസ് കുമ്പിളുവേലിൽ (ലിറ്റിൽ ഫ്ളവർ, കുളത്തൂർ)
3. ഡോണ ജോർജ് വെട്ടിക്കാട് എറണാകരി (സെന്റ് തോമസ്, നാലുകോടി)

**കാറ്റഗറി ഇ**

1. ഷൈനി റ്റോം പാണങ്ങാട്ട് (സെന്റ് മേരീസ് ഫൊറോന, പുളിങ്കുന്ന്)
2. ബിജി ജോസഫ് പുഷ്പകത്തുകാലയിൽ (ക്രൈസ്റ്റ് ദ കിങ്, ഏറ്റുമാനൂർ)
3. ഡോ. സിജു തോമസ് ഷാരോൺ കുറ്റിക്കാട്ട് (സെന്റ് മേരീസ് ഫൊറോന, കുടമാളൂർ)

**കാറ്റഗറി എഫ്**

1. എൽസമ്മ മാത്യു കണ്ണംകോട്ടൽ (ലൂർദ് മാതാ, പായിപ്പാട്)

2. ഏലിയാമ്മ സ്കറിയ തേനാട്ടിൽ (സെന്റ് മേരീസ്, കടയനിക്കാട്)
3. ലിസമ്മ ജോസ് മുണ്ടയ്ക്കൽ (സെന്റ് മേരീസ് ഫൊറോന, കുടമാളൂർ)

**യുവദീപ്തി-എസ്.എം.വൈ.എം.**

സുബിൻ സ്കറിയ (എടത്വാ സെൻട്രൽ യൂണിറ്റ്, എടത്വാ ഫൊറോന)

മെറീറ്റ ജോസഫ് (മണിമല സെൻട്രൽ യൂണിറ്റ്, മണിമല ഫൊറോന)

ജെസ്ലിൻ മേരി ജോസഫ് (നർബോണപുരം യൂണിറ്റ്, ചമ്പക്കുളം ഫൊറോന)

**സന്യാസിനികൾ-സന്യാസാർഥിനികൾ**

**കാറ്റഗറി എ (നോവിസ്)**

1. റിനു മാത്യു എഫ്.സി.സി.
2. അനീറ്റ ട്രീസ ജോസഫ് എഫ്.സി.സി.
3. അമ്മു ബി. തറപ്പേൽ എഫ്.സി.സി.
4. ക്രിസ്റ്റി വിൻസെന്റ് എസ്.എ.ബി.എസ്.
5. മേബിൾ ചാണ്ടി എസ്.എ.ബി.എസ്.

**കാറ്റഗറി ബി**

1. സി. മാർഗരറ്റ് മരിയ സി.എം.സി.
2. സി. ക്രിസ്റ്റീന കുഴിപ്പതാലിൽ എസ്.എ.ബി.എസ്.
3. സി. നിവ്യ തെരേസ് സി.എം.സി.
4. സി. ലൗണ നെന്മേനിക്കാട്ടിൽ എസ്.എം.എം.ഐ.
5. സി. ടെസ തെരേസ് സി.എം.സി.

**കാറ്റഗറി സി**

1. സി. സിസി മരിയ എഫ്.സി.സി.
2. സി. ഗ്രേസി എഫ്.സി.സി.
3. സി. റ്റീന എസ്.എ.ബി.എസ്.
4. സി. മരിയ എഫ്.സി.സി.
5. സി. സിസി ജോസ് എസ്.എ.ബി.എസ്.

**കാറ്റഗറി ഡി**

1. സി. ലില്ലി ട്രീസ എഫ്.സി.സി.
2. സി. മേരി ജെയ്സൺ എം.എൽ.എഫ്.
3. സി. സുജ എസ്.ഡി.
4. സി. നിർമല എഫ്.സി.സി.
5. സി. സിസി സെബാൻ സി.എം.സി.

**ചെത്തിപ്പുഴ നേഴ്സിങ് കോളേജ് വിദ്യാർഥികൾ**

1. അലീന ജോൺ

2. ജിസ്മി മരിയ ജോസഫ്

3. ബ്രിജിത്ത് സലിൽ

**ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റൽ സ്റ്റാഫ്**

1. സി. അലേയ സിൻസി എം.

2. ടെസി സെബാസ്റ്റ്യൻ

3. ആനിയമ്മ സിബിച്ചൻ

**വീഡിയോ മത്സരം**

**കാറ്റഗറി എ: തിരുബാലസഖ്യം മുതൽ 3 വരെ ക്ലാസ്സുകൾ**

1. ജിയ മേരി റെജി (സെന്റ് തോമസ്, വടവാതൂർ)
2. സാറാ ട്രീസ ജോൺസൺ (സെന്റ് തോമസ്, നാലുകോടി)
3. മിഖായേൽ വർഗീസ് (സെന്റ് തോമസ്, നാലുകോടി)

**കാറ്റഗറി ബി: 4 മുതൽ 7 വരെ ക്ലാസ്സുകൾ**

1. അയോണ റ്റോം (സെന്റ് മേരീസ് ഫൊറോന, പുളിങ്കുന്ന്)
2. ജോയൽ റോയ് (സെന്റ് സേവ്യേഴ്സ്, മിത്രക്കരി)
3. മെൽവിൻ സി. ജോൺ (സെന്റ് മേരീസ്, കുമരങ്കരി)

**കാറ്റഗറി സി: 8 മുതൽ 12 വരെ ക്ലാസ്സുകൾ**

1. റോസ്മേരി മാർട്ടിൻ (സെന്റ് മേരീസ് ബസിലിക്ക, ചമ്പക്കുളം)
2. എയ്ഡൽ സിബി ജോസഫ് (സെന്റ് തോമസ്, നാലുകോടി)
3. ജെനിറ്റ മരിയ മാത്യു (സെന്റ് ജോർജ്, ചീരഞ്ചിറ)

**കാറ്റഗറി ഡി: 18 വയസു മുതൽ 30 വയസു വരെ**

1. സ്നേഹ തെരേസ ബേബി (മാർ സ്ലീവാ, പൊങ്ങ)
2. ആഷ്ന ജോസഫ് (സെന്റ് മേരീസ്, കുമരങ്കരി)
3. റിയ സേവ്യർ (സെന്റ് സേവ്യേഴ്സ്, പുതുക്കരി
   ജെസ് ട്രീസ ജോസഫ് (സെന്റ് തോമസ്, നാലുകോടി)

**കാറ്റഗറി ഇ: 30 വയസിനു മുകളിൽ**

1. മേരിക്കുട്ടി (സെന്റ് ജോർജ് ഫൊറോന, മുഹമ്മ
2. ആൻസി ജോളി (ലൂർദ് മാതാ, മാമ്പുഴക്കരി)
3. സുജ മത്തച്ചൻ (സെന്റ് സെബാസ്റ്റ്യൻസ്, അയർക്കുന്നം)
4. ഷീന തോമസ് (സെന്റ് തോമസ്, വടവാതൂർ)

❑

# ഫാമിലി അപ്പോസ്തലേറ്റ്

ഈശോമ്ശിഹായിൽ പ്രിയരേ,

മനുഷ്യാവതാര ജൂബിലിയുടെ ഭാഗമായുള്ള പേടകപ്രയാണങ്ങൾ ഇടവകതലത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. ജൂബിലി ആഘോഷത്തിന്റെ വിവിധ തലങ്ങളിൽ, വികാരിയച്ചന്മാരുടെ നിർദേശാനുസരണം മാതൃവേദി-പിതൃവേദി പ്രസ്ഥാനങ്ങളുടെ ആത്മാർഥമായ സഹകരണവും നേതൃപരമായ ഇടപെടലും ഉണ്ടാകണമെന്ന് അഭ്യർഥിക്കുന്നു.

ഒക്ടോബറിൽ വയോജനങ്ങൾക്കായി പ്രത്യേകം കരുതൽപരിപാടികൾ ആസൂത്രണം ചെയ്യുവാൻ ശ്രദ്ധിക്കണം. ഒക്ടോബർ 1 ലോക വയോജന ദിനമാണ്. തലമുറകൾക്കായി ജീവിതം വ്യയം ചെയ്ത് ഇന്നു ജീവിതസായാഹ്നത്തിലെത്തിയിരിക്കുന്ന നമ്മുടെ മുതിർന്നതലമുറ തീർച്ചയായും നമ്മുടെ കരുതലും പരിഗണനയും ഏറെ അർഹിക്കുന്നുണ്ട്; അത് അവരുടെ അവകാശവുമാണ്. കുടുംബങ്ങളിൽ വയോജനങ്ങൾ സാമാന്യേന ശ്രദ്ധയും പരിചരണവും അനുഭവിക്കുന്നുണ്ട്. എന്നാൽ, നമ്മുടെ കാരുണ്യഭവനങ്ങളിൽ കഴിയുന്ന വയോജനങ്ങൾ ഭൗതികമായ സുരക്ഷിതത്വം അനുഭവിക്കുന്നെങ്കിലും അവരിൽ പലരും ഒറ്റപ്പെടലിന്റെയും പ്രിയപ്പെട്ടവരുടെ അവഗണനയുടെയും നൊമ്പരം പേറുന്നവരാണ്. അവരിലേക്കെത്താനും കരുണയുടെയും സാന്ത്വനത്തിന്റെയും സാന്നിധ്യമാകാനും മാതൃവേദി-പിതൃവേദി അംഗങ്ങൾ ശ്രദ്ധിക്കണം.

സ്നേഹത്തോടെ,

**ഫാ. ജോസഫ് പാറയ്ക്കൽ**
*(അസ്സോസിയേറ്റ് ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
*(ഡയറക്ടർ)*

**ഫാ. ജോൺ തറക്കുന്നേൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

## റിപ്പോർട്ട്

### മാതൃവേദി-പിതൃവേദി അതിരൂപതാ കൗൺസിൽ

2025-2026 പ്രവർത്തനവർഷത്തെ ആദ്യ അതിരൂപതാ കൗൺസിൽ ഓഗസ്റ്റ് 28ന് അതിരൂപതാ പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. പ്രോട്ടോസിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് കൗൺസിൽ ഉദ്ഘാടനം ചെയ്തു. അതിരൂപതാ പിതൃവേദി പ്രസിഡന്റ് റോയി കപ്പാങ്കൽ അധ്യക്ഷനായിരുന്നു. മാതൃവേദി പ്രസിഡന്റ് പ്രൊഫ. ഡോ. റോസമ്മ സോണി സ്വാഗതം ആശംസിച്ചു. വിവിധ ഫൊറോനകൾ തങ്ങളുടെ പ്രവർത്തനങ്ങളുടെ ഒരു സംക്ഷിപ്തരൂപം അവതരിപ്പിച്ചു. അതിരൂപതാകലോത്സവം, അതിരൂപതാവാർഷികം തുടങ്ങിയവ സംബന്ധിച്ചു ചർച്ചയുണ്ടായിരുന്നു. ഫൊറോനാതലങ്ങളിലെ പരിപാടികൾ സംബന്ധിച്ചുള്ള അറിയിപ്പു കൈമാറി.

**മാതൃവേദി അംഗങ്ങൾക്കായുള്ള മത്സരങ്ങൾ**

മാതൃവേദി ജന്മവാർഷികത്തോടനുബന്ധിച്ച് മാതാക്കൾക്കായി പ്രസംഗമത്സരവും മാതൃവേദി ആന്തം മത്സരവും സംഘടിപ്പിച്ചു. പ്രസംഗമത്സരത്തിൽ ആലപ്പുഴ ഫൊറോനയിലെ തത്തംപള്ളി യൂണിറ്റ് അംഗം പുത്തൻവീട് ഡയാന ജോയിക്കുട്ടിയും ആന്തം മത്സരത്തിൽ ആലപ്പുഴ ഫൊറോനയിലെ പുത്തനങ്ങാടി യൂണിറ്റും ഒന്നാം സമ്മാനത്തിന് അർഹരായി.

**മാതൃവേദി ജന്മദിനസമ്മേളനം**

മാതൃവേദി പ്രസ്ഥാനത്തിന്റെ 45-ാം ജന്മദിനസമ്മേളനം - ജനനി - 2025 മാതൃ സംഗമം - സെപ്റ്റംബർ 20 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30നു തുരുത്തി മർത്ത് മറിയം ഫൊറോനാപ്പള്ളിയിൽ നടത്തപ്പെട്ടു. അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത സമ്മേളനം ഉദ്ഘാടനം ചെയ്തു. സമൂഹത്തിൽ ഏറ്റവും സ്വാധീനം ചെലുത്തുന്നവരാണ് മാതാക്കളെന്നും മനുഷ്യചരിത്രത്തിന്റെ വഴിത്താരയിൽ നിർണായക സ്വാധീനമായി മാറാൻ കഴിഞ്ഞിട്ടുള്ള മഹനീയ സാന്നിധ്യമാണ് മാതൃത്വം എന്നും പിതാവ് അമ്മമാരെ അനുസ്മരിപ്പിച്ചു. അതിരൂപതാ പ്രോട്ടോസിഞ്ചെല്ലൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് മുഖ്യപ്രഭാഷണം നടത്തി. ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല മാർഗനിർദേശം നൽകി. തുരുത്തി ഫൊറോനാപ്പള്ളി വികാരി ഫാ. ജേക്കബ് ചീരംവേലിൽ, പിതൃവേദി അതിരൂപത പ്രസിഡന്റ് റോയി കപ്പാങ്കൽ, മാതൃവേദി സെക്രട്ടറി മോളിമ്മ ആന്റണി, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോൺ തറക്കുന്നേൽ, അതിരൂപതാ ആനിമേറ്റർ സി. ലിൻസ് മേരി എസ്.എ.ബി.എസ്., വൈസ് പ്രസിഡന്റ് ഗ്രേസി സഖറിയ എന്നിവർ പ്രസംഗിച്ചു.

പ്രസംഗമത്സരത്തിനും ആന്തം മത്സരത്തിനും വിജയികളായ അമ്മമാർക്ക് പെരിയ ബഹു. ഏത്തയ്ക്കാട് അച്ചൻ സമ്മാനം വിതരണം നടത്തി. വിവിധ കലാപരിപാടികൾ അരങ്ങേറി. അതിരൂപത മാതൃവേദി-പിതൃവേദി ആനിമേഷൻ അംഗങ്ങൾ, തുരുത്തി ഫൊറോനാ ആനിമേഷൻ അംഗങ്ങൾ, ഫൊറോനാപ്പള്ളി യൂണിറ്റ് അംഗങ്ങൾ എന്നിവർ സംഗമത്തിന് നേതൃത്വം നൽകി.

## ഓർമിക്കാൻ

**വയോജനദിനം - ഒക്ടോബർ 1**

ഒക്ടോബർമാസം വയോജനങ്ങളെ പ്രത്യേകമായി കരുതാനും വയോജനങ്ങളോടുള്ള സ്നേഹാദരവുകൾ ഇളംതലമുറയിൽ രൂപപ്പെടുത്താനും കഴിയുന്ന വിധത്തിലുള്ള പരിപാടികൾ ആസൂത്രണം ചെയ്യുക. വയോജനങ്ങളെ സംരക്ഷിക്കുന്ന കാരുണ്യഭവനങ്ങൾ സന്ദർശിച്ച് സഹായങ്ങൾ നൽകുക. ഇടവകതലത്തിൽ വയോജനങ്ങൾക്കായി പ്രത്യേക കരുതൽ പദ്ധതികൾ പാലിയേറ്റീവ് ക്ലബിന്റെ ഭാഗമായി ക്രമീകരിക്കുക.

**ലോക മാനസികാരോഗ്യ ദിനം - ഒക്ടോബർ 10**

കുടുംബത്തിന്റെ സന്തോഷകരവും സരളവുമായ യാത്രയെ വളരെ ദോ

ഷകരമായി ബാധിക്കുന്ന പ്രതിസന്ധിയാണ് മാനസിക പ്രശ്നങ്ങൾ. മാനസികാരോഗ്യം സംബന്ധിച്ചുള്ള ബോധവൽക്കരണം ഈ കാലഘട്ടത്തിന്റെ ഒരു ആവശ്യമാണ്. കുടുംബബന്ധങ്ങളെ പ്രതിസന്ധിയിൽ ആക്കുകയും വ്യക്തിജീവിതം ദുസ്സഹമാക്കുകയും ചെയ്യുന്ന വിധത്തിൽ മാനസികാരോഗ്യ പ്രശ്നങ്ങൾ ആഘാതം ഏൽപ്പിക്കും മുൻപ് അവയെ തിരിച്ചറിയാനും പ്രതിരോധിക്കാനും സാധിക്കണം. നമ്മുടെ യൂണിറ്റുകളിൽ മാനസികാരോഗ്യം സംബന്ധിച്ചുള്ള ബോധവൽക്കരണ പരിപാടികൾ വിദഗ്ധരായ ആളുകളെ ഉൾപ്പെടുത്തി ക്രമീകരിക്കുവാൻ ശ്രദ്ധിക്കുന്നത് നന്നായിരിക്കും.

**ചെറുകിട വ്യവസായ ദിനം – ഒക്ടോബർ 30**

ഇടവകയിൽ വിവിധങ്ങളായ ചെറുകിട വ്യവസായ സംരംഭങ്ങളിൽ വ്യാപൃതരായിരിക്കുന്നവരെ അനുമോദിക്കാനും അവരുടെ ഉൽപന്നങ്ങൾക്ക് ഗുണകരമായ വിപണന സാധ്യത ഒരുക്കാനും മാതൃവേദി-പിതൃവേദി യൂണിറ്റുകൾ പ്രത്യേകം താൽപര്യം എടുക്കണം. മാതൃകാപരമായ വിധത്തിൽ സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഇടവകാംഗങ്ങളെ അനുമോദിക്കാനും യൂണിറ്റ് അംഗങ്ങളിൽ സംരംഭകത്വ താൽപര്യം ഉണർത്തുവാൻ സാധിക്കുന്ന വിധത്തിലുള്ള പരിപാടികൾ ആസൂത്രണം ചെയ്യാനും ശ്രദ്ധിക്കണം.

## വിവാഹഒരുക്ക സെമിനാർ

| മാസം | തീയതി | സ്ഥലം |
|---|---|---|
| ഒക്ടോബർ | സെപ്റ്റംബർ 30, ഒക്ടോബർ 01, 02 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |
| | 13, 14, 15 | |
| | 27, 28, 29 | |
| നവംബർ | 03, 04, 05 | |
| | 10, 11, 12 | |
| | 17, 18, 19 | |

**വിവാഹഒരുക്ക സെമിനാർ വിവരങ്ങൾക്ക്: 0481 2424476, 9447016240 (ഫാമിലി അപ്പോസ്തലേറ്റ്)**
**വിളിക്കേണ്ട സമയം: രാവിലെ 10 മുതൽ വൈകിട്ട് 5 വരെ**

❑

# യുവദീപ്തി–എസ്.എം.വൈ.എം.

**കേരള നവീകരണയാത്രയ്ക്ക് സ്വീകരണം നൽകി**

കേരള കത്തോലിക്ക യുവജനപ്രസ്ഥാനത്തിന്റെ (കെ.സി.വൈ.എം) നേതൃത്വത്തിൽ കാസർഗോഡ് വെള്ളരിക്കുണ്ടിൽനിന്നും ആരംഭിച്ച കേരള നവീകരണയാത്രയ്ക്ക് അതിരൂപതാ യുവദീപ്തി–എസ്.എം.വൈ.എം. പെരുന്ന ബസ്സ്റ്റാൻഡിൽ സ്വീകരണം നൽകി. കേരളത്തിലെ യുവജനങ്ങൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ സമൂഹമധ്യത്തിൽ അവതരിപ്പിച്ചുകൊണ്ടാണ് നവീകരണയാത്ര നടത്തിയത്. അതിരൂപതാ ഡെപ്യൂട്ടി പ്രസിഡന്റ് എലിസബത്ത് വർഗീസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം അതിരൂപതാ പ്രോട്ടോസിഞ്ചെല്ലൂസ് വെരി റവ. ഫാ. ആന്റണി എത്തയ്ക്കാട് ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് എബിൻ കണിവയലിൽ മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാന ഡയറക്ടർ ഫാ. ഡിറ്റോ കുള, അതിരൂപതാ ഡയറക്ടർ ഫാ. സാവിയോ മാനാട്ട്, ഷിജോ മാത്യു, ജോബിൻ ജോസ്, ലാലിച്ചൻ മറ്റത്തിൽ, അലക്സ് മഞ്ഞുമ്മൽ, ജോയൽ ജോൺ റോയി എന്നിവർ പ്രസംഗിച്ചു. ലിന്റാ ജോഷി, അമല ജോസഫ്, ജോർജ് സെബാസ്റ്റ്യൻ, ആന്റണി ജോസഫ്, സഞ്ജയ് സതീഷ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**രചനാ മത്സരങ്ങൾ നടത്തി**

യുവദീപ്തി–എസ്.എം.വൈ.എം. നടത്തുന്ന ''ഉത്സവ്–25''ന്റെ ഭാഗമായുള്ള രചനാമത്സരങ്ങൾ ഓഗസ്റ്റ് 24നു വിവിധ ഫൊറോനാകളിൽ നടത്തുകയുണ്ടായി. കവിതാരചന, കഥാരചന, ഉപന്യാസം, കൊളാഷ്, പത്രവാർത്താരചന, നോട്ടീസ് രചന, മുദ്രാവാക്യരചന, കാർട്ടൂൺ രചന, പെൻസിൽ ഡ്രോയിങ്ങ്, വാട്ടർ കളർ, പോസ്റ്റർ രചന, ഡിജിറ്റൽ പോസ്റ്റർ, ട്രോൾ മേക്കിങ്ങ് എന്നീ മത്സരങ്ങളാണ് നടത്തിയത്.

**അവതരണമത്സരങ്ങൾ ഒക്ടോബർ 11, 12നു എസ്.ബി. ഹയർ സെക്കന്ററി സ്കൂളിൽ**

'ഉത്സവ്–25' നോടനുബന്ധിച്ചുള്ള അവതരണമത്സരങ്ങൾ ഒക്ടോബർ 11, 12 തീയതികളിൽ ചങ്ങനാശേരി എസ്.ബി. ഹയർ സെക്കന്ററി സ്കൂളിൽവച്ച് നടത്തുന്നതാണ്. പ്രസംഗം മലയാളം (A & B), ലളിതഗാനം (A & B) സംഘഗാനം, യുവദീപ്തി ആന്തം, ഡിബേറ്റ്, മോണോ ആക്ട്, മിമിക്രി, മാർഗംകളി (B), പരിചമുട്ടുകളി, നാടോടിനൃത്തം A & B എന്നീ ഇനങ്ങളാണ് ഒക്ടോബർ 11,12 തീയതികളിൽ നടത്തുക.

**ഒക്ടോബർ മാസത്തെ പരിപാടികൾ**

| | |
|---|---|
| ഒക്ടോബർ 2 | – ഉപവാസപ്രാർത്ഥനാദിനം |
| ഒക്ടോബർ 11, 12 | – അതിരൂപതാ മത്സരങ്ങൾ |
| ഒക്ടോബർ 17, 18, 19 | – ഫൊറോനാ ക്യാമ്പ് – എടത്വാ, |
| ഒക്ടോബർ 20, 25 | – YTP ക്ലാസ്സ് |

**ഫാ. ജോസഫ് പുതുവീട്ടിൽകളം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. സാവിയോ മാനാട്ട്**
*(ഡയറക്ടർ)*

**അരുൺ റ്റോം തോപ്പിൽ**
*(പ്രസിഡന്റ്)*

❑

# സീയോൻ ധ്യാനകേന്ദ്രം

**സീനിയർ സിറ്റിസൺസ് ഗ്രെയ്സ്ഫുൾ ധ്യാനം**

ഈശോയുടെ മനുഷ്യാവതാരത്തിന്റെ 2025-ാം ജൂബിലി വർഷ സന്ദേശം 'എല്ലാവർക്കും പ്രത്യാശ' എന്നതാണ്. പ്രായാധിക്യത്താൽ ജീവിക്കാനുള്ള പ്രത്യാശ കുറയുന്നവരാണു വൃദ്ധജനങ്ങൾ. പ്രായമായ മാതാപിതാക്കൾക്കു പ്രത്യാശയും സമാധാനവും സന്തോഷവും പകരുന്നതാണു ഗ്രെയ്സ്ഫുൾ ധ്യാനം. ഇക്കാര്യം പള്ളികളിലറിയിക്കാനും അവരെ ഈ ധ്യാനത്തിൽ പങ്കെടുപ്പിക്കാനും വികാരിയച്ചന്മാർ മുൻകൈയെടുക്കണം.

ബുക്കിങ്ങിന്: **8086399023, 9495107045**

**അടുത്തധ്യാനങ്ങൾ:**
**ഒക്ടോബർ 19-22**
**നവംബർ 13-16**

**ജൂബിലി വർഷത്തിൽ ഇടവകകളിൽ സീനിയർ സിറ്റിസൺ സംഗമം, രോഗീദിനാചരണം എന്നിവ നടത്താൻ വിളിക്കുക: 9495107045**

**ഒക്ടോബറിലെ ശുശ്രൂഷകൾ**

| | | |
|---|---|---|
| 01-02, 13-15, 27-29 | | വിവാഹഒരുക്ക സെമിനാർ |
| 03-05 | : | സൺഡേ സ്കൂൾ ക്യാംപ് (സെന്റ് മേരീസ്, വടക്കേക്കര) |
| 05-08 | : | വൈദികർക്കു വിമോചനധ്യാനം |
| 10-12 | : | നാഷണൽ മെന്റൽ ഹെൽത്ത് കോൺഫെറൻസ് |
| 17-19 | : | യുവദീപ്തി ക്യാംപ് (എടത്വാ ഫൊറോന) |
| 19-22 | : | സീനിയർ സിറ്റിസൺസ് ധ്യാനം |

**സീയോൻ ധ്യാനകേന്ദ്രത്തിൽ ക്യാംപുകളും മറ്റുശുശ്രൂഷകളും നടത്താനാഗ്രഹിക്കുന്നവർ മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്. ഫോൺ: 9495107045**

**ഫാ. തോമസ് പ്ലാപ്പറമ്പിൽ**
*(ഡയറക്ടർ)*

❑

# ചങ്ങനാശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി
# (CHASS)

**ചാസ്സിൽനിന്നും ആശംസകൾ**

പ്രിയ ബഹു. അച്ചാ/സുഹൃത്തേ,

സഭയുടെ സാമൂഹിക ക്ഷേമ പ്രസ്ഥാനമെന്നനിലയിലും പ്രവർത്തകരെന്ന നിലയിലും നാം സാംക്രമികരോഗങ്ങൾക്കെതിരെയും മഹാമാരികൾക്കെതിരെയും വളരെയേറെ ജാഗ്രത പുലർത്തേണ്ടവരാണ്. സഹജീവികളോടുള്ള കരുതലാണ് നമ്മുടെ പ്രവർത്തനങ്ങളുടെ വ്യതിരക്തത. കോവിഡ് മഹാമാരിക്കു ശേഷം 'അമീബിക്ക് മസ്തിഷ്ക ജ്വരം' എന്ന രോഗത്തിന്റെ ഭീക്ഷണി നേരിടുകയാണ് നമ്മൾ. ആഗോളതാപനം മൂലം ഓരോ വർഷവും താപനില കൂടിവരികയാണ്. ചൂടുള്ള കാലാവസ്ഥയിൽ നിലനിൽക്കുവാൻ കഴിയുന്ന അമീബകൾ സ്വാഭാവികമായും ജലോപരിതലത്തിൽ ഉണ്ടാകുവാനുള്ള സാധ്യത വളെരെ കൂടുതലാണ്. ഇതിന് കുറ്റമറ്റ 'ജലജാഗ്രത' ആവശ്യമാണ്. കുളങ്ങളിലും ജലാശയങ്ങളിലും മാത്രമല്ല നമ്മുടെ കിണറുകളിലും പൊതുടാപ്പുകളിലുമെല്ലാം അമീബയുടെ സാന്നിധ്യം ഉണ്ടാകും. ഈ സാഹചര്യം കണക്കിലെടുത്ത് പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ സഹകരണത്തോടെ ബോധവത്കരണ പരിപാടികളും സെമിനാറുകളും ക്ലോറിനേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങളും ഏറ്റെടുത്ത് ചെയ്യുന്നതും ഒക്ടോബർ 2 ഗാന്ധിജയന്തിദിനാചരണത്തോടനുബന്ധിച്ച് നമ്മുടെ യൂണിറ്റുകളുടെ നേതൃത്വത്തിൽ പരിസരവും ജലാശയങ്ങളുടെയും ജലസ്രോതസ്സുകളുടെയും ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതും ഉചിതമായിരിക്കും.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോർജ് പനക്കേഴം**
*(ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ കണ്ണാടിപ്പാറ**
**ഫാ. ജോർജ് തൈച്ചേരിൽ**
**ഫാ. ജോസഫ് ചോരേട്ട്ചാമക്കാല**
**ഫാ. വർഗീസ് നമ്പിമഠം**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

**അറിയിപ്പ്**

**ചാസ്സ് മറൈയ്ൻ ഫ്രഷ്:** വെട്ടി കഴുകി വൃത്തിയാക്കിയ എക്സ്പോർട്ടിങ് ക്വാളിറ്റിയുള്ള ഫ്രോസൺ കടൽ-കായൽ മത്സ്യങ്ങൾ ചാസ്സ് കേന്ദ്രഓഫീസിൽ പ്രവർത്തിക്കുന്ന സ്വാശ്രയ വിപണിയിലൂടെ ഒക്ടോബർമാസം മുതൽ ലഭിക്കുന്നതാണ്. കൂടുതൽ വിവിരങ്ങൾക്ക് 8891818730, 9539701126.

## കേന്ദ്രവാർത്തകൾ

**സ്വീകരണം നൽകി:** സീറോമലബാർസഭയുടെ 2025 ലെ സാമൂഹിക സേവന പുരസ്ക്കാരം (സന്യസ്ത വിഭാഗം) കരസ്ഥമാക്കിയ ചങ്ങനാശ്ശേരി അതിരൂപതാംഗവും കോപ്ടാക്കിന്റെ ആദ്യ മാനേജരും അർച്ചന വിമൻസ് സെന്റർ ഡയറക്ടറുമായ സി. ത്രേസ്യാമ്മ മാത്യു OMMIയെ ഓഗസ്റ്റ് 25നു വികാരി ജനറാളും

ചാസ്സ് പ്രസിഡന്റുമായ വെരി റവ. ഫാ. മാത്യു ചങ്ങങ്കരി പൊന്നാടയണിയിച്ച് ആദരിച്ചു. ചാസ്സ് കേന്ദ്രഓഫീസിൽ നടന്ന ചടങ്ങിൽ ഡയറക്ടർ ഫാ. ജോർജ് പനക്കേഴം അധ്യക്ഷതവഹിച്ചു.

**ഓണാഘോഷം:** ചാസ്സ് കുടുംബത്തിന്റെ ഓണഘോഷപരിപാടികൾ സെപ്റ്റംബർ 3,4 തീയതികളിൽ ചാസ്സ് അങ്കണത്തിൽ നടത്തപ്പെട്ടു.

**എം.ഒ.യു. ഒപ്പുവെച്ചു:** ചാസ്സ് കമ്മ്യൂണിറ്റി ഓർഗനൈസേഴ്സിനും സ്വാശ്രയ സംഘാംഗങ്ങൾക്കും ചങ്ങനാശ്ശേരി ചെത്തിപ്പുഴ ഹോസ്പിറ്റലിൽ ചികിത്സാ ചിലവിൽ ഇളവ് ലഭിക്കുന്നതിനുള്ള പ്രിവിലേജ് കാർഡിന്റെ ഒപ്പുവെച്ച എം.ഒ.യു. സെന്റ് തോമസ് ഹോസ്പിറ്റൽ എക്സിക്യൂട്ടിവ് ഡയറക്ടർ ഫാ. ജയിംസ് കുന്നത്ത്, അസി. ഡയറക്ടർ ഫാ. മാർട്ടിൻ മുപ്പതിൽചിറ, ചാസ്സ് അസി. ഡയറക്ടർ ഫാ. ജോസഫ് ചോരേട്ട്ചാമക്കാല എന്നിവരുടെ സാന്നിധ്യത്തിൽ സെപ്റ്റംബർ 4ന് അഭി. മാർ തോമസ് തറയിൽ പിതാവിൽനിന്നും ചാസ്സ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം ഏറ്റുവാങ്ങി.

**വിദ്യാർത്ഥികൾക്ക് ഓറിയന്റേഷൻ പ്രോഗ്രാം:** ബിരുദാനന്തര ബിരുദ പഠനത്തിന്റെ ഭാഗമായി സെപ്റ്റംബർ 18നു എസ്.ബി. കോളേജിൽ നിന്നും എത്തിയ വിദ്യാർഥികൾക്ക് ചാസ്സ് പ്രവർത്തനങ്ങളെക്കുറിച്ചു കോൺഫ്രൻസ് ഹാളിൽ വച്ച് ഓറിയന്റേഷൻ നൽകി.

**മഴവെള്ള സംഭരണി നിർമ്മാണം:** 2025 ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ ചാസിന്റെ നേതൃത്വത്തിൽ നിർമ്മിച്ച മഴവെള്ളസംഭരണികൾ.

| | *പേര്* | *കപ്പാസിറ്റി* | *യൂണിറ്റ്* |
|---|---|---|---|
| 1. | ആന്റണി പികെ, കല്ലുപുരയ്ക്കൽ | 10000 ലിറ്റർ | പച്ച ചെക്കിടിക്കാട് |
| 2. | ജോസഫ് ജോർജ്, കളത്തിവീട്ടിൽ ചിറയിൽ | 10000 ലിറ്റർ | പച്ച ചെക്കിടിക്കാട് |
| 3. | തോമസ് വർഗീസ്, തെക്കേപറമ്പിൽ | 5000 ലിറ്റർ | പച്ച ചെക്കിടിക്കാട് |
| 4. | ജോണി തോമസ്, കൊല്ലമന | 10000 ലിറ്റർ | നെടുമണ്ണി |

## സ്വാശ്രയസംഘരൂപീകരണം

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| 10.09.2025 | പഴവങ്ങാടി | വിനിസ് | 15 |
| 15.09.2025 | തത്തംപള്ളി | എവർഗ്രീൻ | 10 |

### ബാങ്ക് ലോൺ

ചാസിന്റെ വിവിധ യൂണിറ്റുകളിൽ പ്രവർത്തിക്കുന്ന ജെ.എൽ.ജി. കളിലെ അംഗങ്ങൾക്കു സ്വയംതൊഴിൽ സംരംഭം ഏറ്റെടുത്തു നടത്തുന്നതിനും കാർഷിക ആവശ്യങ്ങൾക്കും ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും 6 ലക്ഷം രൂപ ലോൺ ലഭ്യമാക്കി.

| *തീയതി* | *എസ്.എച്ച്.ജി.* | *ജെ.എൽ.ജി.* | *യൂണിറ്റ്* |
|---|---|---|---|
| 27.08.2025 | സ്നേഹഗാഥ | സ്നേഹ | ഫാത്തിമാപുരം |
| 11.09.2025 | ജ്യോതിസ് | നവജ്യോതി | കുറിച്ചി |

## സാമൂഹ്യസുരക്ഷാസഹായപദ്ധതി

**1. എസ്.എച്ച്.ജി. മരണാനന്തരസഹായം**: ഒരു കുടുംബത്തിന് 20,000 രൂപ മരണാനന്തര സഹായം അനുവദിച്ചു.

| *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 723. ജോസഫ് ഇ. | ബംഗ്ലാവുപറമ്പ് | നീതി | പഴവങ്ങാടി ആലപ്പുഴ |

**2. മ്യൂച്വൽ ബനഫിറ്റ് സ്കീം (എം.ബി.എസ്.)** ഒരു കുടുംബത്തിന് 10,000 രൂപ വീതം 16 കുടുംബങ്ങൾക്ക് 1,60,000 രൂപ മരണാനന്തരസഹായം അനുവദിച്ചു.

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 1264. എ.ഒ. ഔസേഫ്, ചാലങ്ങാടി | മുഹമ്മ | ആലപ്പുഴ |
| 1265. ലെനി മോനിച്ചൻ, ചാലങ്ങാടി | മുഹമ്മ | ആലപ്പുഴ |
| 1266. തങ്കമ്മ ജോസഫ്, കണ്ണന്തറ | പൊടിപ്പാറ | തുരുത്തി |
| 1267. അന്നക്കുട്ടി തോമസ്, വെട്ടുകല്ലേൽ | മായം | അമ്പൂരി |
| 1268. തങ്കച്ചൻ ഉള്ളാട്ടിൻകുന്നേൽ | ചേപ്പുംപാറ | കോട്ടയം |
| 1269. ചിന്നമ്മ കുര്യൻ, പള്ളിച്ചിറ | കുമരകം വടക്കുംകര | കുടമാളൂർ |
| 1270. തോമസ് വാതാച്ചിറ | മാടപ്പള്ളി | കുറുമ്പനാടം |
| 1271. റ്റി.എം. സെബാസ്റ്റ്യൻ, തയ്യിൽ | ഫാത്തിമാപുരം | തൃക്കൊടിത്താനം |
| 1272. ബൈജു ചാക്കോ, താന്നിവിള | നരിക്കൽ | കൊല്ലം |
| 1273. ത്രേസ്യാമ്മ തോമസ്, കൊല്ലാപറമ്പിൽ | പൂന്തോപ്പ് | ആലപ്പുഴ |
| 1274. മത്തായി ജോസഫ്, ഇല്ലിക്കൽ | ആറാട്ടുവഴി | ആലപ്പുഴ |
| 1275. റോസമ്മ തോമസ്, അമനാവിള | ആര്യങ്കാവ് | കൊല്ലം |
| 1276. വി.വി. ജെയിംസ്, വടക്കേടം | തായങ്കരി | എടത്വാ |
| 1277. ജോസഫ് കെ.എം., കൊട്ടാരത്തിൽ | ഇരവുചിറ | കുറുമ്പനാടം |
| 1278. കെ.പി. കുര്യാള, കവലയ്ക്കൽ | കിടങ്ങറ | ചങ്ങനാശ്ശേരി |
| 1279. ജോസഫ് ഇ. ബംഗ്ലാവ്പറമ്പിൽ | പഴവങ്ങാടി | ആലപ്പുഴ |

## മേഖലാവാർത്തകൾ

**എക്സിക്യൂട്ടിവ് മീറ്റിങ്:** ചാസ്സ് മേഖലാ-യൂണിറ്റ് പ്രവർത്തനങ്ങൾ ശക്തീകരിക്കുന്നതിന്റെ ഭാഗമായി ഡയറക്ടർ ഫാ. ജോർജ് പനക്കേഴം യൂണിറ്റുകൾ സന്ദർശിച്ച് എക്സിക്യൂട്ടിവ് അംഗങ്ങളുമായി ആശയവിനിമയം നടത്തി.

| *തീയതി* | *യൂണിറ്റ്* |
|---|---|
| 21.08.2025 | എടത്വാ |
| 28.08.2025 | കത്തീഡ്രൽ |
| 30.08.2025 | അമ്പലപ്പുഴ |
| 13.09.2025 | ചങ്ങങ്കരി |

**ഓണാഘോഷം:** ചാസ്സ് യൂണിറ്റുകളുടെയും സ്വാശ്രയസംഘങ്ങളുടെയും ആഭിമുഖ്യത്തിൽ വ്യത്യസ്തങ്ങളായ കലാകായിക പരിപാടികളോടും ഓണ സദ്യയോടുംകൂടെ ഓണാഘോഷം നടത്തി.

| ***തീയതി*** | ***യൂണിറ്റ്*** |
|---|---|
| 28.08.2025 | വെട്ടിമുകൾ |
| 30.08.2025 | മാന്നില |
| 31.08.2025 | പച്ചക്കാട് |
| 31.08.2025 | കുടമാളൂർ |
| 01.09.2025 | വെരൂർ |
| 02.09.2025 | പൊടിപ്പാറ, ഏറ്റുമാനൂർ, ഫാത്തിമാപുരം, തത്തംപള്ളി |
| 03.09.2025 | കിടങ്ങറ |
| 11.09.2025 | തൃക്കൊടിത്താനം |
| 18.09.2025 | നെടുംകുന്നം |

**സർട്ടിഫിക്കറ്റ് വിതരണം:** എടത്വാ യൂണിറ്റിൽ തയ്യൽപരിശീലനം പൂർത്തിയാക്കിയ 19 വനിതകൾക്ക് ഓഗസ്റ്റ് 21നു കേന്ദ്രസർക്കാർ അംഗീകൃത ഖാദി കമ്മീഷന്റെ സർട്ടിഫിക്കറ്റ് വിതരണം ചാസ്സ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ഫിലിപ്പ് വൈക്കത്തുകാരൻവീട്ടിൽ അധ്യക്ഷതവഹിച്ചു. പ്രസിഡന്റ് മനീഷ് മാത്യു സ്വാഗതം ആശംസിച്ചു. എടത്വാ പഞ്ചായത്തു മെമ്പർ രേഷ്മ ആശംസയും സെക്രട്ടറി ജയിംസ് കോക്കാട്ട് കൃതജ്ഞതയും അർപ്പിച്ചു.

**ഓണച്ചന്ത:** വെരൂർ യൂണിറ്റിന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് 31നു പള്ളി അങ്കണത്തിൽ ഓണച്ചന്ത സംഘടിപ്പിച്ചു.

പൊടിപ്പാറ യൂണിറ്റിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘാംഗങ്ങളുടെ നേതൃത്വത്തിൽ ഓഗസ്റ്റ് 31ന് ഓണച്ചന്ത സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ഐസക്ക് മുണ്ടുനടയ്ക്കൽ ഉദ്ഘാടനം നിർവഹിച്ചു.

**ഓണക്കിറ്റ് വിതരണം:** പൊങ്ങ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഓണത്തോടനുബന്ധിച്ച് ക്രെഡിറ്റ് യൂണിയനിൽ പ്രവർത്തിക്കുന്ന നിർധന കുടുംബങ്ങൾക്കു സെപ്റ്റംബർ 3നു യൂണിറ്റ് ഡയറക്ടർ ഫാ. ജോർജ് വെള്ളാനിക്കൽ ഭക്ഷ്യകിറ്റ് വിതരണം ചെയ്തു. ഭാരവാഹികൾ നേതൃത്വം നൽകി.

**പായസച്ചലഞ്ച്:** പൊടിപ്പാറ ചാസ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ ചാരിറ്റി ഫണ്ട് ശേഖരണാർഥം ഓണത്തോടനുബന്ധിച്ച് സെപ്റ്റംബർ 5നു പായസച്ചലഞ്ച് സംഘടിപ്പിച്ചു.

**ക്യാൻസർ രോഗ ബോധവത്കരണം:** ഏറ്റുമാനൂർ 'മാവേലി' സ്വാശ്രയസംഘത്തിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 2നു പാരിഷ് ഹാളിൽ ക്യാൻസർ രോഗത്തെക്കുറിച്ച് ബോധവത്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. സാമൂഹിക പ്രവർത്തക നിഷ ജോസ് കെ. മാണി ഉദ്ഘാടനം നിർവഹിച്ചു.

**വിനോദയാത്ര സംഘടിപ്പിച്ചു:** ചമ്പക്കുളം മേഖലാ എക്സിക്യൂട്ടിവ് അംഗങ്ങളുടെ നേതൃത്വത്തിൽ സെപ്റ്റംബർ 13നു കാഞ്ഞിരപ്പള്ളി മലനാട് ഡവലപ്പ്മെന്റ് സൊസൈറ്റി സന്ദർശിച്ചു. വൈശ്യംഭാഗം യൂണിറ്റ് ഡയറക്ടർ ഫാ. ആന്റണി തേവാരി യാത്രയ്ക്കു നേതൃത്വം നൽകി.

**കുടുംബസംഗമം:** പൊടിപ്പാറ യൂണിറ്റിൽ സെപ്റ്റംബർ 2നു ചാസ്സ് പ്രവർത്തകരുടെ കുടുംബസംഗമം പാരിഷ് ഹാളിൽ സംഘടിപ്പിച്ചു. ചാസ്സ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. സോണി മുണ്ടുനടയ്ക്കൽ അദ്ധ്യക്ഷതവഹിച്ചു. 'സാമ്പത്തിക ആസൂത്രണവും-അച്ചടക്കവും കുടുംബങ്ങളിൽ' എന്ന വിഷയത്തിൽ റിമ്മി ബേബി ക്ലാസ്സ് നയിച്ചു. യൂണിറ്റു ഭാരവാഹികൾ മേഖലാ കോഡിനേറ്റർ സിജി ബിജുമോൻ എന്നിവർ നേതൃത്വം നൽകി.

മാന്നില യൂണിറ്റിൽ സെപ്റ്റംബർ 9നു സ്വാശ്രയസംഘാംഗങ്ങളുടെ കുടുംബസംഗമം പാരിഷ് ഹാളിൽ സംഘടിപ്പിച്ചു. ചാസ്സ് അസി. ഡയറക്ടർ ഫാ. ജോസഫ് ചോരേട്ട്ചാമക്കാല ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ആന്റണി നിരയത്ത് അദ്ധ്യക്ഷതവഹിച്ചു. യൂണിറ്റു ഭാരവാഹികളും മേഖലാ കോഡിനേറ്ററും നേതൃത്വം നൽകി.

തത്തംപള്ളി യൂണിറ്റിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 12നു ചാസ്സ് പ്രവർത്തകരുടെ കുടുംബസംഗമം സംഘടിപ്പിച്ചു. ചാസ്സ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ജോസ് മുകുളേൽ അധ്യക്ഷതവഹിച്ചു. പുരുഷ-വനിതാ സ്വാശ്രയസംഘത്തിലെ മുതിർന്ന അംഗങ്ങളെ ആദരിച്ചു. യൂണിറ്റു ഭാരവാഹികൾ, മേഖലാ കോഡിനേറ്റർ ഡി. ജോസഫ് എന്നിവർ നേതൃത്വം നൽകി.

**ലഹരിവിരുദ്ധ ബോധവത്കരണ സെമിനാർ സംഘടിപ്പിച്ചു:** എസ്.എൽ. സി.എ. പ്രോജക്ടിന്റെ ഭാഗമായി ചാസിന്റെ വിവിധ യുണിറ്റുകളിലും സ്കൂൾ വിദ്യാർഥികൾ, പഞ്ചായത്ത്, കുടുംബശ്രീ അംഗങ്ങൾ എന്നിവർക്കുവേണ്ടി ലഹരി വിരുദ്ധ ബോധവത്കരണ സെമിനാർ സംഘടിപ്പിച്ചു. എസ്.എൽ.സി.എ. കോഡിനേറ്റർ ഫാ. ജോസഫ് ചോരേട്ട്ചാമക്കാല, ഐ.ആർ.സി.എ. കോഡിനേറ്റർമാരായ നിധിൻ ചന്ദ്ര, ലിജു തോമസ്, കൗൺസിലർമാരായ മേരി നികിത, വിനായക് എസ്. കാർത്തികേയൻ, എസ്.എൽ.സി.എ. സ്റ്റാഫ് റ്റോബിൻ ടോമി എന്നിവർ ക്ലാസ്സ് നയിച്ചു.

| ***തീയതി*** | ***യൂണിറ്റ്/സ്ഥലം*** | ***സംഘടിപ്പിച്ചത്*** |
|---|---|---|
| സെപ്റ്റം. 6 | മാന്നില | യൂണിറ്റ് |
| സെപ്റ്റം. 7 | വേഴപ്രാ | യൂണിറ്റ് |
| സെപ്റ്റം. 11 | കറുകച്ചാൽ | കുടുംബശ്രീ |
| സെപ്റ്റം. 13 | കൂത്രപ്പള്ളി | കുടുംബശ്രീ |
| സെപ്റ്റം. 16 | കുറിച്ചി | ഗവൺമെന്റ് ടെക്കിനിക്കൽ സ്കൂൾ |
| സെപ്റ്റം. 16 | വൈശ്യംഭാഗം | ബി.ബി.എം. എച്ച്.എസ്. |
| സെപ്റ്റം. 19 | കൊടുപ്പുന്ന | വിജയമാതാ പബ്ലിക് സ്കൂൾ |

❑

# ചാസ്സ്-ഖാദി ഗ്രാമവ്യവസായമേഖല

**ഫ്രെയിം ലൂം വീവിങ് കോഴ്സ്**

മാർച്ച് 01നു മല്ലപ്പള്ളി ഖാദി ഗ്രാമോദ്യോഗ് വിദ്യാലയത്തിൽ ആരംഭിച്ച 6 മാസത്തെ ഫ്രെയിം ലൂം വീവിങ് കോഴ്സ് ഓഗസ്റ്റ് 31നു സമാപിച്ചു. 10 ആർട്ടിസാൻസ് പരിശീലനത്തിൽ പങ്കെടുത്തു.

**തയ്യൽ പരിശീലനം: 4-ാമത് ബാച്ച് (25-26)**

സെപ്റ്റംബർ 15നു മാടപ്പള്ളി ലിറ്റിൽ ഫ്ളവർ ചർച്ചിൽ മൂന്നുമാസത്തെ തയ്യൽ പരിശീലന കോഴ്സ് ആരംഭിച്ചു. 16 സ്ത്രീകൾ പങ്കെടുക്കുന്നു.

**കുട നിർമാണം**

സെപ്റ്റംബർ 15നു ചേർപ്പുങ്കൽ ബി.വി.എം. കോളേജിൽ ത്രിദിന കുട നിർമാണ പരിശീലനം സംഘടിപ്പിച്ചു. 28 വിദ്യാർഥികൾ പങ്കെടുത്തു.

**കാർപ്പന്ററി പരിശീലനം**

മാമ്മൂട് ചാസ് ഫർണിച്ചർ യൂണിറ്റിൽ സെപ്റ്റംബർ 15 മുതൽ 6 മാസത്തെ കാർപ്പന്ററി പരിശീലനം ആരംഭിച്ചു. 10 യുവാക്കൾ പങ്കെടുക്കുന്നു.

**ഏകദിന സംരംഭകത്വ ബോധവത്കരണ ശില്പശാല**

കിടങ്ങറ സ്നേഹതീരം സ്ഥാപനത്തിൽ സെപ്റ്റംബർ 22നു ഏകദിന സംരംഭകത്വ ബോധവത്കരണ ശില്പശാല സംഘടിപ്പിച്ചു. 43 പേർ പങ്കെടുത്തു.

**2025 ഒക്ടോബറിലാരംഭിക്കുന്ന സ്റ്റൈപ്പെന്ററി/ ഫീ ബേസിസ് കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു (9961274993, 9447160207, 7907144684)**

| കോഴ്സുകൾ | തുടങ്ങുന്ന തീയതി | കാലാവധി | ഫീസ് | സ്ഥലം | സീറ്റ് എണ്ണം |
|---|---|---|---|---|---|
| ബേക്കറി കോഴ്സ് | 13.10.2025<br>12.11.2025 | 1 മാസം | 1000 | കെ.ജി.വി. മല്ലപ്പള്ളി | 20 |
| ബീ-കീപ്പിങ് സർട്ടിഫിക്കറ്റ് കോഴ്സ് | 16.10.2025<br>15.11.2025 | 1 മാസം | 1000 | കെ.ജി.വി. മല്ലപ്പള്ളി | 30 |

**ഫാ. സെബാസ്റ്റ്യൻ കണ്ണാടിപ്പാറ**
*(ഡയറക്ടർ, ചാസ്സ്-ഖാദി;*
*പ്രിൻസിപ്പൽ, കെ.ജി.വി. മല്ലപ്പള്ളി)*
*7994111005*

**ഫാ. ജോർജ് പനക്കേഴം**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*
*9496807124*

**ഫാ. വർഗീസ് നമ്പിമഠം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*
*9633521483*

❑

# ജീവകാരുണ്യനിധി ട്രസ്റ്റ്

## കളർ എ ഹോം ഭവനനിർമാണപദ്ധതി

'കളർ എ ഹോം' ഭവനനിർമാണപദ്ധതിയിൽ **2024 ഡിസംബറിൽ** ഇടവകകൾ സമാഹരിച്ച തുകയും **2025 ഓഗസ്റ്റ് മുതൽ സെപ്റ്റംബർ വരെ** അതിരൂപതാകേന്ദ്രത്തിൽ ലഭിച്ച തുകയും (40%)

| | **ഇടവക** | **ആകെ സമാഹരിച്ച തുക** | **അതിരൂപതയിൽ ലഭിച്ച തുക** |
|---|---|---|---|
| 210 | കുമരകം | 93203 | 37281 |
| 211 | കരുവാറ്റ | 74670 | 29900 |
| 212 | വള്ളംചിറ | 21300 | 8520 |
| 213 | മണിമല സെന്റ് ബേസിൽ | 105450 | 42635 |
| 214 | കരവാളൂർ | 11450 | 4580 |
| 215 | കാര്യവട്ടം | 13500 | 5400 |
| 216 | ഇടപ്പാളയം | 31680 | 12672 |
| 217 | നരിക്കല്ല് | 10000 | 5000 |
| 218 | വെഞ്ചെമ്പ് | 10000 | 4000 |

*(തുടരും...)*

## കളർ എ ഡ്രീം ഉന്നതവിദ്യാഭ്യാസപദ്ധതി

'കളർ എ ഡ്രീം' പദ്ധതിയിലേക്ക് **2025 ഓഗസ്റ്റ് മുതൽ സെപ്റ്റംബർ വരെ** വിവിധ ഇടവക/സംഘടനകളിൽ നിന്നും ലഭിച്ച സംഭാവനകൾ

| | **ഇടവക / സംഘടന** | **തുക** |
|---|---|---|
| 1. | ജോസ് ചെറിയാൻ കൂടലിൽ<br>(c/o ഫാ. തോമസ് പ്ലാപറമ്പിൽ) | 250000 |
| 2. | ലൂർദ് മാതാ പച്ച-ചെക്കിടിക്കാട് | 200000 |
| 3. | സെന്റ് ആന്റണീസ് വെട്ടിത്തുരുത്ത് | 15000 |

❑

## സെന്റ് തോമസ് ഹോസ്പിറ്റൽ ചെത്തിപ്പുഴ

### ഇന്ത്യയിലെ ആദ്യ NABH 6th എഡിഷൻ അക്രഡിറ്റേഷൻ പദവി

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിക്ക് ഇന്ത്യയിലെ ആദ്യ NABH 6th എഡിഷൻ അക്രഡിറ്റേഷൻ പദവി ലഭിച്ചു. ആരോഗ്യസേവനങ്ങളിലെ ഗുണമേന്മയെ ആസ്പദമാക്കി കേന്ദ്ര ആരോഗ്യമന്ത്രാലയം നൽകുന്ന പ്രത്യേക അംഗീകാരമാണിത്. ഗുണമേന്മയുള്ള പരിചരണം, രോഗീസുരക്ഷ തുടങ്ങിയവയെ പ്രധാന അടിസ്ഥാനമാക്കി നൂറിലധികം ഗുണമേന്മ മാനദണ്ഡങ്ങൾ കൈവരിക്കുകയും അറുനൂറ്റിയൻപതോളം മാർഗനിർദേശങ്ങൾ, ഉദ്ദേശ്യലക്ഷ്യങ്ങൾ എന്നിവ നടപ്പിൽ വരുത്തുകയും ചെയ്യുന്ന ആശുപത്രികൾക്കു മാത്രമാണ് ഈ പദവി ലഭ്യമാവുന്നത്. 2025 ജൂൺ 6, 7, 8 തീയതികളിൽ നാഷണൽ അക്രിഡിറ്റേഷൻ ബോർഡ് ഓഫ് ഹോസ്പിറ്റലിന്റെ അധികൃതർ ഏറ്റവും പുതിയ NABH 6th എഡിഷൻ മാർഗരേഖകൾ ഉപയോഗിച്ച് നടത്തിയ സൂക്ഷ്മപരിശോധനകളുടെ അടിസ്ഥാനത്തിലാണ് ഹോസ്പിറ്റലിന് ഈ പദവി ലഭിച്ചത്. 2016 മുതൽ ആശുപത്രിക്ക് NABH അംഗീകാരം ലഭ്യമായിട്ടുണ്ട്. ആതുരശുശ്രൂഷാരംഗത്തെ പ്രവർത്തന മികവിന്റെ അംഗീകാരമുദ്രകളാണ് ആശുപത്രിക്ക് ലഭിച്ച ഏഴ് പുതിയ ക്വാളിറ്റി അക്രിഡിറ്റേഷനുകൾ. മുപ്പത്തിയേഴിലധികം ഡിപ്പാർട്ടുമെന്റുകളും നൂറ്റിഇരുപത്തിയഞ്ചിലധികം ഡോക്ടർമാരും ആയിരത്തോളം ആരോഗ്യപ്രവത്തകരും സേവനം ചെയ്യുന്ന ഈ ആശുപത്രിയിലെ ക്വാളിറ്റി മാനേജ്മെന്റ് റിവ്യു കമ്മറ്റിയാണ് അംഗീകാരത്തിനാവശ്യമായ മുന്നൊരുക്കളുടെ ഏകോപനം സാധ്യമാക്കിയത്. ഹോസ്പിറ്റൽ എക്സിക്യൂട്ടിവ് ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത്, അസോ. ഡയറക്ടറുമാരായ ഫാ. മാർട്ടിൻ മുപ്പതിൽചിറ, ഫാ. ജേക്കബ് അത്തിക്കളം, ഫാ. ജോസ് പുത്തൻചിറ, മെഡിക്കൽ അഡ്മിനിട്രേറ്റർ ഡോ. എൻ. രാധാകൃഷ്ണൻ, മെഡിക്കൽ സൂപ്രണ്ട് ഡോ. തോമസ് സഖറിയ, ഡോ. പ്രൊഫ. ഷൈലാ ഐപ്പ് വർഗീസ്, ക്വാളിറ്റി മാനേജർ വിജി മാത്യു, ദേവിക പി. എം., വിവിധ വകുപ്പുമേധാവികൾ എന്നിവർ നേട്ടത്തിനു പിന്നിൽ നേതൃത്വം നൽകി.

### എൻഡോസ്കോപിയിൽ ജാപ്പനീസ് ടെക്നോളജി

സെപ്റ്റംബർ 20നു ആശുപത്രിയിലെ പൾമനോളജി, ഗ്യാസ്ട്രോഎൻട്രോളജി വിഭാഗങ്ങളിൽ ജാപ്പനീസ് ടെക്നോളജിയിൽ അധിഷ്ഠിതമായ എൻഡോസ്കോപ്പി അൾട്ര സൗണ്ട് മെഷീൻ (EUS) ബ്രോങ്കോസ്കോപിക് അൾട്ര സൗണ്ട് (EBUS) എന്നിവ അതിരൂപതാ മെത്രാപ്പോലീത്ത മാർ തോമസ് തറയിൽ ആശീർവദിച്ചു. ജാപ്പനീസ് കമ്പനിയായ ഫ്യൂജി ഫിലിം കമ്പനിയുടെ EUS, EBUS എന്നിവയ്ക്ക് അതിനൂതനമായ EP 6000 കണക്റ്റിങ് പ്രോസസറാണ് ഉപയോഗിച്ചിരിക്കുന്നത്. രക്തക്കുഴലുകളും അണുബാധയും വ്യക്തമായി കാണാനുള്ള ശേഷിയും ഈ പ്രോസസറിന്റെ പ്രത്യേകതയാണ്. രണ്ടുകോടി രൂപ ചിലവിൽ സ്ഥാപിച്ച ഈ ഉപകരണങ്ങളിലൂടെ എൻഡോസ്കോപി രണ്ടു മടങ്ങ് വേഗത്തിലാക്കാനും രോഗനിർണയം കൂടുതൽ കൃത്യതയുള്ളതാക്കി മാറ്റാനും

സഹായിക്കും ഫ്യൂജി ഫിലിം കമ്പനിയുടെ ഇത്തരം കണക്ടിങ് പ്രോസസർ ഉപയോഗിച്ച് EUS ഉം EBUS ഉം ഉപയോഗിക്കുന്ന കോട്ടയം ജില്ലയിലെ ആദ്യ സ്വകാര്യ ആശുപത്രിയും മധ്യകേരളത്തിലെ അപൂർവം ആശുപത്രികളിലൊന്നുമാണ് ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രി. പ്രസ്തുത ഉപകരണങ്ങളിലൂടെ പോളിപ്പുകൾ, ട്യൂമറുകൾ എന്നിവ വളരെ വേഗം കണ്ടെത്താൻ കഴിയും. മിക്ക രോഗികൾക്കും ഔട്ട് പേഷ്യന്റ് രീതിയിൽതന്നെ ചികിത്സ നിർണയം സാധ്യമാകുന്നു എന്ന പ്രത്യേകതയുമുണ്ട്.

**പൾമനോളജി സൗജന്യ മെഡിക്കൽ ക്യാംപ്**

ഡിപ്പാർട്ട്മെന്റ് ഓഫ് പൾമനോളജിയുടെ നേതൃത്വത്തിൽ സൗജന്യ മെഡിക്കൽ ക്യാംപ് സെപ്റ്റംബർ 22 മുതൽ 27 വരെ രാവിലെ ഒൻപത് മുതൽ ഉച്ചയ്ക്ക് പന്ത്രണ്ടര വരെ സംഘടിപ്പിച്ചു. വിട്ടുമാറാത്ത ചുമ, വലിവ്, ശ്വാസംമുട്ടൽ എന്നിവയ്ക്കും പുകവലി മൂലമുള്ള ബുദ്ധിമുട്ടുകൾക്കും കോവിഡാനന്തര ശ്വാസകോശ രോഗങ്ങൾക്കും ശ്വാസകോശങ്ങൾക്കുണ്ടാകുന്ന ചുരുക്കം, തടിപ്പുകൾ എന്നിവയ്ക്കും ചികിത്സ നൽകി. ഒ.പി. കൺസൾട്ടേഷൻ സൗജന്യമായിരുന്നു. പരിശോധനകൾക്കും ചികിത്സകൾക്കും ഡിസ്കൗണ്ടും കൂടാതെ ലാബ്, റേഡിയോളജി സേവനങ്ങൾക്ക് 20% ഇളവും രോഗികൾക്കു ലഭിച്ചു. കൺസൾട്ടന്റ് പൾമനോളജിസ്റ്റ് ഡോ. കൃഷ്ണപ്രസാദ് മെഡിക്കൽ ക്യാംപിനു നേതൃത്വം നൽകി. ഡോ. ദിലിപ് കുമാർ ജി., ഡോ. സോമനാഥൻ കെ., ഡോ. ജെയിൻ ജോർജ് എന്നിവരുടെ സേവനവും ഡിപ്പാർട്ടുമെന്റിൽ ലഭ്യമാണ്.

**സൗജന്യ മെഡിക്കൽ ക്യാംപ്**

ചെറുവള്ളി എസ്.സി.റ്റി.എം. യു.പി. സ്കൂളിന്റെയും കൈരളി ഗ്രന്ഥാലയത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ മണിമല സെന്റ് തോമസ് ഹെൽത്ത് സെന്ററിന്റെ സഹകരണത്തോടെ സൗജന്യ മെഡിക്കൽ ക്യാംപ് സംഘടിപ്പിച്ചു. വാർഡ് മെമ്പർ അനിരുദ്ധൻ നായർ അധ്യക്ഷതവഹിച്ച യോഗത്തിൽ ചിറക്കടവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. സി. ആർ. ശ്രീകുമാർ ക്യാംപ് ഉദ്ഘാടനം ചെയ്തു. ജൂൺ 16നു സംഘടിപ്പിച്ച പരിപാടിയിൽ ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റൽ അസോ. ഡയറക്ടർ ഫാ. മാർട്ടിൻ മുപ്പത്തിൽചിറ, കെ. ബി. അജിത്കുമാർ (ഹെഡ്മാസ്റ്റർ), ഷാഹിദ് എം. എസ്., എ. ആർ. വിജയൻ നായർ എന്നിവർ പ്രസംഗിച്ചു.

**കായികമേളയിൽ ഉജ്ജ്വല പ്രകടനവുമായി സെന്റ് തോമസ് നഴ്സിംഗ് കോളേജ്**

സെപ്റ്റംബർ 13നു പാലക്കാട് നടന്ന സ്റ്റുഡൻസ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ സംസ്ഥാനതല കായികമേളയിൽ ഹൈജംപിന് ഒന്നാം സ്ഥാനവും ലോങ്ങ് ജംപിന് രണ്ടാം സ്ഥാനവും സെന്റ് തോമസ് നഴ്സിംഗ് കോളേജിലെ രണ്ടാംവർഷ വിദ്യാർഥിനിയായ റോസി കുര്യൻ കരസ്ഥമാക്കി. റോസി കുര്യൻ, ലിയ മാത്യു, മെറിൻ പ്രിൻസ്, അനുഗ്രഹ മാത്യു എന്നിവർ അടങ്ങുന്ന ടീമിനു റിലേയ്ക്ക് രണ്ടാംസ്ഥാനവും ലഭിച്ചു. എറണാകുളത്ത് നടന്ന ഇൻഡോർ ഗെയിമിൽ ത്രോബോളിന് സെന്റ് തോമസ് നഴ്സിംഗ് കോളേജ് ടീമിന് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. സംസ്ഥാന കായികമേളയിൽ വിജയിച്ച കുട്ടികൾ നവംബർമാസം പൂനയിൽ നടക്കുന്ന ദേശീയ കായികമേളയിൽ പങ്കെടുക്കും,

### സൗജന്യ ന്യൂറോ മെഡിക്കൽ ക്യാംപ്

ഡിപ്പാർട്ടുമെന്റ് ഓഫ് ന്യൂറോളജിയുടെ നേതൃത്വത്തിൽ സൗജന്യ ന്യൂറോ മെഡിക്കൽ ക്യാംപ് ഓഗസ്റ്റ് 25-30 തീയതികളിൽ ആശുപത്രിയിൽ നടത്തപ്പെട്ടു. സീനിയർ കൺസൾട്ടന്റ് ന്യൂറോളജിസ്റ്റ് ഡോ. ഭാഗ്യ എസ്., കൺസൾട്ടന്റ് ന്യൂറോളജിസ്റ്റ് ഡോ. റ്റിനോ ബേബി എന്നിവർ ക്യംപിന് നേതൃത്വം നൽകി.

### ഡിജിറ്റൽ മാസിക

ഡിപ്പാർട്ടുമെന്റ് ഓഫ് ഇൻഫക്ഷൻ കൺട്രോളിന്റെയും ക്വാളിറ്റി ഡിപ്പാർട്ടുമെന്റിന്റെയും നേതൃത്വത്തിൽ സെപ്റ്റംബർ 20നു QI chronicles എന്ന ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിച്ചു. അതിരൂപതാധ്യക്ഷൻ ആർച്ചുബിഷപ് മാർ തോമസ് തറയിൽ പ്രസ്തുത മാസിക പ്രകാശനം ചെയ്തു. ആശുപത്രികളിലെ ഇൻഫക്ഷൻ കൺട്രോൾ, ക്വാളിറ്റി മേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് നൂതന ആശയങ്ങൾ നൽകാനും മികവോടെ തൊഴിലിടത്തിൽ പ്രവർത്തിക്കാനും ഈ പ്രസിദ്ധീകരണം പ്രചോദനം നൽകുന്നു.

**ഫാ. ജയിംസ് കുന്നത്ത്**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*

**ഫാ. മാർട്ടിൻ മുപ്പതിൽചിറ**
**ഫാ. ജേക്കബ് അത്തിക്കളം**
**ഫാ. ജോസ് പുത്തൻചിറ**
*(അസ്സോസിയേറ്റ് ഡയറക്ടർമാർ)*

## സഹൃദയ ഹോസ്പിറ്റൽ ആലപ്പുഴ

### ഓണാഘോഷം 2025

ആശുപത്രിയിൽ ഓഗസ്റ്റ് 31ന് ഓണാഘോഷപരിപാടികൾ നടത്തപ്പെട്ടു. സഹൃദയ എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ കലാകായിക പരിപാടികൾ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയും ഹോസ്പിറ്റൽ അസി. എക്സി. ഡയറക്ടർ ഫാ. ആന്റണി പെരുമ്പള്ളിത്തറ ആശംസകൾ അർപ്പിക്കുകയും ചെയ്തു. ഓണത്തിന്റെ ഓർമ്മകൾ മനസ്സിൽ സൂക്ഷിക്കുവാൻ വിവിധയിനം കലാ-കായിക-വിനോദപരിപാടികളും അത്തപ്പൂക്കളങ്ങളും ഓണസദ്യയും സംഘടിപ്പിച്ചു. അശരണർക്കു അന്നമായി മാറുന്നരീതിയിൽ അരിയും പയർ വർഗങ്ങളും പലവ്യഞ്ജനങ്ങളും ഉപയോഗിച്ചു നടത്തിയ അത്തപ്പൂക്കള മത്സരം ഏറെ ശ്രദ്ധ നേടി.

### സെമിനാർ സംഘടിപ്പിച്ചു

നാഷണൽ ന്യൂട്രിഷൻ വീക്കിനോട് അനുബന്ധിച്ച് സെപ്റ്റംബർ ഒന്നിന് ആശുപത്രിയിൽ 'ശീലമാക്കാം ശരിയായ ആഹാരം' എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നടത്തി. ഡയറ്റീഷൻ വിഭാഗത്തിലെ ഹിമ വിദ്യാധനന്റെ സാന്നിധ്യത്തിലാണ് സെമിനാർ സംഘടിപ്പിച്ചത്. ആരോഗ്യപരമായ ജീവിതശൈലിക്കായി ചിട്ടയായ ഭക്ഷണക്രമവും ജീവിതശൈലിയും എല്ലാവരും ശീലമാക്കേണ്ടതാണ്. അതുകൊണ്ട് എല്ലാവരും ഹെൽത്തി ആൻഡ് ബാലൻസ് ഡയറ്റ് ചെയ്ത് ആരോഗ്യം സംരക്ഷിക്കുകയും ചെയ്യണമെന്ന് ഹിമ വിദ്യാനന്ദൻ പറഞ്ഞു.

### വേൾഡ് കളർ ബ്ലൈൻഡ്നസ് ഡേ ആചരണം

ലോക വർണ്ണാന്ധത ദിനത്തോടനുബന്ധിച്ച് സെപ്റ്റംബർ 6നു 'വർണ്ണാന്ധത ഒരു വൈകല്യമല്ല' എന്ന വിഷയത്തെ ആസ്പദമാക്കി നേത്രരോഗ വിഭാഗം മേധാവി ഡോ. അനിൽ ദത്ത് സ്റ്റാഫുകൾക്കായി ആശുപത്രിയിൽ ബോധവത്കരണ സെമിനാർ നടത്തി കൂടാതെ വർണ്ണാന്ധത ശരിയായ ചികിത്സാരീതിയിലൂടെ പ്രതിരോധിക്കാം എന്ന സന്ദേശം നൽകുന്ന വീഡിയോ പ്രദർശിപ്പിക്കുകയും ചെയ്തു.

### ആശീർവാദകർമ്മം

മാതാവിന്റെ ജനന തിരുനാളിനോടനുബന്ധിച്ചു സെപ്റ്റംബർ 8നു ആശുപത്രിയുടെ സെന്റ് മേരീസ് ബ്ലോക്കിൽ പ്രത്യേക പ്രാർഥനകളും വെഞ്ചരിപ്പും നേർച്ച വിതരണവും സഹൃദയ എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ, അസി. എക്സി. ഡയറക്ടർ ഫാ. ആന്റണി പെരുമ്പള്ളിത്തറ ഡിപ്പാർട്ടുമെന്റ് ഇൻ ചാർജുമാരുടെയും മറ്റു സ്റ്റാഫംഗങ്ങളുടെയും സാന്നിധ്യത്തിൽ നടത്തി.

### വേൾഡ് ഫിസിയോതെറാപ്പി ഡേ ആചരണം

വേൾഡ് ഫിസിയോതെറാപ്പി ദിനത്തോടനുബന്ധിച്ച് ആശുപത്രിയിൽ സെപ്റ്റംബർ 8നു ഫിസിയോതെറാപ്പി വിഭാഗം മേധാവി മനോജ് കെ. ഉമ്മന്റെ നേതൃത്വത്തിൽ സെമിനാർ നടത്തപ്പെട്ടു. 'രോഗികളായ കുട്ടികൾക്കും മുതിർന്നവർക്കും ഫിസിയോതെറാപ്പിയുടെ അവബോധം വർധിപ്പിക്കുക' എന്ന വിഷയത്തെ ആസ്പദമാക്കിയാണ് സെമിനാർ സംഘടിപ്പിച്ചത്. ആരോഗ്യപ്രശ്നങ്ങൾ നേരിടുന്ന രോഗികൾക്കു ഫിസിയോതെറാപ്പിയിലൂടെ ''അതിവേഗം രോഗ മുക്തി'' എന്ന വിഷയത്തെ ആസ്പദമാക്കി വീഡിയോ പ്രദർശനവും നടത്തി.

### വേൾഡ് സൂയിസൈഡ് പ്രിവൻഷൻ ഡേയുടെ ഭാഗമായി ബോധവത്കരണ ക്ലാസ്സ്

വേൾഡ് സൂയിസൈഡ് പ്രിവൻഷൻ ഡേയുടെ ഭാഗമായി സെപ്റ്റംബർ 10നു ബോധവത്കരണ ക്ലാസ്സ് സംഘടിപ്പിക്കുകയും ''വർദ്ധിച്ചുവരുന്ന ആത്മഹത്യ''എന്ന വിഷയത്തെ ആസ്പദമാക്കി സൈക്കോളജി വിഭാഗത്തിലെ ഡോ. ശ്രീജിത്ത് നായർ പ്രത്യേക ക്ലാസ്സ് നയിക്കുകയും ചെയ്തു.

### സെമിനാർ

വേൾഡ് ഫസ്റ്റ് എയ്ഡ് ഡേയുടെ ഭാഗമായി സെപ്റ്റംബർ 13നു ''ജീവൻ രക്ഷിക്കുന്നതിൽ പ്രഥമശുശ്രൂഷയുടെ പങ്കിനെക്കുറിച്ചുള്ള'' വിഷയത്തെ ആസ്പദമാക്കി സെമിനാർ നടത്തപ്പെട്ടു. കൂടാതെ, ആശുപത്രിയുടെ റിസപ്ഷൻ ഏരിയയിൽ അത്യാഹിതഘട്ടത്തിൽ സി.പി.ആർ. എങ്ങനെ നൽകണം എന്നുള്ളത് വീഡിയോയുടെ സഹായത്തോടെ പ്രദർശിപ്പിക്കുകയും ചെയ്തു.

**ഫാ. ആന്റണി പെരുമ്പള്ളിത്തറ**
*(അസ്സിസ്റ്റന്റ് എക്സിക്യൂട്ടിവ് ഡയറക്ടർ)*

**ഫാ. തോമസ് മാളിയേക്കൽ**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*

❑

# പ്രവാസി അപ്പോസ്തലേറ്റ്

പ്രവാസി അപ്പോസ്തലേറ്റിൽ നിന്നും പ്രാർഥനാശംസകൾ

പ്രവാസി അപ്പോസ്തലേറ്റിന്റെ പ്രവർത്തനങ്ങൾ ആഗോളതലത്തിൽ സജീവമായി നടക്കുന്നു എന്ന കാര്യം സന്തോഷത്തോടെ അറിയിക്കുന്നു.

സെപ്റ്റംബർ 17നു പ്രവാസി അപ്പോസ്തലേറ്റിന്റെ സഹരക്ഷാധികാരിയായ പെരിയ ബഹു. മാത്യു ചങ്ങങ്കരി അച്ചന്റെ അധ്യക്ഷതയിൽ നടത്തിയ അതിരൂപതാ എക്സിക്യൂട്ടിവംഗങ്ങളുടെ മീറ്റിങ്ങിൽ പ്രവാസി ഭാരതീയർ കമ്മീഷൻ അംഗമായി നിയുക്തനായ സെൻട്രൽ എക്സിക്യൂട്ടിവംഗം ജോസഫ് പൊന്മാങ്കലിനെയും 10 വർഷം കോർഡിനേറ്ററായി പ്രവർത്തിച്ചുവരുന്ന ഷെവ. സിബി വാണിയപുരയ്ക്കലിനെയും പൊന്നാടയണിയിച്ച് ആദരിച്ചു.

2025ലെ ഈശോയുടെ മനുഷ്യാവതാരത്തിന്റെ ജൂബിലിയുടെ ഭാഗമായി അതിരൂപതാ യുവദീപ്തിയുടെ സഹകരണത്തോടെ ആഗോള പ്രവാസി യുവജന സംഗമം സംഘടിപ്പിക്കുന്നു. അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നും പഠനത്തിനും ജോലിക്കുമായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്കു കുടിയേറിയിരിക്കുന്ന യുവജനങ്ങൾക്കായി ഒക്ടോബർ 12-ാം തീയതി ഞായറാഴ്ച രാത്രി 7.30ന് ഈ സംഗമം ഓൺലൈനായി നടത്തപ്പെടും.

**ഫാ. മാത്യു മാറാട്ടുകളം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ജോസഫ് പുതുവീട്ടിൽകളം**
*(ഡയറക്ടർ)*

**ഓഫീസ് സമയം – രാവിലെ 10 മുതൽ വൈകിട്ട് 5 വരെ**
**വിളിക്കേണ്ട നമ്പർ – 9207470117/ 8089920614 (നോർക്ക ഹെൽപ്പ് ഡെസ്ക്)**

❑

# കത്തോലിക്കാ കോൺഗ്രസ്
# (AKCC)

### കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശ്ശേരി അതിരൂപത നേതൃസംഗമം

കത്തോലിക്കാ കോൺഗ്രസ് അതിരൂപതാ ഭാരവാഹികളുടെയും വിവിധ കൗൺസിൽ കോർഡിനേറ്റർമാരുടെയും നേതൃത്വസംഗമം സെപ്റ്റംബർ 2നു സന്ദേശനിലയം ഹാളിൽ നടത്തപ്പെട്ടു. പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ പടിഞ്ഞാറെവീട്ടിലിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം അതിരൂപതാ ഡയറക്ടർ സെബാസ്റ്റ്യൻ ചാമക്കാല ഉദ്ഘാടനം ചെയ്തു.

കാനാൻ മിഷൻ റീജിയണൽ സംഗമങ്ങൾ, ഭീമഹർജി സമർപ്പണം, കുട്ടനാട്, തീർത്ഥാടന കേന്ദ്ര സന്ദർശനങ്ങൾ, എക്സലൻഷ്യ ക്വിസ് മത്സരം എന്നിവയെക്കുറിച്ചു നേതൃയോഗം ചർച്ചചെയ്തു. അതിരൂപതാ ജനറൽ സെക്രട്ടറി ബിനു ഡൊമിനിക്, അതിരൂപതാ ട്രഷറർ ജോസ് ജോൺ വെങ്ങാന്തറ എന്നിവർ പ്രസംഗിച്ചു.

### ഡയറക്ടറച്ചന് യാത്രയയപ്പ്

കത്തോലിക്കാ കോൺഗ്രസിനെ കഴിഞ്ഞ മൂന്നര വർഷക്കാലം (2022 Feb 15-2025 Sep 8 ) അതിരൂപതാ ഡയറക്ടർ എന്ന നിലയിൽ നയിച്ച ഫാ. സെബാസ്റ്റ്യൻ ചാമക്കാലയ്ക്ക് യാത്രയയപ്പും പുതിയ ഡയറക്ടറായി ചാർജ് എടുക്കുന്ന ഫാ. സാവിയോ മാനാട്ടിന് സ്വീകരണവും സെപ്റ്റംബർ 12നു സന്ദേശനിലയം ഹാളിൽ നടത്തപ്പെട്ടു. അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ പടിഞ്ഞാറെവീട്ടിലിന്റെ അധ്യക്ഷതയിൽ ചേർന്ന യാത്രയയപ്പ് & സ്വീകരണ സമ്മേളനം അതിരൂപതാ പ്രോട്ടോസിഞ്ചെല്ലൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി ബിനു ഡൊമിനിക് നടുവിലേഴം, ട്രഷറർ ജോസ് ജോൺ വെങ്ങാന്തറ, ഗ്ലോബൽ സെക്രട്ടറി ജേക്കബ് നിക്കോളാസ്, അതിരൂപതാ വൈസ് പ്രസിഡന്റ് ഷിജി ജോൺസൺ, അതിരൂപതാ മുൻ പ്രസിഡന്റ് അഡ്വ. പി. പി. ജോസഫ് എന്നിവർ ആശംസാപ്രസംഗങ്ങളും ഫാ. സെബാസ്റ്റ്യൻ ചാമക്കാല, ഫാ. സാവിയോ മാനാട്ട് എന്നിവർ മറുപടി പ്രസംഗങ്ങളും നടത്തി.

**ഫാ. സാവിയോ മാനാട്ട്**
*(ഡയറക്ടർ)*

**ബിജു സെബാസ്റ്റ്യൻ**
*(പ്രസിഡന്റ്)*

**ബിനു ഡൊമിനിക്**
*(ജനറൽ സെക്രട്ടറി)*

# കേരള ലേബർ മൂവുമെന്റ്
# (KLM)

### യൂണിറ്റ് വാർഷികവും കുടുംബസംഗമവും

കെ.എൽ.എം. കുടമാളൂർ ആർപ്പൂക്കര യൂണിറ്റിന്റെ വാർഷികം സെപ്റ്റംബർ 14നു നടത്തപ്പെട്ടു. വികാരി ഫാ. ജോസ് പറപ്പള്ളി അദ്ധ്യക്ഷതവഹിച്ചു. കെ.എൽ.എം. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് ചമ്പക്കുളത്തിൽ ഉദ്ഘാടനം ചെയ്ത് അനുഗ്രഹപ്രഭാഷണം നടത്തി. കെ.എൽ.എം. അതിരൂപതാ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി.ജെ., ഫൊറോനാ കോർഡിനേറ്റർ ജോൺസൺ കെ. തോമസ്, ഫൊറോനാ സെക്രട്ടറി ഷൈജു തോമസ് എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി. ഫൊറോനാ ട്രഷററും യൂണിറ്റ് കോഡിനേറ്ററുമായ ജെയ്സ് പന്നാപാറ കൃതജ്ഞതയർപ്പിച്ചു.

### യൂണിറ്റ് സന്ദർശനം

**സന്ദർശനം പൂർത്തിയായ യൂണിറ്റുകൾ**

മണിമല ഫൊറോന - വള്ളംചിറ, ചുങ്കപ്പാറ, കോട്ടാങ്ങൽ, കരിക്കാട്ടൂർ, കടയനിക്കാട്

തൃക്കൊടിത്താനം ഫൊറോന - നാലുകോടി

### ആദരാഞ്ജലികൾ

കിടങ്ങറ സെന്റ് ജോസഫ് സംഘാംഗം തോമസ് റ്റി.റ്റി. കിടങ്ങിൽതുണ്ടിയിൽ, കോട്ടയ്ക്കപ്പുറം സെന്റ് അൽഫോൻസാ സംഘാംഗം ജോസിലാൽ കരിവേലിൽ, കൂരോപ്പട സെന്റ് തോമസ് സംഘാംഗം ബേബി സ്കറിയ മൈലാടിയിൽ എന്നിവരുടെ നിര്യാണത്തിൽ കെ.എൽ.എം. കുടുംബത്തിന്റെ അനുശോചനവും പ്രാർഥനയും നേരുന്നു.

### മരണാനന്തരസഹായനിധി

താഴെപ്പറയുന്ന മരണമടഞ്ഞ സഹോദരരുടെ നോമിനികൾക്കു മരണാനന്തര സഹായമായ 1,28,000 രൂപ സെപ്റ്റംബർ 8 നു കൈമാറി.

| | പേര് | സംഘം |
|---|---|---|
| 181. | ഇ.എം. ദേവസ്യ | അതിരമ്പുഴ സെന്റ് ആന്റണീസ് |
| 182. | സി.എ. ജോയി | പൂമറ്റം സെന്റ് തോമസ് |
| 183. | ജോസ് റ്റി. വർഗീസ് | കരിമ്പനക്കുളം വേളാങ്കണ്ണിമാതാ |

### തയ്യൽ മെഷീൻ വിതരണം

അസംഘടിത തൊഴിലാളികളുടെ നൈപുണ്യവും തൊഴിൽ ഉപകരണങ്ങളിലുള്ള ഉടമസ്ഥതയും വർധിപ്പിക്കുന്നതിനു കേരള ലേബർ മൂവ്മെന്റ് നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമായി സ്ത്രീ തൊഴിലാളികൾക്കുള്ള യന്ത്രവത്കൃത

ശേഷം പേജ് 75 ➤➤➤

# ദളിത് കത്തോലിക്കാ മഹാജനസഭ
# (DCMS)

**ആദരാഞ്ജലികൾ**

ഓഗസ്റ്റ് 26നു മൃതിയടഞ്ഞ ഡി.സി.എം.എസ്. അതിരൂപതാ ട്രഷറർ ലെനിൻ ജോസഫിന്റെ മാതാവും സെക്രട്ടറി മാത്യു ജോസഫിന്റെ ഭാര്യാ മാതാവുമായ മേരി, സെപ്റ്റംബർ 18നു മൃതിയടഞ്ഞ ബഹു. ഡി.സി.എം.എസ്. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് കുഴിയടിയുടെ സഹോദരൻ, സെപ്റ്റംബർ 19നു മൃതിയടഞ്ഞ സൈറസ് ചീരംകുളം (ഡി.സി.എം.എസ്. സംസ്ഥാന മുൻ പ്രസിഡന്റും/ രൂപതാ മുൻപ്രസിഡന്റും സെക്രട്ടറിയുമായി സേവനം ചെയ്ത മുതിർന്ന അംഗമായ സി.സി. കുഞ്ഞുകൊച്ച് സാറിന്റെ മകൻ) എന്നിവരുടെ നിര്യാണത്തിൽ ഡി.സി.എം.എസ്. കുടുംബത്തിൽ നിന്നും പെരിയ ബഹു. വികാരി ജനറാൾ അച്ചൻ, ബഹു. ഡയറക്ടർ അച്ചൻ, രൂപതാ പ്രസിഡന്റ്, സെക്രട്ടറി, കമ്മറ്റിയംഗങ്ങൾ, ഓഫീസ് സെക്രട്ടറി, കൗൺസിൽ അംഗങ്ങൾ എന്നിവർ വീടുകളിൽ എത്തി റീത്ത് സമർപ്പിച്ച് ഒപ്പീസിൽ പങ്കെടുത്ത് പള്ളിയിലേയും കല്ലറയിലെ കർമ്മങ്ങളിലും പങ്കെടുത്ത് അനുശോചനവും ആദരാഞ്ജലികളും അർപ്പിച്ചു.

**ഡോ. സിജോ ജേക്കബ്**
*(പ്രസിഡന്റ്)*

**ഫാ. ജോസഫ് കുഴിയടിയിൽ**
*(ഡയറക്ടർ)*

**മാത്യു ജോസഫ്**
*(സെക്രട്ടറി)*

❑

➤➤➤ *കേരള ലേബർ മൂവുമെന്റ് തുടർച്ച...*

തയ്യൽ മെഷീൻ വിതരണോദ്ഘാടനം സെപ്റ്റംബർ 18നു അതിരൂപതാ പ്രോട്ടോസിഞ്ചെള്ളൂസ് വെരി റവ ഫാ. ആന്റണി എത്തക്കാട് നിർവഹിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് ചമ്പക്കുളത്തിൽ സ്വാഗതവും അതിരൂപതാ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ. നന്ദിയും അർപ്പിച്ചു. ഷാജി കോര, റ്റിസൺ തോമസ്, പി.ജെ. കുഞ്ഞുമോൻ, കെ.ഡി. ചാക്കോ, സിനു ഫിലിപ്പ്, ലാലി ബോബൻ, സെലിൻ ഗോമസ്, റോസമ്മ കെ.റ്റി. എന്നിവർ പങ്കെടുത്തു.

**സെബാസ്റ്റ്യൻ പി. ജെ.**
*(ജനറൽ സെക്രട്ടറി)*

**ഫാ. ജോസഫ് ചമ്പക്കുളത്തിൽ**
*(ഡയറക്ടർ)*

❑

"സമാധാനം-സൗഭാഗ്യം"

# സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ (SFO)

പ്രിയ സഹോദരങ്ങളേ,

ഓഗസ്റ്റ് 31നു ഗദ്സമനി ആശ്രമത്തിൽ ഭ്രാതൃത്വ ഭാരവാഹികളുടെ സമ്മേളനം അതിരൂപതാ സ്പിരിചൽ അസിസ്റ്റന്റ് അലക്സ് വാച്ചാപ്പറമ്പിൽ ഒ.എഫ്.എം. ക്യാപ് അച്ചന്റെ നേതൃത്വത്തിൽ നടന്നു. ബ്രദർ കെ.എം. മാത്യു സ്വാഗതം ആശംസിച്ചു. ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് ദൈവഹിതപ്രകാരമാകുവാൻ വേണ്ടി സഭാംഗങ്ങൾ പ്രാർഥിച്ചൊരുങ്ങുന്നതിനായി പ്രാർഥനാകാർഡുകളും തെരഞ്ഞെടുപ്പ് നിയമാവലിയും എല്ലാവർക്കും പ്രിന്റ് ചെയ്തു നൽകി. കൂടാതെ, എല്ലാ ഭ്രാതൃത്വങ്ങളിലെയും തെരഞ്ഞെടുപ്പ് തീയതിയും നിശ്ചയിച്ചു നൽകി. ഒക്ടോബർ 5 മുതൽ നടക്കുന്ന തെരഞ്ഞെടുപ്പ് ഡിസംബറിൽ അവസാനിക്കുന്നതുവരെ എല്ലാദിവസവും അതിനായി മുടക്കം കൂടാതെ പ്രാർഥിക്കുവാൻ തീരുമാനിച്ചു. തെരഞ്ഞെടുപ്പ് നടക്കുന്ന എല്ലാ ഭ്രാതൃത്വങ്ങളിലും സ്പിരിചൽ അസിസ്റ്റന്റും റീജൺ മിനിസ്റ്റർമാരും സന്നിഹിതരായിരിക്കണമെന്നും അവരുടെ മേൽനോട്ടത്തിലായിരിക്കണം തെരഞ്ഞെടുപ്പെന്നും തീരുമാനമായി. അതിരൂപതാ സെക്രട്ടറി എത്സമ്മ മരങ്ങാട്ട് റിപ്പോർട്ട് അവതരിപ്പിച്ചു. കെ.എം. മാത്യു കാനാട്ട് അവതരിപ്പിച്ച കണക്ക് സഭ പാസാക്കി.

ഓഗസ്റ്റ് 22-24 വരെ വേളാങ്കണ്ണിയിൽ നടത്തപ്പെട്ട എസ്.എഫ്.ഒ. നാഷണൽ മീറ്റിങ്ങിൽ നമ്മുടെ റീജൺ മിനിസ്റ്റർമാരായ വി.സി. അലക്സ്, പ്രമോദ് പി. ജോസഫ്, എ.ജെ. ആന്റപ്പൻ, സാബു കരിക്കംപള്ളി എന്നിവർ പങ്കെടുത്തു. നല്ല ക്ലാസുകളും ചർച്ചകളും നടത്തപ്പെട്ടു. സഭയുടെ വളർച്ചയ്ക്കും ഐക്യത്തിനും ആവശ്യമായ കാര്യങ്ങൾ ചർച്ചചെയ്തു തീരുമാനിച്ചു. നാഷണൽ സ്പിരിചൽ അസിസ്റ്റന്റ് ഫാ. ജയിംസ് ചൂരമന ഒ.എഫ്.എം. ക്യാപ് ചർച്ചകൾക്കു നേതൃത്വം നൽകി. നാഷണൽ മിനിസ്റ്റർ ഒലിവർ ഫെർണാണ്ടോയുടെ നേതൃത്വത്തിൽ നാഷണൽ കൗൺസിൽ എല്ലാ കാര്യങ്ങളും ഭംഗിയായി നടത്തി.

എല്ലാവർക്കും നമ്മുടെ സ്വർഗ്ഗീയ മധ്യസ്ഥനായ വി. ഫ്രാൻസിസ് അസ്സീസിയുടെ തിരുനാളിന്റെ എല്ലാവിധ മംഗളങ്ങളും സ്നേഹപൂർവം നേരുന്നു.

**സ്വർഗപ്രാപ്തി**

തൃക്കൊടിത്താനം ഭ്രാതൃത്വാംഗം സഹോദരി അങ്ങാടി കളീക്കൽ ത്രേസ്യാമ്മ തോമസ്, കുറുമ്പനാടം റീജൺ ഏലംകുന്ന് ലിറ്റിൽ ഫ്ളവർ ഭ്രാതൃത്വാംഗം സഹോദരൻ തോയക്കുളം മാത്തുക്കുട്ടി, എടത്വാ കേളമംഗലം സെന്റ് മേരീസ് ഭ്രാതൃത്വാംഗം സഹോദരി നടുവിലേഴത്തു ത്രേസ്യാമ്മ ജോസഫ്, കുറുമ്പനാടം റീജൺ ചാഞ്ഞോടി സെന്റ് സെബാസ്റ്റ്യൻ ഭ്രാതൃത്വാംഗം സഹോദരി കളപ്പുരക്കൽ മേരിക്കുട്ടി ഫിലിപ്പ് എന്നിവർ സ്വർഗപ്രാപ്തിക്കായി യാത്രയായി. സഹോദരരെ നമ്മുടെ പ്രാർഥനകളിൽ ഓർക്കാം.

**വി. സി. അലക്സ്**
**വലിയപറമ്പിൽ**
*(പ്രസിഡന്റ്)*

**ഫാ. അലക്സ് വാച്ചാപറമ്പിൽ**
**ഒ.എഫ്.എം. കപ്പൂച്ചിൻ**
*(സ്പിരിചൽ അസ്സിസ്റ്റന്റ്)*

❑

# വിൻസെൻഷ്യൻ വേദി
## (SSVP)

*''പരമാർത്ഥ ഹൃദയന് അന്ധകാരത്തിൽ പ്രകാശമുദിക്കും.*
*അവൻ ഉദാരനും കാരുണ്യവാനും നീതിനിഷ്ഠനുമാണ്''* (സങ്കീ. 112:4)

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളെ,

സെപ്റ്റംബർ മാസത്തിലെ നമ്മുടെ തിരുനാളാഘോഷങ്ങൾ നടന്നുകൊണ്ടിരിക്കുന്ന അവസരത്തിലാണ് ഈ സന്ദേശം എഴുതുന്നത്. 28-ാം തീയതിയോടെ എല്ലാ മേഖലകളിലെയും ആഘോഷങ്ങൾ പൂർത്തിയാകുന്ന ക്രമീകരണങ്ങളാണ് ചെയ്തിരുന്നത്. ചങ്ങനാശേരിയിൽ അതിരൂപതാ വികാരി ജനറാൾ മോൺ. മാത്യു ചങ്ങങ്കരിയും നെടുംകുന്നത്ത് അതിരൂപതാ വികാരി ജനറാൾ മോൺ. സ്കറിയാ കന്യാക്കോണിലും ചമ്പക്കുളത്ത് കാനാ ഡയറക്ടർ റവ. ഡോ. തോമസ് വള്ളിയാനിപ്പുറവും തിരുനാൾ സന്ദേശങ്ങൾ നൽകുകയുണ്ടായി. വിവിധ ഏരിയാ കൗൺസിലുകൾ സംയുക്തമായി നടത്തിയ ആഘോഷങ്ങൾ പുതുമയേറിയതും പങ്കാളിത്തംകൊണ്ട് വിജയകരവുമായിരുന്നു. സമ്പുഷ്ടമായ സന്ദേശങ്ങൾ നൽകിയ ബഹു. വൈദികരോടും സഹകരിച്ച എല്ലാവരോടുമുള്ള നന്ദിയറിയിക്കുന്നു. നമുക്കു സന്ദേശങ്ങൾ നൽകിയവരൊക്കെ നമ്മുടെ പ്രവർത്തനങ്ങളെ ശ്ലാഘിക്കുകയും സൊസൈറ്റിയെപ്പറ്റിയുള്ള പ്രതീക്ഷകൾ പങ്കുവക്കുകയും ചെയ്യുകയുണ്ടായി. ഇവയോടൊക്കെ നീതി പുലർത്തുന്ന പ്രവർത്തകരാകുവാൻ നമുക്കു സാധിക്കണം. മറ്റുള്ളവർ നടത്തുന്ന ശ്രേഷ്ഠമായ ശുശ്രൂഷയുടെ തണലിൽ നിന്നുകൊണ്ട് ഞാനും ഈ ശുശ്രൂഷകളുടെ ഭാഗമാണ് എന്നു ചിന്തിക്കുന്നവർകൂടി സജീവമായി പ്രവർത്തിക്കുവാൻ ശ്രദ്ധിക്കണമെന്ന് അഭ്യർഥിക്കുന്നു. ചില ഭാരവാഹികളുടെ നിസംഗതയും നിസ്സഹകരണവും നമ്മുടെ ശൈലിക്കു ചേർന്നതല്ല എന്നുകൂടി ഈയവസരത്തിൽ പറയാൻ ആഗ്രഹിക്കുന്നു. എളിയതാണെങ്കിലും ഉത്തരവാദിത്തങ്ങൾ നീതിപൂർവം നിർവഹിക്കാൻ ബുദ്ധിമുട്ടുള്ളവർ അനുയോജ്യരായ ആളുകൾക്ക് അതു കൈമാറി അവരോടു സഹകരിച്ചു സൊസൈറ്റിയെ വളർത്താൻ ശ്രമിക്കുന്നത് ഉചിതമാവും.

ലോകം മുഴുവൻ ആവേശത്തോടെ ആഘോഷിച്ച കാർലോ അക്വിറ്റിസിന്റെയും ജോർജിയോ ഫ്രസാറ്റിയുടെയും വിശുദ്ധ പദവി പ്രഖ്യാപനം നമ്മുടെ എല്ലാ കോൺഫെറൻസുകളും സമുചിതമായി ആഘോഷിക്കുകയുണ്ടായി. വി. ഫ്രസാറ്റിയുടെ പാവങ്ങളോടുള്ള മനോഭാവം നാമൊക്കെയും ഈ ദിവസങ്ങളിൽ അനുസ്മരിക്കുന്നുമുണ്ട്. സ്വന്തം കാര്യങ്ങൾക്കപ്പുറം മറ്റൊന്നിനെപ്പറ്റിയും കരുതലില്ലാത്ത ഒരവസ്ഥയിലേക്കാണല്ലോ ലോകം നടന്നുനീങ്ങുന്നത്. മനുഷ്യരോടും പ്രകൃതിയോടുമുള്ള കരുതൽ കുടുംബങ്ങളിൽ പരിശീലിപ്പിക്കപ്പെടേണ്ടതായുണ്ട്. വില്ലനോവയിലെ വി. തോമസ് ഇപ്രകാരം പറയുന്നുണ്ട്. ''പാവങ്ങളോടുള്ള സഹാനുഭൂതിയിൽ വളരാനും കഴിവിനനുസരിച്ച് അവരെ സഹായിക്കാനും പ്രചോദനം നൽകേണ്ടതു മാതാപിതാക്കളാണ്''. മാതാപി

താക്കളുടെ ദുഃശീലങ്ങൾ മക്കൾ സ്വന്തമാക്കുന്ന കാഴ്ചയാണ് കൂടുതലായി കാണപ്പെടുന്നത്. വാ. ഫ്രെഡറിക് ഓസാനാമിന്റെ കുടുംബജീവിതം നമുക്കു മാതൃകയാക്കാം. വിശ്വാസവും സ്നേഹവും ശുശ്രൂഷയും ഇഴുകിച്ചേർന്ന കുടുംബാന്തരീക്ഷമായിരുന്നു അത്. അമേലി അദ്ദേഹത്തിന് നല്ല ഭാര്യയും ഒപ്പം അദ്ദേഹത്തിന്റെ വിശ്വാസജീവിതത്തിലും ഉപവിപ്രവർത്തനങ്ങളിലും ഉത്തമ യായ പങ്കാളിയുമായിരുന്നു. രക്ഷാകർതൃത്വത്തിന്റെ ഉത്തമമാതൃക അവരുടെ ജീവിതത്തിൽ നമുക്കു ദർശിക്കാൻ സാധിക്കും. സൊസൈറ്റിയുടെ ദർശനങ്ങ ളുടെ അഗാധമായ സ്വാധീനം അവരുടെ കുടുംബവിശുദ്ധിക്കു കാരണമായി.

ആധുനിക ലോകത്തിലെ ഏറ്റവും വലിയ വിശുദ്ധ എന്നറിയപ്പെടുന്ന വി. കൊച്ചുത്രേസ്യയുടെ തിരുനാൾ ദിനമാണല്ലോ ഒക്ടോബർ 1. വിശുദ്ധയുടെ ജനനത്തിന്റെ 150-ാം വാർഷികം ആഘോഷിച്ച അവസരത്തിൽ ഫ്രാൻസിസ് പാപ്പ ഇപ്രകാരം പറയുകയുണ്ടായി. ''സ്നേഹത്തിന്റെയും ദൈവത്തിന്റെയും അടുത്തേക്കു മനുഷ്യരെ കൊണ്ടുചെന്നെത്തിക്കുന്ന കൂടുതൽ വ്യക്തികൾ സമൂഹത്തിലുണ്ടാകണം. വി. കൊച്ചുത്രേസ്യ നമ്മെ സ്നേഹത്തിലേക്കും ദൈവത്തിലേക്കും കൊണ്ടുചെന്നെത്തിക്കുന്നു''. വിശുദ്ധയിൽ വിളങ്ങിയിരുന്ന ഗുണങ്ങളൊക്കെയും അവരുടെ മാതാപിതാക്കളും വിശുദ്ധ ദമ്പതികളുമായ ലൂയി മാർട്ടിനിയിൽ നിന്നും സെലി ഗ്വെരിനിൽ നിന്നും ലഭിച്ചവയായിരുന്നു. ''ഏറ്റവും നല്ല ഒരു കുടുംബത്തിൽ ജനിച്ചതുകൊണ്ടാണ് എനിക്കിപ്രകാരമാ കാൻ സാധിച്ചത്'' എന്നു വിശുദ്ധ സാക്ഷ്യപ്പെടുത്തുന്നുണ്ട്. കുടുംബങ്ങളുടെ വിശുദ്ധിയെപ്പറ്റി വി. ജോൺ പോൾ രണ്ടാമൻ പാപ്പ ഇപ്രകാരം പറയുന്നു. ''രാഷ്ട്രീയവും മതവും സമൂഹവും ക്രമീകരിക്കപ്പെട്ടിരിക്കുന്നത് കുടുംബത്തി ലാകയാൽ കുടുംബത്തിന്റെ രക്ഷയാണ് പ്രഥമവും പ്രധാനവുമായ കാര്യം കുട്ടികളെ സ്നേഹത്തിലും സുകൃതങ്ങളിലും വളർത്തുവാനും അവരുടെ ആത്മീയവും ഭൗതികവുമായ ഉന്നമനം സാധിക്കുന്നതിനുമുള്ള പരമോന്നത മായ ക്രമീകരണമാണ് സ്നേഹവും വിശ്വസ്തതയുമുള്ള ഭാര്യാഭർത്താക്ക ന്മാരുള്ള കുടുംബം'' എന്നാണ് ടെക്സാസ് യൂണിവേഴ്സിറ്റി പ്രൊഫസറും സുവിശേഷ പ്രഘോഷകനുമായ ഡേവിഡ് എ ബെഡ്നർ പറയുന്നത്. നമ്മുടെ ഭവനങ്ങൾ പുണ്യങ്ങളാൽ അലംകൃതമായ ഉത്തമ ക്രിസ്തീയ ഭവനങ്ങളായി നിലനിൽക്കുവാൻ നമുക്കു പരിശ്രമിക്കാം.

ഓസാനാം ഫെസ്റ്റ് 2026, ജനുവരി 10-ാം തീയതി എറണാകുളത്തു നടക്കു ന്നതിന്റെ വിശദാംശങ്ങൾ വാട്സാപ്പിലൂടെ നൽകിയിട്ടുണ്ട്. കൂടുതൽ നിർദേ ശങ്ങൾ സി.സി.യിൽനിന്നു വാട്സ് ആപ്പ് വഴി നൽകുന്നതാണ്.

ഈശോയിൽ സ്നേഹപൂർവം,

**തോമസ് റ്റി. മൂലയിൽ**
*സെൻട്രൽ കൗൺസിൽ പ്രസിഡന്റ്*
❑

# കരിസ്മാറ്റിക് നവീകരണം

''കരിസ്മാറ്റിക് മുന്നേറ്റത്തിന് നന്ദി..! നിരവധി ക്രിസ്ത്യാനികൾ –പുരുഷന്മാരും സ്ത്രീകളും, യുവാക്കളും, മുതിർന്നവരും– അവരുടെ ദൈനംദിന ജീവിതത്തിൽ പരിശുദ്ധാത്മാനുഭവം ഒരു ജീവിക്കുന്ന യാഥാർത്ഥ്യമായി വീണ്ടും കണ്ടെത്തിയിട്ടുണ്ട്. പ്രാർഥന, വിശുദ്ധി, കൂട്ടായ്മ, പ്രഘോഷണം എന്നിവയ്ക്കുള്ള ഒരു നവീകൃത പ്രോത്സാഹനമായി ഈ ആത്മീയത സഭയിൽ വ്യാപിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു''

**(പോപ്പ് ജോൺ പോൾ 2nd, മെയ് 29, 2004)**

### സഹസ്രദിന ഒരുക്ക കൺവെൻഷൻ( ജൂബിലേവൂസ്)

ക്രിസ്തു ജയന്തി 2025, നവീകരണ ജൂബിലി വർഷം 2026 എന്നിവയുടെ ഒരുക്കമായി കേരളത്തിലെ ഏതെങ്കിലും ഒരു ഇടവകയിൽ നവീകരണ മുന്നേറ്റത്തിന്റെ നേതൃത്വത്തിൻ മദ്ധ്യസ്ഥ പ്രാർഥനാ കൺവെൻഷൻ ഒരു ദിവസം പോലും ഇടമുറിയാതെ നടത്തുന്നുണ്ട്. ചങ്ങനാശേരി സോണിനുവേണ്ടി നിശ്ചയിക്കപ്പെട്ടിരിക്കുന്നത് എല്ലാ മാസത്തിന്റെയും അഞ്ചാം തീയതിയാണ്. ഓഗസ്റ്റ് അഞ്ചിന് ഒരുക്ക കൺവൻഷൻ നടന്നത് ചങ്ങനാശേരി, ളായിക്കാട് സെന്റ് ജോസഫ് കത്തോലിക്കാ പള്ളിയിലാണ്. ചങ്ങനാശേരി സോൺ നിയുക്ത അനിമേറ്റർ ഫാ. മാത്യു താന്നിയത്ത് ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

### മാധ്യസ്ഥ്യപ്രാർഥനാക്കൂട്ടായ്മകൾ

ഈ ജൂബിലി വർഷത്തിൽ മാധ്യസ്ഥ്യപ്രാർഥനാക്കൂട്ടായ്മകളുടെ രൂപീകരണം പ്രധാനപ്പെട്ട ഉത്തരവാദിത്തമായി നവീകരണശുശ്രൂഷ ഏറ്റെടുത്തിട്ടുണ്ട്. പുന്നവേലി ലൂർദ് മാതാ പള്ളിയിൽ എല്ലാ വ്യാഴാഴ്ചയും വൈകുന്നേരം 5 മുതൽ 6 വരെ മാധ്യസ്ഥ്യപ്രാർഥനാക്കൂട്ടായ്മ ആരംഭിച്ചു. പള്ളിവികാരി ഫാ. മാത്യു അഞ്ചിൽ വചനസന്ദേശവും സമാപന ആശിർവാദവും നൽകുകയും മാർഗനിർദേശങ്ങൾ നൽകുകയും ചെയ്യുന്നു. കൂട്ടായ്മയുടെ നേതൃത്വത്തിൽ എല്ലാ രണ്ടാം ശനിയാഴ്ചയും വൈകിട്ട് 5 മുതൽ 6 വരെ ദിവ്യകാരുണ്യ ആരാധനയും നടന്നുവരുന്നു. കോർഗ്രൂപ്പിനാൽ നയിക്കപ്പെടുന്ന, ആഴ്ചയിൽ ഒരിക്കൽ ഒരുമിച്ചു കൂടുന്ന, മാധ്യസ്ഥ്യപ്രാർഥന നടത്തുന്ന, സ്വന്തം ഇടവകയിൽ ഔട്ട് റീച്ച്/ ഹോം മിഷൻ നടത്തുന്ന പ്രാർഥനാക്കൂട്ടായ്മകളാണ് രൂപീകരിക്കപ്പെടേണ്ടത്.

### Life in the Spirit Seminar - LSS (പരിശുദ്ധാത്മാവിലുള്ള നവജീവിത സെമിനാറുകൾ)

പരിശുദ്ധാത്മാവിലുള്ള നവജീവിതത്തെക്കുറിച്ചുള്ള വ്യവസ്ഥാപിത പരിശീലന പരിപാടിയായ LSS, ചുങ്കപ്പാറ ലിറ്റിൽ ഫ്ലവർ ഇടവകയിൽ സെപ്റ്റംബർ 12 മുതലുള്ള ഏഴു വെള്ളിയാഴ്ചകളിൽ തുടർന്നുവരുന്നു. സെപ്റ്റംബർ

പന്ത്രണ്ട് മുതലുള്ള എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെയാണ് സമയക്രമം.

**എൽ.എസ്.എസ്. ഒരുക്ക കൺവെൻഷൻ**

പരിശുദ്ധാത്മാവിലുള്ള നവജീവിതത്തെകുറിച്ചുള്ള സെമിനാറുകളെ പരിചയപ്പെടുത്തുന്ന ആദ്യവെള്ളിയാഴ്ച കൺവെൻഷൻ ചാഞ്ഞോടി സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ തുടർന്നുവരുന്നു. ഈ ആദ്യവെള്ളിയാഴ്ച ബ്രദർ ജോസ് പത്തുംപാടം, ബ്രദർ സണ്ണിച്ചൻ മാമ്മൂട് എന്നിവർ വചനശുശ്രൂഷ നയിച്ചു.

**ലോഡ്സ് കപ്പിൾസ് മിനിസ്ട്രി**

ലോഡ്സ് കപ്പിൾസ് മിനിസ്ട്രിയുടെ സോണൽ സർവീസ് റ്റീം യോഗം ജൂലൈ 30ന് ആനിമേറ്റർ ഫാ. ളൂയിസ് വെള്ളാനിക്കലിന്റെ നേതൃത്വത്തിൽ പള്ളിക്കൂട്ടുമ്മ ഫാത്തിമാ മാതാ ഇടവകയിലുള്ള കളപ്പുരയ്ക്കൽ മെറ്റി–കുഞ്ചെറിയാ ദമ്പതിമാരുടെ ഭവനത്തിൽ കൂടുകയുണ്ടായി. ആനിമേറ്റർ സി. തെരേസിന എഫ്.ഡി.എസ്.എച്ച്.ജെ. വചനസന്ദേശം നൽകി. ആനിമേറ്റർ ഫാ. ളൂയിസ് വെള്ളാനിക്കലിന്റെ നേതൃത്വത്തിൽ ഇക്കഴിഞ്ഞ മാസത്ത മിനിസ്ട്രിയുടെ ശുശ്രൂഷകളെ വിലയിരുത്തി. ബഹു. ആനിമേറ്റർ അച്ചന്റെ നേതൃത്വത്തിൽ ജൂലൈ നാലാംതിയതി രാവിലെ പത്തുമണിക്ക് പുളിങ്കുന്നു സെന്റ് മേരീസ് ഫൊറോനാപ്പള്ളി, അന്നുതന്നെ വൈകിട്ട് നാലിന് കുന്നന്താനം സെന്റ് ജോസഫ് പള്ളി, സെപ്റ്റംബർ 15നു പുഴവാത് സെന്റ് തോമസ് പള്ളി എന്നിവിടങ്ങളിൽ ദമ്പതീ ധ്യാനങ്ങൾ സംഘടിപ്പിച്ചു.

**പുതിയ ഫാ. ആനിമേറ്റർ (അതിരൂപതാ കോർഡിനേറ്റർ)**

കത്തോലിക്കാ കരിസ്മാറ്റിക് മുന്നേറ്റത്തിന് ചങ്ങനാശേരി അതിരൂപതയിലും സോണൽ തലങ്ങളിലും സ്തുത്യർഹമായ നേതൃത്വം നൽകിക്കൊണ്ടിരുന്ന ഫാ. തോമസ് പ്ലാപ്പറമ്പിൽ കൃത്യാന്തര ബാഹുല്യംമൂലം സ്ഥാനമൊഴിയുകയാണ്. പ്രസ്തുത ഉത്തരവാദിത്തത്തിലേക്ക് അതിരൂപതയിൽനിന്ന് നിയുക്തനായിരിക്കുന്നത് ഫാ. മാത്യു താന്നിയത്ത് ആണ്.

സ്നേഹപൂർവം,

**മഞ്ജു മാത്തൂർ**
*(കോഡിനേറ്റർ)*

**ഫാ. മാത്യു താന്നിയത്ത്**
*(ആനിമേറ്റർ)*

❑

## മാർ തോമസ് തറയിൽ

**ഓഗസ്റ്റ്**

29 പൊടിപ്പാറ ഹോളി ഫാമിലി ഇടവകാംഗം വടക്കേക്കുറ്റ് അന്നമ്മ മാത്യുവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർഥിച്ചു

30 കോട്ടയം അതിരൂപതാ ദിനത്തിൽ ഇടയ്ക്കാട്ട് സെന്റ് ജോർജ് ക്നാനായ ഫൊറോനാ പള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി. അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ വയലിൽ ബഹു. തോമസ് അച്ചന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു. വെരൂച്ചിറ ശാന്തിസദൻ ക്ലാരമഠാംഗം സി. ബർത്താ എഫ്.സി.സി. യുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർഥിച്ചു.

31 കൈതവന ഇമാക്കുലേറ്റ് ഹാർട്ട് പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാന അർപ്പിച്ചു. തത്തംപള്ളി സെന്റ് മൈക്കിൾസ് പള്ളിയിൽ എ.കെ.സി.സി.യുടെ വാർഷികത്തോടനുബന്ധിച്ചുള്ള യോഗത്തിൽ സന്ദേശം നൽകി. അതിരൂപതാകേന്ദ്രത്തിൽ ജൂനിയർ അഡ്വക്കേറ്റ്സ് ഫോറം ഉദ്ഘാടനം ചെയ്തു. തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാ പള്ളിയിൽ 'ആബാ പേരന്റ്സ്' യോഗത്തിൽ സന്ദേശം നൽകി. പറാൽ സെന്റ് ആന്റണീസ് പള്ളിയിൽ പുതിയ വൈദികമന്ദിരം വെഞ്ചരിച്ചു.

**സെപ്റ്റംബർ**

01 തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഇടവകാംഗം കളത്തിപ്പറമ്പിൽ രാജമ്മ തോമസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർഥിച്ചു.

02 തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് പള്ളിയിൽ പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു. പുന്നപ്ര ദനഹാലയയിൽ ക്ലാസ്സെടുത്തു. പുന്നപ്ര സെന്റ് ജോസഫ് പുവർ ഹോം ബോർഡ് യോഗത്തിൽ അധ്യക്ഷത വഹിച്ചു. കുന്നന്താനം സിയോൻ ധ്യാനകേന്ദ്രത്തിൽ വിവാഹ ഒരുക്ക ധ്യാനത്തിൽ സന്ദേശം നൽകി.

03 നിയമസഭയിലെ ആർ. ശങ്കരനാരായണൻ തമ്പി ലോഞ്ചിൽ സംസ്ഥാന സർക്കാർ സംഘടിപ്പിച്ച ഓണാഘോഷ പരിപാടിയിൽ സംബന്ധിച്ചു.

04 ചെത്തിപ്പുഴ കാർമ്മൽ വില്ല കോൺവെന്റിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. അതിരൂപതാകേന്ദ്രത്തിൽ ലിറ്റർജിക്കൽ കമ്മീഷൻ യോഗത്തിൽ അധ്യക്ഷത വഹിച്ചു. അതിരൂപതയുടെ ഓഡിറ്ററായി സേവനം ചെയ്ത തോട്ടയ്ക്കാട് സെന്റ് ജോർജ് ഇടവകാംഗം പി.ജെ. ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമികത്വം വഹിച്ചു.

05 ഇത്തിത്താനം സെന്റ് ജോസഫ് വൈദികമന്ദിരത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

06 നാലുകോടി സെന്റ് തോമസ് പള്ളിയിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും സോളാർ പവർ പ്ലാന്റ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ഇത്തിത്താനം സെന്റ് മേരീസ് പള്ളിയിൽ പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു. പെരുന്ന സെന്റ് ആന്റണീസ് പള്ളി ഇടവകാംഗം മണക്കുന്നേൽ പുത്തൻപറമ്പ് ത്രേസ്യാമ്മ ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർഥിച്ചു. മണിമല ഹോളി മേജൈ ഫൊറോനാപ്പള്ളിയിൽ ഏലിയാ-സ്ലീവാ-മൂശെക്കാലത്തിന്റെ ആരംഭത്തോടനുബന്ധിച്ച് ആഘോഷമായ റംശായ്ക്ക് കാർമികത്വം വഹിച്ചു സന്ദേശം നൽകി.

07 മുട്ടാർ അമലോത്ഭവപള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിച്ച് മണിമാളിക ആശീർവദിച്ചു.

08 പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോനാപ്പള്ളിയിൽ അസംപ്ഷൻ കമ്മ്യൂണിറ്റി കോളേജ് എക്സ്റ്റൻഷൻ സെന്റർ വെഞ്ചരിച്ച് ഉദ്ഘാടനം ചെയ്തു. പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോനാപ്പള്ളിയിലും കുമാരപുരം സെന്റ് മേരീസ് പള്ളിയിലും മാതാവിന്റെ ജനന തിരുനാളിനോടനുബന്ധിച്ച് ആഘോഷമായ പരിശുദ്ധ കുർബാനയർപ്പിച്ചു.

09 ആറാട്ടുവഴി സെന്റ് ജോസഫ്സ് പള്ളിയിൽ ആലപ്പുഴ ഫൊറോന വൈദിക സമ്മേളനത്തിലും വെട്ടിത്തുരുത്ത് സെന്റ് ആന്റണീസ് പള്ളിയിൽ ചങ്ങനാശ്ശേരി ഫൊറോന വൈദികസമ്മേളനത്തിലും അധ്യക്ഷത വഹിച്ചു. കുറിച്ചി സെന്റ് തോമസ് മൈനർ സെമിനരിയിൽ ക്ലാസ്സ് നയിച്ചു.

10 അതിരൂപതാകേന്ദ്രത്തിൽ പ്രസ്ബിറ്ററൽ കൗൺസിലിൽ അധ്യക്ഷത വഹിച്ചു. പാറമ്പുഴ ബേത്‌ലഹേം പള്ളി ഇടവകാംഗം അഡ്വക്കേറ്റ് പ്രിൻസ് ലൂക്കോസിന്റെ മൃതസംസ്കാരശുശ്രൂഷയുടെ ഭവനത്തിലെ ശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു.

11-12 ന്യൂഡൽഹി ഡോൺ ബോസ്കോ കോളേജിൽ സി.ബി.സി.ഐ. സ്റ്റാൻഡിങ് കമ്മിറ്റി യോഗത്തിൽ പങ്കെടുത്തു.

13 ചങ്ങനാശ്ശേരി എസ്.ബി. കോളേജ് ആർച്ചുബിഷപ് കാവുകാട്ട് ഹാളിൽ നൂറുമേനി സീസൺ ത്രീ വിജയികൾക്കൾക്കുള്ള സമ്മാനദാന ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ സി.എസ്.എം. ക്യാംപിൽ കുട്ടികളുമായി സംവദിച്ചു.

13-14 കടയിനിക്കാട് സെന്റ് മേരീസ് പള്ളിയിൽ അജപാലന സന്ദർശനം നടത്തി.

14 കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക് കത്തീഡ്രൽ പള്ളിയിൽ വിവാഹം ആശീർവദിച്ചു. പാറേൽ സെന്റ് മേരീസ് ഇടവകാംഗം അഞ്ചനാട് ലീലാമ്മ വർഗീസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർഥിച്ചു.

15 കുന്നന്താനം എൽ.എസ്.ഡി.പി. കോൺവെന്റിൽ പോരൂക്കര ബഹു. ആന്റണി അച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷത്തിൽ പരിശുദ്ധ കുർബാന മധ്യേ വചനസന്ദേശം നൽകി. മണിമല ഹോളി മജൈ പള്ളിയിൽ വിവാഹം ആശീർവദിച്ചു. കലവൂർ സെന്റ് തോമസ് പള്ളിയിൽ മുഹമ്മ ഫൊറോന വൈദികസമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

16 പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോനാപ്പള്ളിയിൽ പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു. പുന്നക്കുന്നത്തുശ്ശേരി സെന്റ് ജോസഫ്സ് പള്ളിയിൽ പുളിങ്കുന്ന് ഫൊറോന വൈദികസമ്മേളനത്തിലും ചാഞ്ഞോടി സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ തൃക്കൊടിത്താനം ഫൊറോന വൈദിക സമ്മേളനത്തിലും അധ്യക്ഷത വഹിച്ചു. കുറിച്ചി സെന്റ് തോമസ് മൈനർ സെമിനരിയിൽ ക്ലാസ്സ് നയിച്ചു.

17 ചങ്ങനാശ്ശേരി സെന്റ് ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂളിന്റെ രജത ജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്തു. പൊടിപ്പാറ ഹോളി ഫാമിലി പള്ളിയിൽ തുരുത്തി ഫൊറോന വൈദികസമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. കോട്ടയം സി.എസ്.ഐ. റിട്രീറ്റ് സെന്ററിൽ നിഖ്യാവിശ്വാസ പ്രമാണത്തിന്റെ 1700–ാം വാർഷികത്തോടനുബന്ധിച്ച് നടന്ന എക്യുമെനിക്കൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. കോട്ടയം SEERI ഇൻസ്റ്റിറ്റ്യൂട്ടിൽ സിറിയക് കോൺഫറൻസിൽ പ്രസംഗിച്ചു.

18 ആയൂർ ക്രൈസ്റ്റ് ദി കിംഗ് ഫൊറോനാപ്പള്ളിയിൽ കൊല്ലം–ആയൂർ ഫൊറോന വൈദികസമ്മേളനത്തിലും ചെങ്ങന്നൂർ മർത്ത് മറിയം ഫൊറോനാപ്പള്ളിയിൽ ചെങ്ങന്നൂർ ഫൊറോന വൈദികസമ്മേളനത്തിലും അധ്യക്ഷത വഹിച്ചു.

19 ചങ്ങനാശ്ശേരി എസ്.ബി. ഹയർ സെക്കൻഡറി സ്കൂളിൽ അധ്യാപകദിനാഘോഷം ഉദ്ഘാടനം ചെയ്തു. ചങ്ങനാശ്ശേരിയിൽ ജോബിൻ എസ്. കൊട്ടാരം രചിച്ച ശ്രീ. പി. ജെ. ജോസഫിന്റെ ജീവചരിത്രപുസ്തകം പ്രകാശനം ചെയ്തു. ചേന്നങ്കരി സെന്റ് ജോസഫ്സ് പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാന അർപ്പിച്ചു. കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ വിവാഹഒരുക്ക ധ്യാനത്തിൽ സന്ദേശം നൽകി.

20 വാഴപ്പള്ളി സെന്റ് തെരേസാസ് ഹയർ സെക്കൻഡറി സ്കൂളിൽ രജത ജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്തു. പാറേൽ എസ്.എച്ച്. സെന്റ് മാത്യൂസ് പ്രൊവിൻഷ്യൽ ഹൗസിൽ പ്രൊവിൻസ് ദിനത്തോടനുബന്ധിച്ച് പരിശുദ്ധ കുർബാനയർപ്പിച്ചു. കുറ്റിച്ചൽ ലൂർദ് മാതാ കോളേജ് ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജിയിൽ ബിരുദദാനച്ചടങ്ങിൽ പങ്കെടുത്തു.

21 നെടുങ്കുന്നം സഞ്ജീവനിയിൽ മണിമല ഫൊറോനാ യുവജനക്യാംപിലും ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ കെ.സി.എസ്.എൽ. ഹയർ സെക്കൻഡറി സ്കൂൾ ക്യാംപിലും  കുട്ടികൾക്കു സന്ദേശം നൽകി. ചങ്ങനാശ്ശേരി എസ്.ബി. കോളേജ് പവ്വത്തിൽ ഹാളിൽ എസ്.ബി. കോളേജ് റിട്ടയേർഡ് അധ്യാപക അസോസിയേഷൻ ഒത്തുചേരലിൽ സന്ദേശം നൽകി. മാമ്മൂട് ലൂർദ് മാതാ പള്ളിയിൽ ലീഡേഴ്സ് മീറ്റ് ഉദ്ഘാടനം ചെയ്തു. മുത്തോലി സെന്റ് ജോൺസ് ആശ്രമത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

22 തൃശൂർ ലൂർദ് മെത്രാപ്പോലീത്തൻപള്ളിയിൽ തൃശൂർ അതിരൂപതാ മുൻ മെത്രാപ്പോലീത്താ അഭി. ജേക്കബ് തൂങ്കുഴി പിതാവിന്റെ മൃതസംസ്കാരശുശ്രൂഷയിൽ സംബന്ധിച്ചു.

23 കുന്നന്താനം എൽ.എസ്.ഡി.പി. ജനറലേറ്റിൽ പരിശുദ്ധ കുർബാനയർപ്പിച്ച് സിനാക്സിസ് ഉദ്ഘാടനം ചെയ്തു. പെരുംകാവ് സെന്റ് തോമസ് പള്ളിയിൽ മണിമല ഫൊറോന വൈദികസമ്മേളനത്തിലും പാറമ്പുഴ ബേത്‌ലെഹെം പള്ളിയിൽ കുടമാളൂർ ഫൊറോന വൈദികസമ്മേളനത്തിലും അധ്യക്ഷത വഹിച്ചു. കുറിച്ചി സെന്റ് തോമസ് മൈനർ സെമിനരിയിൽ ക്ലാസ്സ് നയിച്ചു.

24 അതിരൂപതാകേന്ദ്രത്തിൽ റീജൻസി വൈദികാർഥികളുടെ മാസധ്യാനത്തിൽ സന്ദേശം നൽകി. അതിരൂപതാകേന്ദ്രത്തിൽ പാറേൽ പ്ലാനിംഗ് കമ്മിറ്റി യോഗത്തിൽ പങ്കെടുത്തു. എടത്വാ പാണ്ടി ഫാത്തിമ മാതാ പള്ളിയിൽ ഫൊറോന വൈദികസമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

25 എടത്വാ സെന്റ് ജോർജ് ഫൊറോനാപ്പള്ളിയിൽ പ്രവേശക കൂദാശകൾ പരികർമം ചെയ്തു. മാമ്മൂട് ലൂർദ് മാതാ പള്ളിയിൽ കുറുമ്പനാടം ഫൊറോന വൈദികസമ്മേളനത്തിലും കോട്ടയ്ക്കുപുറം സെന്റ് മാത്യൂസ് പള്ളിയിൽ അതിരമ്പുഴ ഫൊറോന വൈദികസമ്മേളനത്തിലും അധ്യക്ഷത വഹിച്ചു. എസ്.ബി. കോളേജിൽ സെന്റർ ഫോർ കുട്ടനാട് സ്റ്റഡീസ് ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി.

26 കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ വൈദികരുടെ തുടർപരിശീലനത്തിൽ ക്ലാസ്സെടുത്തു.

❑

## മാർ ജോസഫ് പെരുന്തോട്ടം

**ഓഗസ്റ്റ്**

19–29 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സീറോമലബാർ മെത്രാൻ സിനഡിൽ പങ്കെടുത്തു.

30 ഇത്തിത്താനം സെന്റ് മേരീസ് പള്ളിയിൽ എടയാടിൽ ആന്റണി, കൂടത്തിൽ മരിയ എന്നിവരുടെ വിവാഹം ആശീർവദിച്ചു. അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് ഇടവകാംഗം വയലിൽ ബഹു. തോമസ് അച്ചന്റെ മൃതസംസ്കാരത്തോടനുബന്ധിച്ചുള്ള പരിശുദ്ധ കുർബാനമധ്യേ വചനസന്ദേശം നൽകി. കടയനിക്കാട് സെന്റ് മേരീസ് പള്ളിയിൽ ജെറിൻ–ജുബെറ്റ് ദമ്പതികളുടെ നാലാമത്തെ കുഞ്ഞിനു പ്രവേശകകൂദാശകൾ നൽകി; രണ്ടു മക്കളുടെ ആഘോഷമായ പരിശുദ്ധ കുർബാനസ്വീകരണം നടത്തി.

31 കുടമാളൂർ അൽഫോൻസാ ഭവൻ സുവർണ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു; പരിശുദ്ധ കുർബാനയർപ്പിച്ചു. കുടമാളൂർ അൽഫോൻസാ അഭയഭവൻ സന്ദർശിച്ചു.

**സെപ്റ്റംബർ**

01 പാലമറ്റം ബേത്–തോമാ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. മുണ്ട

ത്താനം സെന്റ് ആന്റണീസ് ഇടവകാംഗം പുതുക്കരി പുത്തൻപറമ്പിൽ ഏലമ്മ തോമസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

03 പൊടിപ്പാറ ഹോളി ഫാമിലി ഇടവകാംഗം വടക്കേക്കുറ്റ് അന്നമ്മ മാത്യുവിന്റെ കല്ലറിങ്കൽ ഒപ്പീസുചൊല്ലി.

04 ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ്സ് ഹോമിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. തോട്ടയ്ക്കാട് സെന്റ് ജോർജ് ഇടവകാംഗം മുക്കാട്ട് കാവുങ്കൽ പി. ജെ. ജോസഫിന്റെ മൃതസംസ്കാരത്തിന് അവസാനഭാഗശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

05 പാലമറ്റം ബേത്-തോമാ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ്സ് ഹോമിൽ ഓണാഘോഷപരിപാടികളിൽ പങ്കെടുത്തു.

06 ളായിക്കാട് സെന്റ് ജോസഫ്സ് ഇടവകാംഗം മണക്കുന്നേൽ പുത്തൻപറമ്പിൽ ത്രേസ്യാമ്മ ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

07 ഈരര ലൂർദ് മാതാ പള്ളിയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു. രോഗികളുടെ ഭവനങ്ങൾ സന്ദർശിച്ചു.

08 കുറിച്ചി സെന്റ് തോമസ് മൈനർ സെമിനരിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു; വൈദികാർഥികൾക്കു ക്ലാസ്സെടുത്തു. വാഴപ്പള്ളി സെന്റ് തെരേസാസ് എച്ച്.എസ്. സ്കൂളിന്റെ രജത ജൂബിലിയോടനുബന്ധിച്ചു പുതുതായി നിർമിച്ച ആർച്ച് വെഞ്ചരിച്ചു; സ്കൂളിലെ വിദ്യാർഥികളും അധ്യാപകരും എഴുതിയ സമ്പൂർണ ബൈബിൾ പ്രകാശനം ചെയ്തു.

09 കണ്ടങ്കരി സെന്റ് ജോസഫ്സ് ഇടവകാഗം ബ്രദർ മാളിയംപുരയ്ക്കൽ ജോയലിന്റെ ഭവനം സന്ദർശിച്ചു.

10 അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് ഇടവകാംഗം കുരങ്ങല്ലിൽ വർഗീസിന്റെ മൃതസംസ്കാരത്തിനു ഭവനത്തിലെ ശുശ്രൂഷകൾക്കു കാർമികത്വം വഹിച്ചു. പാറമ്പുഴ ബെത്‌ലെഹെം ഇടവകാംഗം ഒറ്റത്തൈയ്യിൽ അഡ്വ. പ്രിൻസ് ലൂക്കോസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി. പാറേൽ എസ്.എച്ച്. സെന്റ് മാത്യൂസ് പ്രൊവിൻഷ്യൽ ഹൗസിൽ സി. ജോസിലിറ്റ് മാടപ്പള്ളി എസ്.എച്ച്.ന്റെ മൃതസംസ്കാരത്തിനു ആദ്യഭാഗശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ അക്കര മേരി, പനന്തോട്ടം തോമസ് എന്നിവരുടെ വിവാഹവാഗ്ദാനത്തിനു കാർമികത്വംവഹിച്ചു.

11 ഇത്തിത്താനം മെഡിക്കൽ മിഷൻ സിസ്റ്റേഴ്സ് ആയുഷ്യ ചാപ്പലിൽ സി. ഡോ. പ്രിയ പൂവൻ എം.എം.എസ്.ന്റെ മൃതസംസ്കാരത്തിനു ആദ്യഭാഗശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

12 പാലമറ്റം ബേത്-തോമാ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ കാത്തലിക് സ്റ്റുഡന്റ്സ് മൂവ്മെ

ന്റിന്റെ നേതൃത്വത്തിലുള്ള പരിശീലനപരിപാടിയിൽ വിദ്യാർഥികളുമായി സംവദിച്ചു. ചങ്ങനാശ്ശേരി സെന്റ് ബർക്ക്മാൻസ് കോളേജിലെ ആർച്ചു ബിഷപ് കാവുകാട്ട് ഹാളിൽ 'നൂറുമേനി സീസൺ 3 ഗ്രാൻഡ് ഫിനാലെ' യിൽ വിജയികളെ പ്രഖ്യാപിച്ചു. കാഞ്ഞിരപ്പള്ളി നല്ലതണ്ണി മാർ തോമാ ശ്ലീഹാ ദയറായിൽ 'ഹെക്മസ്' കൂട്ടായ്മാംഗങ്ങൾക്കു ക്ലാസ്സെടുത്തു.

13 കാഞ്ഞിരപ്പള്ളി നല്ലതണ്ണി മാർ തോമാ ശ്ലീഹാ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ആർപ്പുക്കര ചെറുപുഷ്പം പള്ളിയിൽ ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാനസമിതിയുടെ നേതൃത്വത്തിലുള്ള ഫാ. ജോസഫ് മാലിപ്പറമ്പിൽ 27-ാം ചരമവാർഷിക അനുസ്മരണം ഉദ്ഘാടനം ചെയ്തു.

14 പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോനാപ്പള്ളിയിൽ ഇടവകദിനത്തോടനു ബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു. മാന്നാനം സെന്റ് ജോസഫ്സ് പള്ളിയിൽ മാതൃവേദി-പിതൃവേദി കുടമാളൂർ ഫൊറോനയുടെ നേതൃത്വത്തിലുള്ള 'ദമ്പതീസംഗമം' ഉദ്ഘാടനം ചെയ്തു.

15 പുന്നത്തുറ സേക്രഡ് ഹാർട്ട് കോൺവെന്റിന്റെ ശതാബ്ദിയാഘോഷങ്ങളുടെ ഭാഗമായി പുന്നത്തുറ സെന്റ് തോമസ് പള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു; കോൺവെന്റിന്റെ ശിലാസ്ഥാപനകർമം നിർവഹിച്ചു. കുന്നന്താനം ദൈവപരിപാലനാഭവനിൽ പൊരൂക്കര ബഹു. ആന്റണി അച്ചന്റെ പൗരോഹിത്യസ്വീകരണ സുവർണ ജൂബിലിയാഘോഷത്തിൽ ആശംസകൾ അറിയിച്ചു. ചാഞ്ഞോടി സെന്റ് സെബാസ്റ്റ്യൻസ് ഇടവകാംഗം പുന്നക്കുന്നം പോളയിൽ തെക്കേടം പി. കെ. ജോർജിന്റെ മൃതസംസ്കാരത്തിനു അവസാനഭാഗശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

16 പാറേൽ എസ്.എച്ച്. സെന്റ് മാത്യൂസ് പ്രൊവിൻഷ്യൽ ഹൗസിൽ സി. ലൂർദ് മേരി ഊത്തപ്പാറക്കൽ എസ്.എച്ച്.ന്റെ മൃതദേഹത്തിങ്കൽ ഒപ്പീസു ചൊല്ലി.

17 ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ്സ് ഹോമിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

18 ചേന്നങ്കരി സെന്റ് ജോസഫ്സ് പള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ഇരവിനല്ലൂർ അസംപ്ഷൻ ഇടവകാംഗം ചീരംകുളം സൈറസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

❑




**Mar Thomas Tharayil**
Metropolitan of Changanacherry

# ENGAGEMENTS | OCTOBER 2025

| | | |
|---|---|---|
| 01 | 06:15 am | Holy *Qurbana* @ Marriage Preparation Seminar @ Zion Retreat Centre, Kunnamthanam |
| | 08:30 am | *Curia* |
| | 11:00 am | Visitors |
| | 04:00 pm | *Punar Qudhasha* @ Puthujeevan Trust: Santhwanam Care Home, Nalukody |
| | 06:00 pm | Inter-Department Meeting @ Archbishop House |
| 02 | 09:30 am | CSI Laity Fellowship Golden Jubilee @ CSI Convention Centre, Changanacherry |
| 03 | 09:30 pm | Metropolitan Installation, Mar Sebastian Vadakkel @ Ujjain |
| 04 | 06:30 am | Holy *Qurbana* @ Gethsamany Capuchin Ashram, Vazhappally |
| | 12:15 pm | Message: Fr. Gregory Onamkulam Requiem Holy *Qurbana* @ Athirampuzha |
| | 02:30 pm | Alappuzha Forane Council @ Pazhavangady |
| | 04:30 pm | Holy *Qurbana* @ Orsalem Chapel, Champakulam |
| 05 | 09:00 am | Pastoral Visit @ St. Thomas Church, Koliyoor |
| | 04:00 pm | DSFS Golden Jubilee @ DSFS Convent, Vizhinjam |
| 06 | 03:00 pm | Unbound Conference @ Zion Retreat Centre, Kunnamthanam |
| | 06:30 pm | Major Seminarians' Gathering @ Archbishop House |
| 07 | 10:00 am | Holy *Qurbana* @ St. Augustine's Church, Ramapuram |
| | 06:30 pm | Trust Meeting @ Media Village, Kurisummoodu |
| 08 | 06:20 am | Holy *Qurbana* @ St. Joseph's Priest's Home, Ithithanam |
| | 08:30 am | *Curia* |
| | 11:00 am | KCBC SC/ST/BC Commission Directors' meeting @ Archbishop House |
| | 02:30 pm | Visitors |
| | 06:30 pm | Pastoral Council Executive Meeting @ Archbishop House |

| | | |
|---|---|---|
| 09 | 05:30 am | Mar Mathew Kavukakatt Commemoration Holy *Qurbana* @ Metropolitan Church |
| | 06:30 pm | Class @ Mar Thoma Sleeha Seminary, Niranam |
| 10 | 10:00 am | National Mental Health Conference @ St. Thomas College of Nursing, Chethipuzha |
| | 08:30 am | *Curia* |
| | 02:30 pm | Visitors |
| 11 | 10:00 am | Pastoral Council General Body Meeting @ Kallarackal Hall, SB College |
| | 03:00 pm | Pastoral Visit & Cemetery Blessing @ Sacred Heart Church, Arunoottampadam |
| 12 | 08:30 pm | Global Pravasi Youth Online Meet |
| 13 | 10:15 am | Venerable Fr. John Ookken Requiem Holy *Qurbana* @ St. Thomas Church, Chowannur |
| 14 | 06:15 am | Holy *Qurbana* @ Marriage Preparation Seminar, Kunnamthanam |
| | 11:00 am | Ongoing Formation: Priests' 2001-2024 @ Archbishop House |
| 15 | 08:30 am | *Curia* |
| | 09:00 am | Holy *Qurbana* & Message @ Nithya Sahaya Matha Church, Karavaloor |
| | 10:30 am | Ongoing Formation: Priests' 1978-2000 @ Archbishop House |
| | 02:00 pm | Visitors |
| | 03:00 pm | *Qudasha*: St. Theresas Filial Church @ Pulincunnoo |
| | 05:30 pm | Message: Alappuzha Forane Youth Camp @ Kaithavana |
| 16 | 08:30 am | *Curia* |
| | 10:30 am | Forane Vicars Meeting @ Archbishop House |
| | 02:30 pm | Theologians' Meeting @ Archbishop House |
| | 05:00 pm | Sanjeevani Managing Board Meeting @ Archbishop House |
| 17 | 10:00 am | Moral Theologians' Conference @ Thiruvananthapuram |
| | 02:00 pm | Visitors |
| | 04:00 pm | Thirunnal Holy *Qurbana* @ St. Mary's Basilica, Champakkulam |
| 18 | 10:00 am | Message: Jacobite *Mahilasamajam* @ Oorakkad, Perumbavoor |
| 19 | 02:30 pm | Metropolitan Installation: Mar Sebastian Vaniyapurackal @ Kalyan |
| 20 | 10:00 am | CMC Education Convention @ Assumption College |
| 21 | 02:30 pm | Class @ St. Thomas Minor Seminary, Kurichy |
| | 05:00 pm | Holy *Qurbana* & Cemetery Blessing @ St. Xavier's Church, Puthukary |

| | | |
|---|---|---|
| 22 | 08:30 am | *Curia* |
| | 11:00 am | National Quality & Inspection Conference @ St. Thomas College of Nursing, Chethipuzha |
| | 02:30 pm | Visitors |
| | 04:30 pm | AKCC Global *Samithi Yathra* Reception @ Archbishop House |
| | 06:00 pm | Inter-Department Meeting @ Archbishop House |
| 23 | 11:30 am | Marriage @ St. Xavier's Forane Church, Thrickodithanam |
| | 03:15 pm | OSH Symposium: *Dilexit Nos* @ SH Mount, Kottayam |
| 25 | 09:30 am | Episcopal Consecration: Msgr. Joseph Thachaparambath CMI @ Adilabad |
| 25-30 | | Odisha Mission Visit |
| 30 | 05:00 pm | Finance Council @ Archbishop House |
| 31 | 08:30 am | *Curia* |
| | 02:30 pm | Visitors |

**FR. SECRETARY- 8078088468**

❑



# ENGAGEMENTS | OCTOBER 2025

**Mar Joseph Perumthottam**
Metropolitan Emeritus of Changanacherry

| | | |
|---|---|---|
| 01 | 12:15 pm | Betrothal @ St. Mary's Metropolitan Church, Changanacherry |
| 02 | 06:30 am | Holy *Qurbana* @ Puthujeevan Trust: Santhwanam Care Home, Nalukody |
| 03 | 06:30 am | Holy *Qurbana* @ Bet-Toma Dayara, Palamattom |
| 05 | 05:00 pm | Mar Mathew Kavukatt Death Anniversary Holy *Qurbana* @ St. Mary's Metropolitan Church, Changanacherry |
| 06-29 | | Mission Visit |
| 30 | 11:30 am | Sacraments of Initiation @ Christ the King Church, Ettumanoor |
| 31 | 06:30 am | Holy *Qurbana* @ Bet-Toma Dayara, Palamattom |

**FR. SECRETARY- 9447507393**

❑

# 76–ാം ചരമവാർഷികം

(27 ഒക്ടോബർ)



# ഭാഗ്യസ്മരണാർഹനായ
# മാർ ജയിംസ് കാളാശ്ശേരി

**VEDAPRACHARA MADHYASTAN VOL.98 No.04 2025 October**
Date of Publication: 30-09-2025
Registered No. RN-3149/1957
Postal Regn. No. KL/CHC/74/2024-26
Licence No. KL/CR/CHC/WPP-1/2024-26
Licensed to Post Without Prepayment

Rs 25/-

Posted at Changanacherry sorting on the last day of every month




ക്രോവേ, സ്രാപ്പേവൃന്ദത്താൽ
സംവാഹിതനാം മ്ശിഹായെ
ദൂതഗണത്തോടു ചേർന്നിവരും
നിൻസ്തുതിഗീതം പാടുന്നു

(ഓനീസാ ദ്സപ്രാ, സപ്രാ, സ്ലീവാ മൂന്നാം തിങ്കൾ)

Estd. 1928

Phone 2410101

Printed & Published by Fr Justin Kayamkulathussery and owned by Archdiocese of Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. 686 101, Kerala and Published at Ward No. IV, Building No. 631, Archbishop's House Changanacherry, Kottayam Dist. - 686 101, Kerala.
Editor: Fr Biju George Alencherry.

sjopresschry@gmail.com www.archdiocesechanganacherry.org